എല്ലാ മാസവും 15-ാം തീയതി പാലായിൽനിന്നു പ്രസിദ്ധീകരിക്കുന്നു
കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി
Vol 6 Issue 3
May 2018
Published on 15 May 2018
Price Rs. 20.00

74

# സത്യജ്വാല
മാസിക



## ചർച്ച് ആക്ട്:
## സെക്രട്ടേറിയറ്റ് മാർച്ച്
### സ്പെഷ്യൽ

‘അല്മായശബ്ദം’ ബ്ലോഗ് സന്ദർശിക്കാൻ : www.almayasabdam.blogspot.in
‘അല്മായശബ്ദം’ വെബ്സൈറ്റ് സന്ദർശിക്കാൻ : www.almayasabdam.com

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

മെയ് 2018 | പുസ്തകം 6 | ലക്കം 3



*രചനകൾ അയയ്ക്കാൻ :*
ജോർജ് മൂലേച്ചാലിൽ
*എഡിറ്റർ*
വള്ളിച്ചിറ പി.ഒ.,കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
ജോസാന്റണി
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
c/o പ്രിന്റ് ഹൗസ്, കൊട്ടാരമറ്റം
പാലാ പി.ഒ., കോട്ടയം- 686 575
ഫോൺ: 8848827644
e-mail: josantonym@gmail.com

*ബാങ്ക് :* S B I, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBIN0070120



*പത്രാധിപസമിതി:* 1) പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം 9495897122 , 2. ഡോ. ജോസഫ് വർഗീസ് (ഇപ്പൻ) - 9446561252, 3) സണ്ണി പുളിക്കൽ - 9447173536, 4) ഡോ. എം.കെ. മാത്യു - 9447112718, 5) ജോസഫ് കാലായിൽ (തൊടുപുഴ) - 9447663433, 6) ചാക്കോ കളരിക്കൽ-USA (001) 5866015195, 7) അലക്സ് കാവുംപുറം -USA (001) 5165039387.


## ഈ ലക്കത്തിൽ


**ചർച്ച് ആക്ടിനായി, ചലോ ചലോ, സെക്രട്ടറിയേറ്റ്!**
മുഖക്കുറി ........ 3

**സെക്രട്ടേറിയറ്റ് മാർച്ച് - മെയ് 22 ചൊവ്വാഴ്ച രാവിലെ 11 മണിക്ക്**
........ 5

**യാക്കോബായക്കാരോട് 'മക്കാബി' (MACCABI) -യുടെ ആഹ്വാനം!**
റവ. യൂഹാനോൻ റമ്പാൻ ........ 8

**"സഭകളുടെ പൊതുസമ്പത്ത് ഭരിക്കാൻ ചർച്ച് ആക്ട് ഉടൻ വേണം"**
- ജസ്റ്റീസ് കെ. ടി. തോമസ് ........ 11

**ചർച്ച് ആക്ട്: മാർത്തോമ്മാ നിയമത്തിന്റെ പുനർജനി!**
ഫാ. ജോൺ കൊച്ചുമുട്ടം........ 12

**മുഖ്യമന്ത്രിക്ക് നിവേദനം നൽകി!**
........ 12

**മേജർ ആർച്ച് ബിഷപ്പിന്റെ ഭൂമിക്കച്ചവടവും മെത്രാന്മാരുടെ എപ്പിക്ക്യൂരിയനിസവും**
എം.എൽ. ജോർജ് മാളിയേക്കൽ ........ 14

**'പുരോഹിതമാടമ്പിത്തരത്തിനുള്ള പരിഹാരം ചർച്ച് ആക്ട്"**
- റവ. യൂഹാനോൻ റമ്പാൻ
........ 15

**കൊരട്ടിമുത്തിയെ കൊള്ളയടിച്ച പുരോഹിതൻ!**
സി.വി. സെബാസ്റ്റ്യൻ........ 17

**അഡൾട്ട്സ് ഒൺളി!**
ഇപ്പൻ ........ 18

**മെത്രാന്മാരും മെഡിക്കൽ കോളേജുകളും**
റവ. ഡോ. ജെ. ഔസേപ്പറമ്പിൽ ........ 21

**ക്നാനായ വിഴുപ്പും ചുമന്ന്, അങ്ങാടിയത്ത് മെത്രാൻ വത്തിക്കാൻ തെരുവിൽ!**
ലൂക്കോസ് മാത്യു ........ 24

**വഴുതിപ്പോകുന്ന കാനോൻനിയമങ്ങളും അഭിഷിക്തരുടെ ഐഹിക അധികാരങ്ങളും**
ജോസഫ് പടന്നമാക്കൽ (USA)........ 25

**ഇരുണ്ട യുഗത്തിൽനിന്ന് ഇടുങ്ങിയ യുഗത്തിലൂടെ**
ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. ........ 27

**'ആൽ' തണൽ തേടുമ്പോൾ!**
കെ. ജോർജ് ജോസഫ് ........ 28

**ഷംഷാബാദിൽ സംഭവിച്ചത്**
ജോസഫ് മറ്റപ്പള്ളി ........ 29

**സഭയുടെ സാമ്രാജ്യ വിപുലീകരണമല്ല മിഷൻ...**
ഫാ. വർഗീസ് ആലേങ്ങാടൻ ........ 32

**കലൂർ റിന്യൂവൽ സെന്ററിൽ കൂടിയ വൈദികരുടെ യോഗത്തിലെ തീരുമാനങ്ങൾ**
പോൾ പി. ജോസഫ് ........ 33

**സങ്കല്പകഥകൾ 'കാതലായ വിശ്വാസസത്യ'ങ്ങളായി!**
പ്രൊഫ: പി.എൽ. ലൂക്കോസ് ........ 34

**'ചർച്ച് ആക്ട് ആർക്കുവേണ്ടി?' - ഒരു പ്രതികരണം**
ജോർജ് മൂലേച്ചാലിൽ ........ 37

**നിലവിളിക്കുന്ന നേർച്ചക്കാശുകൾ!**
ഫാ. നിബിൻ കുരിശിങ്കൽ ........ 39

**യേശുവിന്റെ പ്രവർത്തനപദ്ധതിയും പ്രമാണതത്ത്വങ്ങളും (തുടർച്ച)**
ഡോ. ജെ.സി. കുമരപ്പ ........ 40

**ടെസ്റ്റ് ട്യൂബ് അച്ചന്മാർ!**
റോഷൻ ഫ്രാൻസിസ് ........ 42

**KCRM-ന്റെ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു മുഹൂർത്തം!**
KCRM പ്രോഗ്രാം റിപ്പോർട്ട്-പാലാ ........ 44


**സത്യജ്വാല മാസിക- 2018 ഏപ്രിൽ മുതൽ**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 20 രൂപാ | 200 രൂപാ |
| ഒരു വർഷം | 200 രൂപാ | 2000 രൂപാ |
| 5 വർഷം | 800 രൂപാ | 8000 രൂപാ |


*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്]* *[രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

മെയ് 2018 പുസ്തകം 6 : ലക്കം 3

സത്യജ്വാല

"സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11–12).

# ചർച്ച് ആക്ടിനായി, ചലോ ചലോ, സെക്രട്ടറിയേറ്റ്!

**മുഖക്കുറി**



**ഭ**രണഘടനയെ ആധാരമാക്കിയാണ് ഇന്ത്യാമഹാരാജ്യവും അതിലെ സംസ്ഥാനങ്ങളും ഭരിക്കപ്പെടേണ്ടത്. അതിനുള്ള ഉത്തരവാദിത്വം സ്വയം ഏറ്റെടുത്ത് അപ്രകാരം സത്യപ്രതിജ്ഞചെയ്താണ് ഓരോ ജനപ്രതിനിധിയും മന്ത്രിയും ഭരണകൂടവും അധികാരമേൽക്കുന്നതും. അതായത്, രാഷ്ട്രത്തിനുള്ളിലോ സംസ്ഥാനങ്ങൾക്കുള്ളിലോ ഭരണഘടനാവിരുദ്ധമായ യാതൊന്നും നടക്കുന്നില്ല എന്നും, ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യവും അവകാശാധികാരങ്ങളും ഏതെങ്കിലും ജനവിഭാഗത്തിനോ, ഒരു വ്യക്തിക്കുപോലുമോ, നിഷേധിക്കപ്പെടുന്നില്ല എന്നും ഉറപ്പുവരുത്തുവാൻ നിതാന്തജാഗ്രത പുലർത്തേണ്ടവരാണ് ഓരോ ജനപ്രതിനിധിയും മന്ത്രിയും. അങ്ങനെ എന്തെങ്കിലും കണ്ടെത്തിയാൽ, അതു തടയുന്നതിനും പരിഹരിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളാൻ, ആവശ്യമെങ്കിൽ ഉചിതമായ നിയമനിർമ്മാണം നടത്തി പ്രശ്നം പരിഹരിക്കാൻ, ബാധ്യസ്ഥരാണവർ. രാഷ്ട്രത്തിന്റെ നിയമനിർമ്മാണസഭകളായ പാർലമെന്റിന്റെയും സംസ്ഥാന അസംബ്ലികളുടെയും പ്രാഥമിക കടമയാണത്. നിയമനിർമ്മാണം ആവശ്യമായ കാര്യങ്ങളിൽ അതു നടക്കുന്നില്ലെങ്കിൽ കോടതികൾ നിസ്സഹായമാകുന്ന സാഹചര്യമുണ്ടാകുന്നു.

എന്നാൽ ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷം നിരീക്ഷിച്ചാൽ, ജനങ്ങളുടെ ഭരണഘടനാപരമായ അവകാശസംരക്ഷണത്തിലൊന്നുമല്ല രാഷ്ട്രീയകക്ഷികളുടെയും, തന്മൂലം ഭരണകൂടങ്ങളുടെയും ശ്രദ്ധ എന്നുകാണാം. എങ്ങനെയും വോട്ടുനേടി അധികാരത്തിലെത്തുന്നതിലും അധികാരം നിലനിർത്താനുള്ള തന്ത്രങ്ങളും അടവുനയങ്ങളും മെനയുന്നതിലുമാണ് കൂടുതൽ ശ്രദ്ധയും നൽകപ്പെടുന്നത്. ജന്മി പറയുന്നിടത്ത് വോട്ടുചെയ്യുന്നവരാണ് കുടിയാന്മാരെങ്കിൽ, ആ ജന്മിയെ പ്രീണിപ്പിച്ച് ജന്മിത്വത്തെ ബലപ്പെടുത്തുന്ന അടവുനയമായിരിക്കും ജന്മിത്വത്തിനെതിരെ പ്രത്യയശാസ്ത്രനിലപാടു പ്രഖ്യാപിച്ചിട്ടുള്ള പാർട്ടികൾപോലും ഇന്നു സ്വീകരിക്കുക! സ്വന്തം സാമൂഹികദർശനവും പ്രത്യയശാസ്ത്രവും ആദർശങ്ങളും മൂല്യങ്ങളുമെല്ലാം ഈ വോട്ടുബാങ്കുജന്മിത്വത്തിന്റെ കാല്ക്കൽ സമർപ്പിച്ച് അധികാരത്തിൽ വരാനും നിലനില്ക്കാനും ഓരോ പാർട്ടിയും മത്സരിക്കുമ്പോൾ ഭരണഘടനയെവിടെ, ജനങ്ങളുടെ അവകാശങ്ങളും സുരക്ഷയുമെവിടെ?

**ഈ സമരത്തിന് അങ്കംകുറിക്കുന്ന മെയ് 22, കേരള ക്രൈസ്തവരുടെ ചരിത്രത്തിൽ സുവർണലിപികളിൽ എഴുതപ്പെടുന്ന ഒരു ഉജ്ജ്വലദിനമായി ഭവിക്കട്ടെ! അന്നു രാവിലെ തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ആയിരങ്ങളുടെ കണ്ഠങ്ങളിൽനിന്ന് 'ചർച്ച് ആക്ട് നടപ്പാക്കുക' എന്ന ആർപ്പുവിളി ദിഗന്തങ്ങൾ പൊട്ടുമാറ് ഉയരട്ടെ!**

ഇത്രയും രാഷ്ട്രീയവിചാരം ഇവിടെ നടത്തേണ്ടിവന്നത്, ചർച്ച് ആക്ട് ഒരു രാഷ്ട്രീയവിഷയവും ഭരണഘടനാവിഷയവും ആയതിനാലാണ്. ചെയ്ത സത്യപ്രതിജ്ഞയുടെ സ്പിരിറ്റ് നമ്മുടെ ജനപ്രതിനിധികൾക്കും മന്ത്രിമാർക്കുമുണ്ടായിരുന്നെങ്കിൽ, ഇവിടത്തെ ക്രൈസ്തവസഭകളുടെ പൊതുസ്വത്തു ഭരിക്കപ്പെടുന്നത് ഭരണഘടനയുടെ 26(d) അനുച്ഛേദം അനുശാസിക്കുന്നപ്രകാരം നിയമപരമായിട്ടല്ലെന്ന വസ്തുത എത്രയോ മുമ്പേ അവർ സ്വയം കണ്ടെത്തുമായിരുന്നു! ഇവിടുത്തെ കത്തോലിക്കാസമൂഹം ആർജിച്ച പൊതുസ്വത്തുക്കൾ, മറ്റൊരു പരമാധികാരരാഷ്ട്രമായ വത്തിക്കാനിൽ ക്രൈസ്തവസമൂഹത്തിന്റെ യാതൊരു പ്രാതിനിധ്യവുമില്ലാതെ രൂപംകൊടുത്ത കാനോൻനിയമമെന്ന ഒരു പുരോഹിതനിയമമനുസരിച്ചാണ് ഭരിക്കപ്പെടുന്നത് എന്നതിലും, അതിൻപ്രകാരം ആ സ്വത്തുക്കളുടെയെല്ലാം പരമോന്നത ഭരണാധികാരി വത്തിക്കാൻ രാഷ്ട്രത്തലവൻകൂടിയായ മാർപാപ്പയാണ് എന്നതിലും, അന്തർഭവിച്ചിരിക്കുന്ന അതീവഗുരുതരമായ ഭരണഘടനാപ്രതിസന്ധിയും അവർ എത്രയോ മുമ്പേ കണ്ടെത്തി പരിഹരിച്ചേനെ!

സ്വയം കാണുന്നില്ലെന്നതോ പോകട്ടെ, ഈ സാഹചര്യം ഉത്തരവാദിത്വത്തോടെ ചൂണ്ടിക്കാണിക്കപ്പെടുമ്പോഴെങ്കിലും അവർ കാര്യങ്ങൾ ശ്രദ്ധിച്ച് വേണ്ടതു ചെയ്യേണ്ടതില്ലേ? ഇന്ത്യയിലെ ഒരു ന്യൂനപക്ഷമതവിഭാഗത്തെയപ്പാടെ മറ്റൊരു രാഷ്ട്രത്തിന്റെ സമാന്തരഭരണത്തിൻകീഴിലാക്കുന്നതും അവരുടെ പൊതുസ്വത്തുക്കളുടെ സുരക്ഷ അപകടത്തിലാക്കുന്നതുമായ സാഹചര്യം ഉത്തരവാദിത്വത്തോടെ ചൂണ്ടിക്കാണിച്ചിട്ടും ഭരണകൂടവും രാഷ്ട്രീയപ്പാർട്ടികളും ▸▸

അതിനെതിരെ കണ്ണടയ്ക്കുകയാണെങ്കിൽ അതിനെ നാം എങ്ങനെ കാണണം? മറ്റെല്ലാ മതവിഭാഗങ്ങളുടെയും പൊതുസ്വത്തുഭരണത്തിനാവശ്യമായ നിയമനിർമ്മാണം നടത്തിയ ഈ രാജ്യത്ത്. ക്രൈസ്തവരുടെ മതസ്വത്തുഭരണത്തിനുമാത്രം നിയമനിർമ്മാണം നടത്താൻ തയ്യാറാകാത്ത മതവിവേചനത്തെ നാം എങ്ങനെയാണ് വിലയിരുത്തേണ്ടത്?

ഒരു കാര്യം നന്ദിയോടെ സ്മരിക്കണം - 2007 നവംബറിൽ ഈ വിഷയം പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന മുൻ ഇടതുപക്ഷസർക്കാർ നിയമപരിഷ്കരണകമ്മീഷനെ ചുമതലപ്പെടുത്തി എന്നതാണത്. ഗവണ്മെണ്ട് ശരിയായ ദിശയിലെടുത്ത വലിയൊരു നീക്കമായിരുന്നു അത്. ഒരു വർഷത്തിനുള്ളിൽത്തന്നെ, ബൈബിൾ തത്ത്വങ്ങൾക്കും കേരളസഭയുടെ മഹനീയപാരമ്പര്യത്തിനും അനുസൃതമായുള്ള ഒരു ചർച്ച് ട്രസ്റ്റ് ബില്ലിന് നിയമപരിഷ്കരണ കമ്മീഷൻ രൂപംകൊടുക്കുകയും 2009 ജനുവരി 26-ന്, റിപ്പബ്ലിക് ദിനത്തിൽത്തന്നെ, കമ്മീഷനധ്യക്ഷൻ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ അതു നിയമമാക്കാൻ ശിപാർശചെയ്ത് ഗവണ്മെന്റിനു സമർപ്പിക്കുകയുംചെയ്തു.

എന്നാൽ കാബിനറ്റ് സബ്കമ്മിറ്റിയുടെ പ്രാഥമികപഠനം നടന്നതിനപ്പുറം ഇന്നുവരെ ഒന്നും സംഭവിച്ചില്ല എന്നതാണ് വാസ്തവം. മെത്രാന്മാർ ഒന്നു മുരടനക്കിയപ്പോഴേ ഒരു വിമോചനസമരം ഭയന്ന അന്നത്തെ എൽ.ഡി.എഫ്. സർക്കാർ ആ ഫയലടച്ച് ചുവപ്പുനാടകൊണ്ട് കെട്ടിവച്ചു. അതൊന്നഴിക്കുവാനുള്ള ധൈര്യം യു.ഡി.എഫ്. സർക്കാരിനുമുണ്ടായില്ല. ചർച്ച് ആക്ട് പാസാക്കണമെന്നാവശ്യപ്പെട്ട് നിവേദനസമർപ്പണത്തിനു ചെന്ന 'കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ' നേതാക്കളോട് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞത്, "ഈ കസേരയിലിരിക്കാൻ നിങ്ങളെന്നെ സമ്മതിക്കുകയില്ല, അല്ലേ?" എന്നായിരുന്നു! ഇതിൽനിന്ന് യു.ഡി. എഫ്. കക്ഷികളുടെ മെത്രാൻഭയവും കസേരമോഹവും എത്രയെന്ന് ഊഹിക്കാമല്ലോ.

ഗവണ്മെന്റുതന്നെ നിയോഗിച്ച കമ്മീഷന്റെ ശിപാർശകൾ അസംബ്ലിയിൽ ചർച്ചചെയ്യാൻപോലും ധൈര്യമില്ലാത്ത, ഇവിടുത്തെ മെത്രാന്മാർക്കുണ്ടെന്ന് കരുതിവശായിരിക്കുന്ന വോട്ടുബാങ്കുജന്മിത്വത്തെ പേടിച്ചിരിക്കുന്ന, ഇടത്-വലത് രാഷ്ട്രീയമുന്നണികളുടെ അവസ്ഥയെ അതിദയനീയമെന്നേ വിലയിരുത്താനാവൂ. മെത്രാന്മാരുമായി പാലങ്ങൾ പണിത് എങ്ങനെയും അവരെ വശത്താക്കി ഈ വോട്ടുബാങ്കുജന്മിത്തം തങ്ങൾക്കനുകൂലമാക്കാൻ തന്ത്രങ്ങൾ മെനയുന്ന, അങ്ങനെ കേരളത്തിൽ കാലുകുത്താൻ ഒരു ചുവടു ഭൂമിക്കായി പരിശ്രമിക്കുന്ന, ഹിന്ദുത്വ ബി.ജെ.പി-യുടെ കാര്യവും തഥൈവ! ഹിന്ദുത്വ മുദ്രാവാക്യം മുഴക്കുന്ന അവർപോലും, ഇന്ത്യയുടെ പരമാധികാരത്തെ പരിഹസിച്ച് ഇവിടുത്തെ സ്വത്തുക്കളുടെ ഭരണാധികാരിയായി മറ്റൊരു രാഷ്ട്രത്തലവൻ വാഴുന്നതിനെതിരെ കണ്ണടയ്ക്കുന്നു എന്നതിൽപരമൊരു വിരോധാഭാസം ഭാവനചെയ്യാൻ ആർക്കെങ്കിലുമാകുമോ? സാമൂഹികലക്ഷ്യബോധത്തിന്റെയും ആദർശധീരതയുടെയും അഭാവവും ക്രൈസ്തവസഭാമേലധ്യക്ഷന്മാരുടെ വോട്ടുബാങ്കുജന്മിത്വത്തെക്കുറിച്ച് കേരളരാഷ്ട്രീയമേഖലയിൽ നിലനിന്നുപോരുന്ന കടുത്ത അന്ധവിശ്വാസവുമാണ് ഈ വൈരുധ്യങ്ങൾക്കെല്ലാംകാരണമെന്നോർക്കുക.

അങ്ങനെ, സാമൂഹികനവോത്ഥാനവും ജനക്ഷേമവും ഭാരതീയ സാംസ്കാരികത്തനിമയുമെല്ലാം ലക്ഷ്യംവച്ച് ആദർശനിഷ്ഠയിൽ ധീരമായി ജന്മംകൊണ്ട ഇന്ത്യയിലെ ഓരോ രാഷ്ട്രീയപ്രസ്ഥാനവും ആ പൈതൃകമൂല്യങ്ങളെയും ലക്ഷ്യങ്ങളെയുമെല്ലാം വലിച്ചെറിഞ്ഞ്, തികഞ്ഞ അവസരവാദ ആൾക്കൂട്ടപ്രസ്ഥാനങ്ങളായി മാറിയിരിക്കുന്നു! പ്രായോഗികതയുടെ പേരിൽ സങ്കുചിത ജാതി-മത-സാമുദായിക പ്രസ്ഥാനങ്ങളുടെയും കോർപ്പറേറ്റ് ഭീമന്മാരുടെയും നിക്ഷിപ്തതാത്പര്യങ്ങളെയെല്ലാം തലയിലും തോളിലും കയറ്റിവച്ചും ബാലൻസുചെയ്തും നടത്തുന്ന ഒരു സർക്കസായിത്തീർന്നിരിക്കുന്നു, ഇന്നത്തെ രാഷ്ട്രീയം. അതിനിടെ, ആദിവാസികളുടെയും കർഷകരുടെയും നേഴ്സുമാരുടെയുമൊക്കെ അതിജീവനപ്രശ്നങ്ങൾക്കും, മറ്റു ജനകീയ-മനുഷ്യാവകാശ-പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാതു കൊടുക്കാൻ ഇവിടത്തെ രാഷ്ട്രീയ പാർട്ടികൾക്കും ഗവണ്മെന്റിനും എങ്ങനെ കഴിയും? നിയമമില്ലാത്തതിന്റെപേരിൽ ഒരു വിദേശനിയമത്തിൻകീഴിൽ ഇവിടത്തെ ക്രൈസ്തവസമൂഹം പുരോഹിതവാഴ്ചയ്ക്കു വിധേയപ്പെട്ട് അടിമത്തം അനുഭവിക്കേണ്ടിവരുന്നതിന്റെയും അവരുടെ പൊതുസ്വത്ത് അന്യാധീനപ്പെടുന്നതിന്റെയും പ്രശ്നങ്ങളെ അവയ്ക്കെങ്ങനെ ശ്രദ്ധിക്കാൻ കഴിയും?

ഇന്നു കാണുന്ന സമരപരമ്പരകളുടെയെല്ലാം കാരണം, രാഷ്ട്രീയമായ ഈ ബധിരതയും അന്ധതയും മൂകതയുമാണ്. ശരിയും ന്യായവുമായ കാര്യങ്ങളിലേക്കുപോലും ഗവണ്മെന്റിന്റെ ശ്രദ്ധ തിരിയണമെങ്കിൽ, സമരങ്ങളിലൂടെ ഒച്ചവയ്ക്കേണ്ടിവന്നിരിക്കുന്നു, ജനങ്ങൾക്ക്. അലറിക്കരഞ്ഞാൽമാത്രമേ, പാലൂട്ടാൻ ബാദ്ധ്യസ്ഥയായ അമ്മ കുഞ്ഞിനു പാലു കൊടുക്കൂ എന്ന ദുരവസ്ഥ! അതുകൊണ്ട്, ജനശക്തി പ്രദർശിപ്പിച്ച് വോട്ടുബാങ്കിൽ വിള്ളലുണ്ടാകുമോ എന്ന ആശങ്ക കക്ഷിരാഷ്ട്രീയക്കാരിൽ സൃഷ്ടിച്ചാൽമാത്രമേ ഏതൊരു സമരവും ലക്ഷ്യം കാണൂ എന്നതാണ് ദൗർഭാഗ്യവശാൽ ഇന്നത്തെ സാഹചര്യം.

അതുകൊണ്ടാണ് ചർച്ച് ആക്ടിനുവേണ്ടിയും സമരമാർഗം സ്വീകരിക്കേണ്ടിവന്നിരിക്കുന്നത്. സംശുദ്ധമോ പ്രബുദ്ധമോ അല്ലാത്ത ഇന്നത്തെ രാഷ്ട്രീയസാഹചര്യത്തിൽ പ്രശ്നപരിഹാരത്തിന് വിശ്വാസിസമൂഹത്തിനു മുമ്പിൽ മറ്റു മാർഗമൊന്നുമില്ല. ഈ സമരത്തിന് ഏറ്റവും അനുയോജ്യമുഹൂർത്തം എത്തിച്ചേർന്നിരിക്കുന്നു എന്നതാണ് അനുകൂലമായി പറയാവുന്ന ഒരു കാര്യം. കത്തോലിക്കാസഭയെക്കുറിച്ചു പറഞ്ഞാൽ ഇതിലും പറ്റിയ ഒരു സമയം ഇനി വരാനില്ല. സഭാധ്യക്ഷന്മാരുടെ സാമ്പത്തികത്തട്ടിപ്പുകൾ പുറത്തായതോടെ ഇവിടത്തെ കത്തോലിക്കാസമൂഹത്തിന്റെ ബോധമണ്ഡലത്തിൽ ചർച്ച് ആക്ടിന് അനുകൂലമായ ഒരു ചിന്താതരംഗം വീശിയടിച്ചുതുടങ്ങി. വിശ്വാസിസമൂഹത്തിന് പൗരോഹിത്യത്തോട് ഇത്രയേറെ അവജ്ഞയും അകല്ച്ചയുമുണ്ടായ മറ്റൊരു കാലവും മുമ്പുണ്ടായിട്ടില്ല. പല

*ശേഷം പേജ് 7-ൽ വായിക്കുക*

# ഹലോ ഹലോ, ചർച്ച് ആക്റ്റ്!
# ചലോ ചലോ, സെക്രട്ടേറിയറ്റ്!

## ചർച്ച് ആക്റ്റ് നടപ്പാക്കുക
## സെക്രട്ടേറിയറ്റ് മാർച്ച് – മെയ് 22 ചൊവ്വാഴ്ച രാവിലെ 11 മണിക്ക്
## പാളയം രക്തസാക്ഷിമണ്ഡപത്തിൽനിന്ന് ആരംഭിക്കുന്നു

സുഹൃത്തുക്കളേ,

ക്രിസ്ത്യൻ സമുദായത്തിന്റെ ഭൗതികസ്വത്തുക്കളുടെ ഭരണം സുതാര്യവും, സ്വത്തിന്റെ യഥാർഥ ഉടമകളായ വിശ്വാസികൾ ജനാധിപത്യപരമായി തിരഞ്ഞെടുക്കുന്ന സമിതികളിൽ നിക്ഷിപ്തവുമാക്കുന്ന നിയമനിർദ്ദേശമാണ് ചർച്ച് ആക്റ്റ്. സഭാസമ്പത്ത് പൊതുസ്വത്താണ്. ക്രിസ്ത്യൻ വിശ്വാസികൾ മാത്രമല്ല, ഇതര മതവിശ്വാസികളും ഈ സ്വത്തുക്കളിലേക്ക് വിഹിതം നൽകുന്നുണ്ട് – നേർച്ചകാഴ്ചകളും സംഭാവനകളുമായി. ഭരണഘടനാനുസൃതമായ ഒരു പള്ളിസ്വത്തുനിയമത്തിന്റെ അഭാവത്തിൽ, വിശ്വാസികളെ നോക്കുകുത്തികളാക്കി മതനേതൃത്വം തങ്ങളുടെ വ്യക്തിതാത്പര്യങ്ങൾക്കായി സമ്പത്ത് ധൂർത്തടിക്കുകയും ദുരുപയോഗം ചെയ്യുകയുമാണ്, നിലവിൽ. ഇപ്രകാരം സംഭവിച്ചവയാണ്, എറണാകുളം–അങ്കമാലി, ചങ്ങനാശേരി അതിരൂപതകളുമായും കൊല്ലം, കോഴിക്കോട്, മാനന്തവാടി രൂപതകളുമായും ബന്ധപ്പെട്ട് ഈയിടെ ഉണ്ടായ ഭൂമികുംഭകോണങ്ങൾ. വത്തിക്കാൻ എന്ന വിദേശമതരാജ്യത്തിന്റെ നിയമമായ കാനോൻനിയമം സ്വതന്ത്രപരമാധികാര രാഷ്ട്രമായ ഇന്ത്യയിൽ മതപരമായ കർമ്മങ്ങൾക്കല്ലാതെ സ്വത്തിന്റെ ഭരണകാര്യത്തിൽ സാധുവല്ല എന്നു വരണമെങ്കിൽ, പള്ളിസ്വത്തുഭരണത്തിന് ഭരണഘടനാപരമായ ഒരു നിയമം ഇവിടെ ഉണ്ടാകേണ്ടതുണ്ട്. യാക്കോബായസഭ ഇന്നു നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയുടെ പിന്നിലും ഭരണഘടനാപരമായ ഒരു നിയമത്തിന്റെ അഭാവത്തിലുണ്ടായ കോടതിവിധിയാണെന്നു കാണാം.




അതിനാൽ ക്രിസ്ത്യൻമതസമൂഹത്തിന്റെ സ്വത്തുഭരണത്തിന് ഒരു രാഷ്ട്രനിയമം ഉണ്ടാവേണ്ടത് അനുപേക്ഷണീയമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 26 പ്രകാരം, അത് ഭരണകൂടത്തിന്റെ ഭരണഘടനാബാധ്യതയുമാണ്. മറ്റു മതസമൂഹങ്ങൾക്ക് ഇത്തരം സ്വത്തുഭരണനിയമമുണ്ടായിരിക്കെ,

ക്രിസ്ത്യൻ സമൂഹത്തിനുമാത്രം അത്തരമൊരു നിയമമില്ലാത്തത് മതപരമായ വിവേചനമാണ്. ഈ വിവേചനത്തിന് അറുതി വരുത്തുന്നതിനായി, വിശ്വാസികളുടെ നിവേദനങ്ങൾ പരിഗണിച്ച്, ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായ കേരള നിയമപരിഷ്ക്കരണ കമ്മീഷൻ 2009-ൽ സർക്കാരിനു സമർപ്പിച്ചിട്ടുള്ളതാണ് ചർച്ച് ആക്ട് എന്നറിയപ്പെടുന്ന 'കേരളാ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ' എന്ന നിയമനിർദ്ദേശം.

എന്നാൽ, നിർദ്ദിഷ്ട ബിൽ നിയമമായാൽ തങ്ങളുടെ സ്വേച്ഛാധിപത്യത്തിന് ഇളക്കംതട്ടുകയും വിശ്വാസികൾ സ്വതന്ത്രരാവുകയുംചെയ്യുമെന്നു മനസ്സിലാക്കിയ മെത്രാന്മാർ ഇതിനെതിരെ ചന്ദ്രഹാസമിളക്കി രംഗത്തു വന്നു. ബില്ലിനെതിരെ ഇടവകകൾതോറും കുപ്രചരണങ്ങൾ അഴിച്ചുവിട്ടു. മെത്രാന്മാരുടെ നിർദ്ദേശാനുസരണംമാത്രം വോട്ടുചെയ്യുന്ന ചിന്താശേഷിയില്ലാത്ത മതവിഭാഗമാണ് ക്രിസ്ത്യാനികളെന്നും ചർച്ച് ആക്ട് നടപ്പാക്കിയാൽ മെത്രാന്മാരുടെ പ്രേരണയിൽ ക്രൈസ്തവരുടെ വോട്ടും തങ്ങളുടെ ഭരണവും നഷ്ടപ്പെടുമെന്നും മുൻ സർക്കാരുകൾ ഭയന്നു. അതിനാൽ പൊതുവെ സ്വീകാര്യമായ ഈ ബിൽ നിയമമാക്കാൻ മാറിമാറി വന്ന ഗവണ്മെന്റുകൾ മടിക്കുകയായിരുന്നു.

ആവശ്യമായ നിയമനിർമ്മാണം നടത്തി രാജ്യഭരണവും ക്രമസമാധാനവും നീതിന്യായസംവിധാനവും സുഗമമാക്കേണ്ട ഭരണകർത്താക്കളുടെ ഈ നിലപാടിനെതിരെ, വിശ്വാസികളും അല്ലാത്തവരുമായ അഭ്യസ്തവിദ്യരും പുരോഗമനേച്ഛുക്കളുമായ കേരളജനതയെ പരിഹസിക്കുന്ന അവരുടെ അലംഭാവത്തിനെതിരെ, ഒരു മഹാപ്രതിഷേധസമരത്തിന് കൊടി ഉയർത്തുകയാണ് ജനാധിപത്യവിശ്വാസികളായ കേരളത്തിലെ ക്രൈസ്തവസമൂഹം.

**സഭാസ്വത്തുഭരണം ജനാധിപത്യപരവും ബൈബിൾ അധിഷ്ഠിതവുമായി യഥാർഥ ഉടമകളായ വിശ്വാസികളുടെ കൈകളിലെത്തിക്കുന്ന, ഇപ്പോൾ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിൽ ഇരിക്കുന്ന ചർച്ച് ആക്റ്റ് എന്ന ബിൽ നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2018 മെയ് 22-ന് രാവിലെ 11 മണിക്ക്, 'അഖിലകേരള ചർച്ച് ആക്ട് ആക്ഷൻ കൗൺസി'(AKCAAC)ലിന്റെയും 'മലങ്കര ആക്ഷൻ കൗൺസിൽ ഫോർ ചർച്ച് ആക്ട് ബിൽ ഇംപ്ലിമെന്റേഷ'(MACCABI)ന്റെയും നേതൃത്വത്തിൽ ആയിരക്കണക്കിനു വിശ്വാസികളെ പങ്കെടുപ്പിച്ചുകൊണ്ട് പാളയം രക്തസാക്ഷിമണ്ഡപത്തിൽനിന്ന് സെക്രട്ടേറിയറ്റിലേക്കു പ്രകടനമായി എത്തി ധർണ നടത്തുന്നു.**

കൊടികളും ബാനറുകളുമേന്തി വാദ്യമേളങ്ങളുടെയും നിശ്ചലദൃശ്യങ്ങളുടെയും അകമ്പടിയോടെ, വിശ്വാസികളുടെ സ്വാതന്ത്ര്യപ്രഖ്യാപനമായി നടത്തപ്പെടുന്ന ഈ മാർച്ചിലും ധർണയിലും പങ്കെടുത്ത് അതൊരു വൻവിജയമാക്കണമെന്ന് എല്ലാ ജനാധിപത്യവിശ്വാസികളോടും അഭ്യർഥിക്കുന്നു.

അഭിവാദ്യങ്ങളോടെ,


**കെ. ജോർജ് ജോസഫ്** (9037078700)
ചെയർമാൻ,AKCAAC / gvkatte@gmail.com

**വി.കെ. ജോയി** (9495839725)
സെക്രട്ടറി, AKCAAC / joyvarocky@gmail.com

**എൽ. തങ്കച്ചൻ** (9447316680)
ട്രഷറർ, AKCAAC / thankachanlena026@gmail.com

**റവ. യൂഹാനോൻ റമ്പാൻ** (9645939736)
ഡയറക്ടർ, MACCABI / tmathew1981@gmail.com


## അറിയിപ്പുകൾ:

1. രസീതു ബുക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. അവ ഉപയോഗിച്ചുമാത്രമേ ഈ പരിപാടിയിലേക്ക് ഫണ്ടുശേഖരണം നടത്താവൂ. ചെലവിന്റെ രേഖകൾ സൂക്ഷിക്കുകയും കണക്കുകൾ പരിപാടി കഴിഞ്ഞ് അടുത്ത ദിവസംതന്നെ അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്.
2. പ്രകടനത്തിൽ പങ്കെടുക്കുന്ന സംഘടനകളുടെ കൊടികൾ അവരവർ കൊണ്ടുവരേണ്ടതാണ്.
3. പൊതുവായ ഒരു ബാനർമാത്രമേ മാർച്ചിലും ധർണയിലും ഉപയോഗിക്കുകയുള്ളു.
4. പ്ലക്കാർഡുകൾ കൊണ്ടുവരാവുന്നതാണ്. പൊതുവായ കുറെ പ്ലക്കാർഡുകൾ തയ്യാറാക്കി നൽകുന്നതാണ്.
5. അച്ചടിച്ചു നൽകുന്ന മുദ്രാവാക്യങ്ങൾമാത്രമേ പ്രകടനത്തിലും ധർണയിലും വിളിക്കാവൂ.
6. സമയത്തുതന്നെ മാർച്ചിനു എത്തിച്ചേരാൻ ശ്രദ്ധിക്കേണ്ടതാണ്. യാത്രയ്ക്ക് വാഹനങ്ങൾ വേണമെങ്കിൽ അവരവർ മുൻകൂട്ടി ഏർപ്പാടു ചെയ്യേണ്ടതാണ്.
7. പോലീസ് അനുമതിക്കായി വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസ് നിർദേശാനുസരണം പരിപാടിയിൽ മാറ്റം വരാവുന്നതും അവ യഥാസമയം 'Church Act Council' എന്ന WhatsApp വഴി അറിയിക്കുന്നതുമാണ്.
8. മെയ് 18-നു വെള്ളിയാഴ്ച രാവിലെ തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ പത്രസമ്മേളനം നടത്തുവാൻ ഉദ്ദേശിക്കുന്നു.

*മുഖക്കുറി തുടർച്ച....*

പള്ളികളിലും നടന്നുവരുന്ന സമരങ്ങളിലൂടെയും നിരവധിയായ സ്വതന്ത്ര സഭാപ്രസ്ഥാനങ്ങൾ നടത്തിവരുന്ന ബോധവത്കരണപ്രവർത്തനങ്ങളിലൂടെയും സോഷ്യൽ മീഡിയായിൽ വിശ്വാസികളുടെ വർധിച്ചുവരുന്ന സാന്നിധ്യത്തിലൂടെയുമെല്ലാം പുരോഹിതമുക്തമായ ഒരു നേതൃബോധവും ശേഷിയും ഈ സമൂഹത്തിൽ വർധിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ, ചർച്ച് ആക്ട് വേണമോ വേണ്ടയോ എന്നതു സംബന്ധിച്ച് കത്തോലിക്കാവിശ്വാസികളുടെയിടയിൽ ഒരു രഹസ്യജനഹിതപരിശോധന നടത്തിയാൽ ഭൂരിപക്ഷം പേരും ഇന്ന് അതിനനുകൂലമായി വോട്ടു രേഖപ്പെടുത്തും എന്നുറപ്പാണ്. ചുരുക്കത്തിൽ, സഭാജീവിതം സുഗമമായി മുന്നോട്ടു പോകണമെങ്കിൽ ചർച്ച് ആക്ട് നടപ്പാക്കിയേ മതിയാവൂ എന്ന ബോധ്യം ഇന്നു പരക്കെയുണ്ട്.

കേരളത്തിൽ പതിറ്റാണ്ടുകളായി തുടരുന്ന യാക്കോബായ-ഓർത്തഡോക്സ് സഭാത്തർക്കം തീരണമെങ്കിലും ചർച്ച് ആക്ട് വന്നേ മതിയാവൂ. പള്ളിസ്വത്തുഭരണത്തിന് രാജ്യത്തിന്റേതായ ഒരു നിയമമില്ലാതെ പോയതിനാലാണ്, 1934-ൽ അന്നത്തെ മെത്രാൻ കക്ഷിയുടെ ബൈലോ ആധാരമാക്കിയുള്ള ഭരണഘടനയ്ക്ക് സാധുതകല്പിച്ച്, ഓർത്തഡോക്സ് സഭയ്ക്കു മേൽക്കൈ കിട്ടുന്ന തരത്തിൽ സുപ്രീംകോടതിവിധി ഉണ്ടായിരിക്കുന്നത്. തന്മൂലം, സ്വന്തം സഭയുടെ അസ്തിത്വം നിലനിർത്താനുള്ള പെടാപ്പാടിലാണിന്ന് യാക്കോബായവിഭാഗം. ബഹുഭൂരിപക്ഷമുള്ള ഇടവകപ്പള്ളികളിൽനിന്നുപോലും പുറത്തു പോകേണ്ട സാഹചര്യം അവർക്കുണ്ടായിരിക്കുന്നു! ചർച്ച് ആക്ട് നടപ്പായാൽ, ഓരോ ഇടവകയും ട്രസ്റ്റായി രജിസ്റ്റർ ചെയ്യപ്പെടുകയും പള്ളിയോഗാംഗങ്ങൾക്കുതന്നെ തങ്ങളുടെ പള്ളി ഏതു വിഭാഗത്തിന്റേതെന്നു തീരുമാനിക്കാൻ അധികാരം ലഭിക്കുകയും ചെയ്യുന്നു. അതോടെ നിലവിലുള്ള പ്രശ്നം തീരുന്നു. അവർക്ക് നിലവിലുള്ള കോടതിവിധിയെ മറികടക്കാൻ സാധിക്കുന്നു.

മറ്റൊന്ന്, മുമ്പുണ്ടായിരുന്ന 'മലങ്കര യാക്കോബൈറ്റ് സുറിയാനി ഓർത്തഡോക്സ് സഭ' പിളർന്നതുപോലെ, സീറോ-മലബാർ സഭ പിളരാതിരിക്കണമെങ്കിലും ചർച്ച് ആക്ട് നിയമമാകേണ്ടതുണ്ട് എന്നതാണ്. കാരണം, അന്നത്തെ ആ പിളർപ്പിനു കാരണമായ അതേ സംഗതിയാണ് ഇന്ന് സീറോ-മലബാർ സഭയിൽ സംഭവിച്ചിരിക്കുന്നത്. അന്ന് മോർ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് വട്ടശ്ശേരിൽ സ്വന്തം നിലയിൽ രഹസ്യമായി നടത്തിയ ഒരു ഭൂമിക്കച്ചവടമാണ് 1910-ൽ വിവാദമായതും മെത്രാൻ കക്ഷി (ഓർത്തഡോക്സ്) യും ബാവാക്കക്ഷി (യാക്കോബായ) യുമായി ആ സഭ പിളരാൻ കാരണമായതുമെങ്കിൽ, സഭാതലവനായ മാർ ആലഞ്ചേരി രഹസ്യമായി നടത്തിയ കൂടുതൽ വിപുലമായ ഒരു ഭൂമികുംഭകോണമാണ് സീറോ-മലബാർ സഭയെ ഇന്ന് ഉലച്ചുകൊണ്ടിരിക്കുന്നത്.

ഇവിടെയും രണ്ടു പക്ഷങ്ങൾ രൂപംകൊണ്ടിട്ടുണ്ട് - ഭൂമികുംഭകോണത്തിനും അതിലെ അധാർമ്മികതയ്ക്കും നേരെ കണ്ണടയ്ക്കുന്ന ആലഞ്ചേരിപക്ഷവും എതിർപക്ഷവും. അതിപ്പോൾ മുമ്പിലത്തെ കൽദായവാദ ചങ്ങനാശ്ശേരിപക്ഷവും കൽദായവിരുദ്ധ എറണാകുളംപക്ഷവും എന്ന നിലയിൽ കൂടുതൽ ശക്തമായി ചേരിതിരിഞ്ഞിരിക്കുന്നു. ഇതിലെ എറണാകുളം പക്ഷക്കാർ മാർ ആലഞ്ചേരിയെ ബഹിഷ്കരിക്കാൻ തീരുമാനമെടുത്തുകഴിഞ്ഞു (കാണുക, പേജ്:33). ഇതിനെതിരെ ശക്തിയാർജിക്കാൻ ചങ്ങനാശ്ശേരിപക്ഷ രൂപതകളിലെ ചട്ടുകസംഘടനകളായ കത്തോലിക്കാ കോൺഗ്രസിന്റെയും ഇൻഫാമിന്റെയുംമറ്റും പരിപാടികളിൽ സ്വീകരണങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു, മാർ ആലഞ്ചേരി. ഈ പോക്ക് ഇനിയും മുന്നോട്ടു പോയാൽ പിളർപ്പിലേ കലാശിക്കൂ എന്നുറപ്പാണ്. എന്നാൽ ചർച്ച് ആക്ട് നടപ്പിലായാൽ ആ പോക്കിനു ശമനമുണ്ടാകും. ഒന്നാമതായി, ഭൂമി കുംഭകോണത്തിലെ കുറ്റവാളികൾക്കെതിരെ ശരിയായ രീതിയിൽ നിയമനടപടികൾ സ്വീകരിക്കാൻ സാധിക്കും. രണ്ടാമതായി, ഇടവകകളിൽനിന്നു തിരഞ്ഞെടുത്തയയ്ക്കുന്ന സീറോ-മലബാർ ട്രസ്റ്റ് അസംബ്ലിയും ട്രസ്റ്റ് കമ്മിറ്റിയുമായിരിക്കും ആകമാന സീറോ-മലബാർ സഭയുടെ സാമ്പത്തികഭരണം തുടർന്നു നടത്തുക. രാജകീയത അവസാനിക്കുന്നതോടെ രാജകീയ കുത്തിത്തിരിപ്പുകളും അവസാനിക്കും. ചട്ടുകസംഘടനകളും അപ്രത്യക്ഷമാകും.

ചുരുക്കത്തിൽ, കേരളക്രൈസ്തവസമൂഹത്തെയാകെ ഇന്നു നിലവിലുള്ള വിഷമസന്ധികളിൽനിന്നു മോചിപ്പിച്ച് ഇന്നത്തെ പുരോഹിതമാടമ്പിത്തം അവസാനിപ്പിക്കാനും സഭാസമൂഹത്തിന്റെ സ്വാതന്ത്ര്യവും അവകാശാധികാരങ്ങളും പുനഃസ്ഥാപിക്കാനുമുള്ള ഒരു ഒറ്റമൂലിയാണ് ചർച്ച് ആക്ട്. അതുകൊണ്ട് ഗവണ്മെന്റിനെ തട്ടിയുണർത്തി ഇതു പാസ്സാക്കിയെടുക്കാൻ നാം നമ്മുടെ സർവ്വശക്തിയുമുപയോഗിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇതുവരെ നടത്തിയതേറെയും വിശ്വാസിസമൂഹത്തെയും സഭാനേതൃത്വത്തെയും രാഷ്ട്രീയനേതൃത്വത്തെയും ചർച്ച് ആക്ട് സംബന്ധിച്ചു ബോധവത്കരിക്കാനുള്ള പ്രവർത്തനങ്ങളായിരുന്നുവെങ്കിൽ, ഇനിയങ്ങോട്ട് 'അഖിലകേരള ചർച്ച് ആക്ട് ആക്ഷൻ കൗൺസിലി'(AKCAAC)ന്റെയും 'മലങ്കര ആക്ഷൻ കൗൺസിൽ ഫോർ ചർച്ച് ആക്ട് ബിൽ ഇംപ്ലിമെന്റേഷ'(MACCABI)ന്റെയും നേതൃത്വത്തിലുള്ള പ്രത്യക്ഷസമരപരിപാടികളിലേക്ക് തിരിയേണ്ടിയിരിക്കുന്നു. യേശുവിൽ ധീരരായി, അരയും തലയും മുറുക്കി ഈ സമരഭൂമിയിലേക്ക് നമുക്കിറങ്ങാം.

**ഈ സമരത്തിന് അങ്കംകുറിക്കുന്ന മെയ് 22, കേരളക്രൈസ്തവരുടെ ചരിത്രത്തിൽ സുവർണലിപികളിൽ എഴുതപ്പെടുന്ന ഒരു ഉജ്ജ്വലദിനമായി ഭവിക്കട്ടെ! അന്നു രാവിലെ തിരുവനന്തപുരം പാളയം രക്തസാക്ഷിമണ്ഡപത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ആയിരങ്ങളുടെ കണ്ഠങ്ങളിൽനിന്ന് 'ചർച്ച് ആക്ട് നടപ്പാക്കുക' എന്ന ആർപ്പുവിളി ദിഗന്തങ്ങൾ പൊട്ടുമാറ് ഉയരട്ടെ! മെത്രാന്മാരുടെ വോട്ടുബാങ്കുജന്മിത്വം ഉലയുന്നത് രാഷ്ട്രീയ പ്പാർട്ടികളും ഭരണകർത്താക്കളും കാണാനിടവരട്ടെ!**

ചർച്ച് ആക്ട് ചർച്ചചെയ്തു പാസാക്കാനുള്ള തങ്ങളുടെ ഭരണഘടനാപരമായ ബാധ്യത നിറവേറ്റാനുള്ള ധൈര്യം നമ്മുടെ ഭരണകർത്താക്കൾക്കു പകർന്നുകൊടുക്കുന്നതിനായി, എല്ലാ 'സത്യജ്വാല' വായനക്കാരും ചർച്ച് ആക്ട് അനുഭാവികളും മെയ് 22 - ചൊവ്വാഴ്ച രാവിലെ 11 മണിക്കുമുമ്പ് സെക്രട്ടറിയേറ്റ് മാർച്ചിനും ധർണയ്ക്കുമായി തിരുവനന്തപുരത്ത് എത്തിച്ചേരണം എന്നു താത്പര്യപ്പെടുന്നു.

എഡിറ്റർ

# യാക്കോബായക്കാരോട് ‘മക്കാബി’ (MACCABI) -യുടെ ആഹ്വാനം!

**2017**-ലെ കോടതിവിധി മുഴുവനും നമുക്കെതിരായിരിക്കുന്നത്, അത് 1934-ലെ മെത്രാൻ കക്ഷിയുടെ ബൈലോ ആധാരമാക്കി എടുത്തിരിക്കുന്ന പ്രഖ്യാപനങ്ങളിലൂടെ ആകയാലാണ്.

പരിശുദ്ധസഭയെ പിളർത്തുകയും ഒരു വിശുദ്ധ പിതാവിന്റെ ഹൃദയത്തകർച്ചയിലേക്കും വേർപാടിലേക്കും നയിക്കുകയും ചെയ്ത, വ്യവഹാരത്തിന്റെയും വിദ്വേഷത്തിന്റെയും ആത്മാവിനാൽ എഴുതപ്പെട്ട, ബൈലോ ആണ് 1934-ലെ ഭരണഘടന എന്നത്. അതുകൊണ്ടു മാത്രമാണ് ഇടക്കാലത്ത് സമാധാനം പുനഃസ്ഥാപിച്ചിട്ടും അത് നിലനിൽക്കാത്തത്. 1934-ലെ വക്രത നിറഞ്ഞ ഭരണഘടന ഇല്ലാതായാൽ മാത്രമേ യാക്കോബായസഭയ്ക്കു നീതി ലഭിക്കുകയുള്ളൂ എന്നു ചുരുക്കം. ഇപ്പോഴത്തെ സ്ഥിതിയിൽ ഈ സഭയുടെ നിയമപരമായ നിലനില്പ് എങ്ങനെയെന്ന ആശങ്കയിലാണ് നാമെല്ലാവരും.

വ്യവസ്ഥാപിതമായ ഭരണക്രമീകരണമുള്ള ഒരു ജനാധിപത്യരാഷ്ട്രത്തിലെ നിയമത്തെ നാം തീർച്ചയായും അനുസരിച്ചേ പറ്റുകയുള്ളു. എന്നാൽ നമ്മുടെ സഭയുടെ നിലനിൽപ്പിനെ ബാധിക്കുന്നതൊന്നും നമുക്കുൾക്കൊള്ളുവാൻ പറ്റുകയുമില്ല. അതിനാൽ, നിലവിൽ പ്രതികൂലമായ നിയമത്തെ മറ്റൊരു അനുകൂലമായ നിയമനിർമ്മാണംവഴി അതിജീവിക്കുന്നതിനുമാത്രമേ ഇനി നമുക്ക് സാധിക്കുകയുള്ളു. ചർച്ച് ആക്ടിന് അനുകൂലമായ നയരൂപീകരണവും നയതന്ത്രവും ആണ് നമുക്കിന്നു നേതൃത്വത്തിൽനിന്നു ലഭിക്കേണ്ടത്.

2018 മെയ് 22, ചൊവ്വാഴ്ച, നമ്മുടെ സഭയുടെ ഭാഗധേയം തിരുത്തിക്കുറിക്കുന്ന ഒരു സുദിനമാവുകയാണ്. അന്ന് 1934-ലെ ഭരണഘടനയുടെ അന്ത്യം കുറിക്കുന്ന ഒരു വലിയ ജനകീയ മൂവ്മെന്റ് നാം നടത്തുന്നു. ഇടവകപ്പള്ളികളും അതിന്റെ സ്വത്തുക്കളും ഭരണവും ഇടവക പൊതുയോഗം തിരഞ്ഞെടുക്കുന്ന പള്ളിഭരണകമ്മറ്റിയിൽ നിക്ഷിപ്തമാക്കുന്ന, സഭാഭരണത്തിൽ ജനപ്രാതിനിധ്യമുറപ്പിക്കുന്ന CHURCH ACT BILL നിയമസഭയിൽ പാസ്സാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ എല്ലാ പ്രധാന സഭകളിലെയും (മെത്രാൻകക്ഷി ഒഴികെ) വിശ്വാസികൾ ALL KERALA CHURCH ACT ACTION COUNCIL-ന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റു മാർച്ചും ധർണ്ണയും നടത്തുകയാണ്. ഈ പ്രക്ഷോഭത്തിൽ വലിയ രീതിയിലുള്ള ജനകീയ പങ്കാളിത്തമുണ്ടാകണമെന്ന് ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു.

സഭാനേതൃത്വം ഔദ്യോഗികമായി പിന്തുണയ്ക്കുന്നില്ലെങ്കിൽ കലൂരിലുംമറ്റും പോയപോലെ പള്ളിച്ചെലവിൽ പോകുവാൻ നമുക്കു പറ്റില്ല. അതുകൊണ്ട് ക്രിസ്തുവിനെയും സഭയെയും സ്നേഹിക്കുന്നവർ സ്വന്തം ചെലവിലാണെങ്കിലും 22-ാം തീയതി തിരുവനന്തപുരത്ത് എത്തണം. സത്യത്തിന്റെ പാത ഇടുങ്ങിയതാണ്.

ഇടുങ്ങിയ വഴിയിലൂടെ നടന്ന പരിശുദ്ധന്മാർ നമ്മുടെകൂടെയുണ്ട്. സഭാസ്വത്തുനിയമം പാസ്സാക്കാൻ നമുക്ക് ഒന്നിക്കാം.



കേരളത്തിലെ ക്രൈസ്തവസഭകൾ ആത്മീയ പാപ്പരത്തത്തിന്റെ കൊടുമുടിയിൽ എത്തിയിരിക്കുന്നു.

ക്രിസ്തുവിനെയും അവന്റെ കുരിശിനെയും ആത്മാർഥമായി സ്നേഹിക്കുന്നവർ ചർച്ച് ആക്ടിനെ അനുകൂലിക്കും. ദ്രവ്യത്തെ സ്നേഹിക്കുന്നവർ ക്രിസ്തീയത നഷ്ടപ്പെട്ട ഒരു മതത്തെ നിലനിർത്തും.

ഇത് നിന്റെയും എന്റെയും ആയുസ്സിൽ ദൈവം തന്ന ഒരു നിയോഗമാണ്. ഒരുമിച്ചുനിന്നാൽ നേടാം. 21-ാം നൂറ്റാണ്ടിലെ സഭയെ പണിതുയർത്താം.

‘വരിക വരിക സിറിയരേ
വരിക യാക്കൂബിയരേ
സഹനസമരസമയമായ്.’

**We Want Justice, We Want Church Act!**

**റവ. യൂഹാനോൻ റമ്പാൻ**
(ഡയറക്ടർ, മക്കാബി)

## ചർച്ച് ആക്ട് നടപ്പിൽവരണമെന്ന് ആഗ്രഹിക്കുന്ന സകലരുടെയും മുമ്പിൽ അഖിലകേരള ചർച്ച്ആക്ട് ആക്ഷൻകൗൺസിൽ നടത്തുന്ന

## അഭ്യർഥന!

"ചർച്ച് ആക്ട് നടപ്പിലാക്കുക" എന്ന ഒരേയൊരു ലക്ഷ്യത്തോടെ രൂപംകൊണ്ട AKCAAC പ്രത്യക്ഷസമരരംഗത്തേക്ക് ഇറങ്ങുകയാണ്. ചർച്ച് ആക്ട് നിയമമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യമുള്ളപ്രബുദ്ധരായ ആയിരങ്ങളുടെ പിന്തുണയിൽ വിശ്വാസമർപ്പിച്ചാണ് ഇതിനിറങ്ങിത്തിരിക്കുന്നത്. മെയ് 22-ാം തീയതിയിലെ സെക്രട്ടറിയേറ്റ് മാർച്ചും ധർണയും ഒരു തുടക്കംമാത്രമാണ്. ഇനിയുമിനിയും ഈ സമരം തുടരേണ്ടിവന്നേക്കാം, ലക്ഷ്യത്തിലെത്താൻ.

ആളും അർഥവുമില്ലാതെ ഒരു സമരവും വിജയിപ്പിക്കാനാവില്ല. മെയ് 22-ലെ സമര പരിപാടിക്കുതന്നെ ഭീമമായ ചെലവുണ്ടാകും. ലക്ഷ്യം കാണാതെ സമരം നിർത്താനാവുകയുമില്ല.

അതുകൊണ്ട് ചർച്ച് ആക്ട് പ്രാവർത്തികമാക്കി കേരളസഭാചരിത്രത്തിൽ ഒരു നാഴികക്കല്ലായി ഈ സമരത്തെ മാറ്റാൻ ഉദാരമായ സംഭാവന നല്കി പിന്തുണയ്ക്കണമെന്ന് എല്ലാ സത്യജ്വാല വായനക്കാരോടും അഭ്യർഥിക്കുന്നു. സംഭാവന അയയ്ക്കേണ്ട സംഘടനയുടെ ബാങ്ക് അക്കൗണ്ട് നമ്പരും മറ്റു വിവരങ്ങളും താഴെ കൊടുക്കുന്നു:

| | |
|---|---|
| Bank : | Canara Bank, Ernakulam Branch |
| A/C Name : | All Kerala Church Act Action Council |
| A/C No : | 0805101030065 |
| IFS Code : | CNRB0000805 |

**കെ. ജോർജ് ജോസഫ്**
ചെയർമാൻ, AKCAAC

**എൽ. തങ്കച്ചൻ**
ട്രഷറർ, AKCAAC

**വി.കെ. ജോയി**
സെക്രട്ടറി, AKCAAC

### തിരുത്ത്!

1. ഏപ്രിൽ ലക്കം സത്യജ്വാലയിലെ, 'മേജർ ആർച്ചുബിഷപ്പിന്റെ ഭൂമികച്ചവടവും മെത്രാന്മാരുടെ എപ്പിക്യൂരിയനിസവും' എന്ന ലേഖനത്തിൽ (പേജ്: 18-19), പോപ്പ് അലക്സാണ്ടർ VI-നെ പരാമർശിച്ച് എഴുതിയ ഇടത്തെല്ലാം, പോപ്പ് അലക്സാണ്ടർ IV എന്നാണ് പ്രസിദ്ധീകരിച്ചുവന്നത്. ഇത് തിരുത്തി വായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
2. ഏപ്രിൽലക്കത്തിൽത്തന്നെ, 'ആലഞ്ചേരിയും തട്ടിൽമെത്രാന്റെ ഷംഷാബാദ് സ്വപ്നങ്ങളും' എന്ന നർമ്മലേഖനത്തിന്റെ രചയിതാവിന്റെ പേരും റോഷൻ ആൻഡ്രൂസ് എന്ന് തെറ്റിച്ചാണ് കൊടുത്തത്. അത് 'റോഷൻ ഫ്രാൻസീസ്' എന്ന് തിരുത്തി വായിക്കാനപേക്ഷ.

അനവധാനതമൂലം ഈ തെറ്റുകൾ സത്യജ്വാലയിൽ കടന്നുകൂടിയതിലുള്ള ഖേദം അറിയിക്കട്ടെ!

- എഡിറ്റർ

### സത്യജ്വാല

**'സത്യജ്വാല' – അന്ധരായ വഴികാട്ടികൾ നയിക്കുന്ന ഇരുൾപാതയിൽ ഒരു ചെറുതിരിവെട്ടം!**
**'സത്യജ്വാല' – കള്ളയിടയന്മാർക്കെതിരെ ഒരു ചെറുമുറവിളി!.**
**'സത്യജ്വാല' – പള്ളികൾ കൊള്ളക്കാരുടെ ഗുഹകളാക്കിയവർക്കെതിരെ ഒരു ചെറു ചാട്ടവാർ!**
**'സത്യജ്വാല' – നവീകൃതസഭാജീവിതത്തിലേക്ക് ഒരു എളിയ വഴികാട്ടി!**
**ചെറുതിരി തീപ്പന്തമാക്കുക, മുറവിളി ആർപ്പുവിളിയാക്കുക, ചാട്ടവാർ ചാട്ടവാറുകളാക്കുക...**
**യാഥാസ്ഥിതികസഭാജീവിതത്തിൽനിന്നും ദൈവരാജ്യപൗരജീവിതത്തിലേക്കു വഴിതുറക്കുക**
**'സത്യജ്വാല' – വായിക്കുക, വരിക്കാരാകുക, പ്രചരിപ്പിക്കുക!**

## KCRM പ്രതിമാസപരിപാടി - പാലാ

# സീറോ-മലബാർ റീത്തിന്റെ ഷംഷാബാദ് അധിനിവേശവും ജനങ്ങളുടെ പ്രതിരോധവും

## ചർച്ചാസമ്മേളനം

2018 മെയ് 26, ശനിയാഴ്ച 2 p.m. മുതൽ പാലാ ടോംസ് ചേമ്പർ ഹാളിൽ

അദ്ധ്യക്ഷൻ : **ശ്രീ. സി.വി. സെബാസ്റ്റ്യൻ** (പ്രസിഡന്റ്),

വിഷയം അവതരിപ്പിച്ച് സംസാരിക്കുന്നത്: **ശ്രീ. എഫ്രേം ജോസഫ് വെട്ടിക്കാട്ട്**

പ്രതികരണപ്രസംഗങ്ങൾ: **പ്രൊഫ. ജോസഫ് വർഗീസ്** (ഇപ്പൻ)
**പ്രൊഫ. പി.സി. ദേവസ്യ**
**ഡോ. എം.കെ. മാത്യു**
**ശ്രീ. കെ. ജോർജ് ജോസഫ്**

ബഹുമാന്യരേ,

സീറോ-മലബാർസഭയുടെ സാമ്രാജ്യവികസനനീക്കത്തിന്റെ ഏറ്റവും ഒടുവിലത്തെ ഇരകളായിരിക്കുന്നത് ഗുജറാത്തിലെ ഷംഷാബാദ് മേഖലയിൽ വർഷങ്ങളായി സമാധാനപൂർവ്വം ജീവിച്ചുപോന്ന സീറോ-മലബാർ പൈതൃകത്തിലുള്ള മലയാളികളാണ് (കാണുക, പേജ് 29). അവർ ആവശ്യപ്പെടാതെയും അവരുടെ എതിർപ്പിനെ അവഗണിച്ചും രൂപത സ്ഥാപിച്ച്, ലത്തീൻ - സീറോമലബാർ വിഭാഗീയത സൃഷ്ടിക്കുകയും ലത്തീൻപള്ളികളിൽ എല്ലാവരുമായി സഹകരിച്ചു സഭാജീവിതം നയിച്ചിരുന്ന മലയാളി കത്തോലിക്കരെ അവിടെനിന്ന് നിർബന്ധപൂർവ്വം പിളർത്തി മാറ്റാൻ നോക്കുകയുമാണ്. കല്യാൺ രൂപതാസ്ഥാപനം മുതൽ ഷംഷാബാദ് രൂപതാസ്ഥാപനംവരെ ഇന്ത്യയിലും, അമേരിക്ക, കാനഡാ, ഇംഗ്ലണ്ട്, ആസ്ട്രേലിയ എന്നീ വിദേശരാജ്യങ്ങളിലും ജനങ്ങൾക്കു ബുദ്ധിമുട്ടും എതിർപ്പും സൃഷ്ടിച്ചുകൊണ്ട് അന്ധമായി മുന്നേറുന്ന സീറോ-മലബാർ റീത്തധിനിവേശനീക്കത്തെ വിമർശനവിധേയമാക്കുകയാണ്, സാമൂഹികപ്രവർത്തകനും എഴുത്തുകാരനും ഹൈദരാബാദിൽ അഡ്വർടൈസിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന മാന്യദേഹവുമായ ശ്രീ. എഫ്രേം ജോസഫ്.

ഈ ചർച്ചാപരിപാടിയിൽ സജീവമായി പങ്കെടുക്കുന്നതിനായി എല്ലാവരെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു!

**ഷാജു ജോസ് തറപ്പേൽ** (9496540448)
സെക്രട്ടറി, KCRM

## KCRM - പ്രതിമാസപരിപാടി - തൊടുപുഴ

# ചർച്ച് ആക്ട് പ്രശ്നത്തിൽ യാക്കോബായ-കത്തോലിക്കാ ഐക്യസമ്മേളനം

**2018 മെയ് 27, ഞായർ 2 p.m.-ന്**

**തൊടുപുഴ കാലിക്കട്ട് കോളേജ് ഹാളിൽ**

(പ്രൈവറ്റ് ബസ് സ്റ്റാൻഡ്, IMA-യ്ക്കു സമീപം)

**ചർച്ച് ആക്ടിന്റെ പ്രസക്തിയെക്കുറിച്ച് ചർച്ച നയിക്കുന്നത്:**

**റവ. യൂഹാനോൻ റമ്പാൻ** (ഡയറക്ടർ, MACCABI)

എല്ലാവർക്കും സ്വാഗതം!

**പ്രൊഫ. പി.സി. ദേവസ്യ**
(സെക്രട്ടറി, തൊടുപുഴ യൂണിറ്റ്)



# "സഭകളുടെ പൊതുസമ്പത്ത് ഭരിക്കാൻ ചർച്ച് ആക്ട് ഉടൻ വേണം"

## – ജസ്റ്റീസ് കെ. ടി. തോമസ്

കേരളത്തിലെ ക്രൈസ്തവസഭകൾ അവരുടെ ഭൗതികസ്വത്തുക്കൾ സംബന്ധിച്ച തർക്കങ്ങളും ഭിന്നതകളും മൂലം വിശ്വാസ്യത തകർന്നുനിൽക്കുന്ന സാഹചര്യത്തിൽ, സർക്കാർ ചർച്ച് ആക്ട് നടപ്പിലാക്കണമെന്ന ആവശ്യവുമായി സുപ്രീംകോടതി മുൻ ജഡ്ജി പത്മഭൂഷൺ ജസ്റ്റീസ് കെ. ടി. തോമസ് രംഗത്തു വന്നിരിക്കുന്നു. 'വൈദ്യൻ ചികിത്സിക്കുന്നു; ദൈവം സൗഖ്യമാക്കുന്നു' എന്ന തന്റെ ഏറ്റവും പുതിയ പുസ്തകത്തിലാണ്, ഒരദ്ധ്യായത്തിലൂടെ, ജസ്റ്റീസ് തോമസ് ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം പറയുന്നു:

"ഇന്ത്യ ഭരണഘടനാധിഷ്ഠിതമായ ഒരു റിപ്പബ്ലിക് ആയതുകൊണ്ട് നിയമത്തിന്റെ കീഴിൽ കൊണ്ടുവരാത്ത യാതൊരു പ്രവർത്തനമണ്ഡലവും റിപ്പബ്ലിക്കിൽ ഉണ്ടാവാൻ പാടില്ലെന്നുള്ളത് പ്രജാഭരണത്തിലെ ഒരു അടിസ്ഥാനപ്രമാണമാണ്. അതുകൊണ്ട് സഭകളുടെ വരുമാനങ്ങളും സ്വത്തുക്കളും നിയമത്തിന് വിധേയമായിരിക്കണം എന്നുള്ളത് ആർക്കും നിഷേധിക്കാൻ പാടില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ജനാധിപത്യ റിപ്പബ്ലിക്കിലെ ഏറ്റവും ഉന്നതനായ വ്യക്തിയും നിയമത്തിന് താഴെയാണ്. ഇത് റിപ്പബ്ലിക്കിന്റെ പരമപ്രധാനമായ പ്രതിപാദ്യധർമ്മമാണ്.

മതവിശ്വാസികൾക്ക് പ്രവർത്തിക്കാനും പ്രചരണം നടത്താനുമുള്ള അവകാശം ഇന്ത്യൻ ഭരണഘടന നൽകിയിരുന്നത്, മതസമുദായങ്ങൾക്കല്ല, വ്യക്തികൾക്കാണ്. അത് 25-ാം അനുച്ഛേദത്തിൽ വ്യക്തമായി പറയുന്നുണ്ട്.

ഇന്ന് ഇന്ത്യയിലെ ഇതര മതവിഭാഗങ്ങളിലെയും സ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കപ്പെടുന്നത് രാഷ്ട്രത്തിന്റെ നിയമം അനുസരിച്ചാണ്. എന്നാൽ കഷ്ടമെന്ന് പറയട്ടെ, ക്രൈസ്തവസഭകളുടെ സമ്പത്ത് ഭരിക്കപ്പെടുന്നത് രാഷ്ട്രനിയമത്തിന് വിധേയമായിട്ടല്ല.

ഇന്ത്യയിലെ ഏറ്റവും വരുമാനമുള്ള ക്ഷേത്രം തിരുപ്പതിയിലെ തിരുമല ക്ഷേത്രമാണ്. അതിനുമാത്രമായി ഒരു നിയമം പാർലമെൻറ് പാസ്സാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽമാത്രമേ ആ ക്ഷേത്രത്തിന്റെ വമ്പിച്ച സ്വത്തുക്കളും വരുമാനങ്ങളും ഭരിക്കപ്പെടാനാവുകയുള്ളു. അതിന്റെ കണക്കുകൾ സുതാര്യവും പരിശോധനാവിധേയവുമായിരിക്കേണ്ടതാണെന്ന് അനുശാസിക്കുന്നു. നിയമങ്ങൾ ഹിന്ദുക്കളുടെ ക്ഷേത്രങ്ങൾക്കു മാത്രമായിരിക്കരുത്.

മതന്യൂനപക്ഷങ്ങൾ ഇപ്രകാരമൊരു നിയമത്തിന്റെ കീഴിൽവരേണ്ട കാര്യമില്ലായെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ അത് തെറ്റിദ്ധാരണമാത്രമാണ്. ഇന്ത്യയിലെ മതന്യൂനപക്ഷമായ മുസ്ലീങ്ങളുടെ പൊതുസ്വത്തക്കളെ സംബന്ധിച്ച് ഒരു നിയമം ഇന്ന് നിലവിലുണ്ട്. അതിനെ വഖഫ് ആക്ട് എന്നു പറയാം. വഖഫ് എന്നത് മുസ്ലീങ്ങളുടെ പൊതുസ്വത്തിനു പറയുന്ന അറബിവാക്കാണ്. വഖഫ് ആക്ട് പ്രകാരം മുസ്ലീങ്ങളുടെ പൊതുസ്വത്തുക്കൾ സംബന്ധിച്ച തർക്കം തീരുമാനിക്കാൻ ഒരു ട്രൈബ്യൂണൽതന്നെയുണ്ട്.

ഇന്ന് ഇന്ത്യയിലെ ഇതര മതവിഭാഗങ്ങളിലെയും സ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കപ്പെടുന്നത് രാഷ്ട്രത്തിന്റെ നിയമം അനുസരിച്ചാണ്. എന്നാൽ കഷ്ടമെന്ന് പറയട്ടെ, ക്രൈസ്തവസഭകളുടെ സമ്പത്ത് ഭരിക്കപ്പെടുന്നത് രാഷ്ട്രനിയമത്തിന് വിധേയമായിട്ടല്ല.

ഇന്ത്യയിലെ മറ്റൊരു മതന്യൂനപക്ഷമായ സിഖുകാർക്കും അവരുടെ മതസ്ഥാപനങ്ങൾ സംബന്ധിച്ച് ഒരു നിയമമുണ്ട്. സിഖ് ഗുരുദ്വാര ആക്ട്. അവരുടെ സ്വത്തുക്കളും വരുമാനവും ഭരിക്കുന്നത് ഈ ആക്ടിന്റെ വ്യവസ്ഥകളനുസരിച്ചാണ്.

വിവിധ സ്രോതസ്സുകളിലായി കുമിഞ്ഞുകൂടുന്ന സഭകളുടെ സ്വത്തുക്കളുടെ ഭരണം നിയന്ത്രിക്കുന്നതിന് നിയമം വന്നാൽ ആ സ്വത്തുക്കൾ ഗവൺമെൻറ് ഏറ്റെടുക്കുമെന്ന് വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. നിയമം ഉള്ളതുകൊണ്ട് ഹിന്ദുസമുദായങ്ങളുടെയോ മുസ്ലീങ്ങളുടെയോ സിഖുക്കാരുടെയോ സമൂഹസമ്പത്ത് സർക്കാർ ഏറ്റെടുത്തിട്ടില്ല; ഏറ്റെടുക്കാനാവുകയുമില്ല. സഭകളുടെ സാമ്പത്തിക കാര്യങ്ങളിൽ പൊതു സുതാര്യത ഉണ്ടാവുന്നത് നവോത്ഥാനത്തിനും ശുചീകരണത്തിനും ഉപകാരമായിത്തീരുകയേയുള്ളു." ■

# ചർച്ച് ആക്ട്: മാർത്തോമ്മാ നിയമത്തിന്റെ പുനർജനി!

ഫാ. ജോൺ കൊച്ചുമുട്ടം

*[മീങ്കുന്നം സെന്റ് ജോസഫ്സ് ചർച്ച് വികാരിയായ ലേഖകൻ 'നസ്രാണിദീപം' മാസികയുടെ ചീഫ് എഡിറ്റർ കൂടിയാണ്. 2018 ഏപ്രിൽ ലക്കം 'നസ്രാണിദീപ'ത്തിലെ 'മുഖക്കുറി'യാണ് ഈ ദീർഘലേഖനം. ഇത് രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിക്കുന്നു.]*

സഭാസ്വത്തുക്കൾ ഭരിക്കാൻ ഒരു സിവിൽ നിയമം ആവശ്യമാണെന്ന മുറവിളി എമ്പാടും ഇന്ന് ഉയർന്നുകൊണ്ടിരിക്കുന്നു. കാലത്തിന്റെ അടയാളങ്ങൾ ഇതിന്റെ അനിവാര്യതയിലേക്ക് വിരൽചൂണ്ടുന്നുണ്ടുതാനും.

മാർത്തോമ്മാ നസ്രാണികളുടെ ചിരപുരാതനമായ ജീവിതശൈലിക്ക് ഒറ്റവാക്കിൽ പറയുന്ന ചുരുക്കപ്പേരാണ് മാർത്തോമ്മാനിയമം എന്നത്. എഴുതപ്പെട്ട നിയമം കാണാനാവില്ലെങ്കിലും നസ്രാണികളുടെ സഭാഭരണക്രമം, ആരാധനക്രമം, ശിക്ഷണക്രമം, ആത്മീയത, വേദശാസ്ത്രം എന്നിവയെല്ലാം ഇത് ഉൾക്കൊള്ളുന്നു. എഴുതപ്പെട്ട ഒരു നിയമമല്ലാത്തതുകൊണ്ടുതന്നെ ഇതിനെ മാർത്തോമ്മാനിയമവും വഴിപാടും എന്നാണ് വിശേഷിപ്പിച്ചുപോന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഉറവിടങ്ങളിലേക്ക് മടങ്ങുവാൻ ആഹ്വാനം ചെയ്യുന്നുണ്ടെങ്കിലും സീറോ-മലബാർ സഭ എന്നറിയപ്പെടുന്ന നസ്രാണിസഭ സ്രോതസ്സ് തേടി കല്ദായത്തൊഴുത്തിൽ എത്തിയിരിക്കുന്നു! ഭരണക്രമത്തിന്റെ കാര്യത്തിൽ മാർത്തോമ്മാനിയമം മറികടന്ന് പൗരസ്ത്യ കാനോൻനിയമത്തെ കെട്ടിപ്പുണർന്നിരിക്കുന്നു! സഭാശിക്ഷണം, ആത്മീയത എന്നൊക്കെ പറയുന്നത് പൗരസ്ത്യ കാനോൻ നിയമംകൊണ്ട് വരിഞ്ഞുമുറക്കുന്നു!! കാനോൻനിയമം ദൈവത്തിന്റെ നിയമമെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ല. മാനുഷികനിയമങ്ങളെ ദൈവികനിയമങ്ങളായി വ്യാഖ്യാനിക്കരുതെന്ന് യേശുതന്നെ നിഷ്കർഷിച്ചിട്ടുണ്ട്. കാനോൻനിയമം വിജാതീയവും വ്യാജരേഖകളിൽ അധിഷ്ഠിതവുമാണ്. വേദപുസ്തകത്തിലെ കല്പനകൾമാത്രമാണ് ദൈവത്തിന്റെ നിയമം എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? വത്തിക്കാൻ കൗൺസിൽ സാംസ്കാരികാനുരൂപണത്തിന് വാതിൽ തുറന്നിട്ടിട്ടുണ്ടെങ്കിലും, ഭാരതീയ ആത്മീയത പണിതുയർത്തുന്ന

▸▸

## മുഖ്യമന്ത്രിക്ക് നിവേദനം നൽകി!

ഓൾ കേരള ചർച്ച്ആക്റ്റ് ആക്ഷൻകൗൺസിൽ മെയ് 22-നു തിരുവനന്തപുരത്തു നടത്താനിരിക്കുന്ന സെക്രട്ടറിയേറ്റ് മാർച്ചിനു മുന്നോടിയായി മുഖ്യമന്ത്രിക്കു നിവേദനം സമർപ്പിച്ചു. മെയ് 10-നു കുമളി എസ്.എൻ. ഓഡിറ്റോറിയത്തിൽ 'ബഹു. മുഖ്യ മന്ത്രി സ. പിണറായി വിജയനു മായി കൂടിക്കാഴ്ച' എന്ന പരിപാടിയിൽ വെച്ചാണ് AKCAAC ചെയർമാൻ ശ്രീ. കെ. ജോർജ് ജോസഫും ഇടുക്കി ജില്ലാ കോർഡിനേറ്ററായ ശ്രീ. ജോസഫ് പുരയ്ക്കലുംകൂടി മുഖ്യമന്ത്രിയെ കണ്ട് സംസാരിച്ചത്. വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. എം.എം. മണിയും മുഖ്യമന്ത്രിക്കൊപ്പമുണ്ടായിരുന്നു.

ചർച്ച് ആക്റ്റ് നിയമമാക്കുന്ന കാര്യം ഓർമ്മിപ്പിക്കാനാണ് ഞങ്ങൾ എത്തിയതെന്നു പറഞ്ഞ് നിവേദനം നൽകിയ ശേഷം 'പള്ളികളിലാകെ പ്രശ്നമാണു, സാർ. പള്ളിയിലെ സ്വത്തെല്ലാം അടിച്ചുമാറ്റുന്നതിനാൽ, ഇപ്പോൾ പള്ളികളിൽ കൂട്ടയടിയാണ് നടക്കുന്നത്. യാക്കോബായക്കാർ വഴിയാധാരമായി. ഇതിനെല്ലാം പരിഹാരം ചർച്ച് ആക്റ്റ് നിയമമാക്കുകയാണ്. അങ്ങയിൽ ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. അതു വലിയ പ്രതീക്ഷയാണ്' എന്ന് ചെയർമാൻ സൂചിപ്പിച്ചു. അതുകേട്ട മുഖ്യമന്ത്രിക്ക് ചിരിയടക്കാൻ കഴിഞ്ഞില്ല. 'ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ സമർപ്പിച്ചിരിക്കുന്ന ബില്ല് നിയമമാക്കിയാൽ മതിയല്ലോ' എന്ന് ജോസഫ് സാർ പറഞ്ഞു. അതെല്ലാം ചെറുപുഞ്ചിരിയോടെ കേട്ടിരുന്ന അദ്ദേഹവും മന്ത്രി മണിയാശാനും ഞങ്ങളുടെ പ്രതീക്ഷയെ ഉജ്വലിപ്പിച്ചു. ഹ്രസ്വമെങ്കിലും ദീപ്തമായ ആ കൂടിക്കാഴ്ച അവിസ്മരണീയമായി. മടങ്ങുമ്പോൾ മനസ്സിൽ പ്രതിധ്വനിച്ചത് മുൻ മുഖ്യമന്ത്രിയുടെ വാക്കുകളായിരുന്നു, 'നിങ്ങളെന്നെ ഇവിടെ ഇരിക്കാൻ സമ്മതിക്കില്ലല്ലേ...!' ചർച്ച് ആക്റ്റിന്റെ കാര്യമേ മിണ്ടാതെ ഓടിനടന്നതിനാൽ അദ്ദേഹത്തിനിപ്പോൾ സുഖമായി ഇരിക്കാൻ കഴിയുന്നുണ്ടല്ലോ!

തിനോ ആരാധനക്രമത്തിൽ വേണ്ടത്ര ഭാരതീയത ഉൾക്കൊള്ളുന്നതിനോ കഴിഞ്ഞിട്ടില്ല. ഭാരതീയ വേദശാസ്ത്രം നമുക്കിനിയും വിദൂര സ്വപ്നമാണ്.

സീറോ-മലബാർസഭ ഭരണക്രമത്തിൽ സ്വീകരിച്ചിട്ടുള്ള നിലപാട് അത്യന്തം ആക്ഷേപകരവും അതിലേറെ കുറ്റകരവുമാണെന്നു പറയാതെ വയ്യ. പൗരസ്ത്യ കാനോൻ നിയമം അനുശാസിക്കുന്ന ഭരണക്രമമല്ല നസ്രാണികളുടേത്. സീറോ-മലബാർസഭയ്ക്ക് ഇന്ന് പാരീഷ് കൗൺസിലും പാസ്റ്ററൽ കൗൺസിലും എപ്പാർക്കിയൽ അസംബ്ലിയും ആർക്കി എപ്പാർക്കിയൽ അസംബ്ലിയുമൊക്കെയുണ്ടെന്ന് അവകാശപ്പെടാമെങ്കിലും, അതെല്ലാം മാർത്തോമ്മാനിയമമനുസരിച്ചുള്ള ഭരണക്രമത്തിന്റെ വികൃതരൂപംമാത്രമാണ്. മാർത്തോമ്മാനിയമമനുസരിച്ച് പള്ളിപള്ളിക്കാരുടേതാണ്. പള്ളിയോഗമെടുക്കുന്ന തീരുമാനങ്ങൾക്കാണ് അവിടെ പ്രസക്തി. പള്ളിസംബന്ധമായ വികസനപ്രവർത്തനങ്ങൾക്കോ ഭൗതിക ആവശ്യങ്ങൾക്കോവേണ്ടി വൈദികരുടെയോ മറ്റ് മേലധികാരികളുടെയോ നിയന്ത്രണമോ ഇടപെടലോ ഉണ്ടായിരുന്നില്ല. ഓരോ പള്ളിയും സ്വതന്ത്ര കൂട്ടായ്മകളായിരുന്നു. പള്ളിഭരണത്തിൽ വൈദികർ തലയിടാറില്ല. അവർ ആത്മീയാചാര്യന്മാരും വഴികാട്ടികളുമായിരുന്നു. ആവശ്യാനുസരണം പ്രാദേശിക പള്ളിയോഗങ്ങളും ആകമാനപള്ളിയോഗങ്ങളും ഉണ്ടായിരുന്നു. അവയുടെയെല്ലാം തീരുമാനങ്ങൾ അന്തിമമായിരുന്നുതാനും.

ഇന്ന് കാര്യങ്ങളെല്ലാം തലകീഴായി മറിഞ്ഞ് വികൃതമായിരിക്കുന്നു. പള്ളിയോഗങ്ങളുടെയും എപ്പാർക്കിയൽ -ആർക്കി എപ്പാർക്കിയൽ അസംബ്ലിയുടെയും തീരുമാനങ്ങൾ കേവലം നിർദ്ദേശങ്ങളായി തരംതാഴ്ത്തിയിരിക്കുന്നു. പാസ്റ്ററൽ കൗൺസിൽ വെറും നോക്കുകുത്തികളായി നിലകൊള്ളുന്നു. അന്തിമതീരുമാനം രൂപത എപ്പാർക്കും (ബിഷപ്പ്), ആകമാനസഭയിൽ മെത്രാൻ സിനഡും അപ്പാടെ കൈയടക്കിയിരിക്കുന്നു. മെത്രാൻ സിനഡിലാകട്ടെ, അല്മായരുടെയും വൈദികരുടെയും സമർപ്പിതരുടെയും പ്രതിനിധികളെ അകറ്റിനിർത്തിയിരിക്കുകയുമാണ്!

കാനോൻനിയമത്തിന്റെ മറവിൽ നിയമനിർമ്മാണം, നിയമവ്യാഖ്യാനം, നിയമം നടപ്പാക്കൽ എന്നീ ത്രിവിധ അധികാരങ്ങളും കവർന്നെടുത്തുകൊണ്ട് സർവ്വാധിപത്യഅധികാരഭരണം നടത്തുന്ന മെത്രാൻ സിനഡിന്റെ അധികാരകേന്ദ്രീകരണം തികച്ചും വിജാതീയവും അപലപനീയവുമാണ്. ഇത്തരം സർവ്വാധിപത്യപരമായ അധികാരപ്രയോഗം കൈവെള്ളയിൽ ഒതുക്കിക്കൊണ്ടാണ് മെത്രാന്മാർ മാർത്തോമ്മാനിയമത്തെ വികൃതമാക്കിയിരിക്കുന്നത്. അധികാരവും സമ്പത്തും ശക്തിയും പൗരോഹിത്യത്തിന്റെ കൈപ്പിടിയിൽ ഒതുക്കി നിർത്താനുള്ള നിയമങ്ങളാണ് ഇവ. യേശു ഇവയൊന്നും പൗരോഹിത്യത്തോട് ചേർത്തുവച്ചിട്ടില്ല. മാത്രമല്ല, ഇവയെല്ലാം സാത്താനികമാണെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുമുണ്ട്.

ഇത്തരം ഒരു പശ്ചാത്തലത്തിലാണ് മാർത്തോമ്മാനിയമത്തിന്റെ ചുവടുപിടിച്ച് സഭാസ്വത്തുക്കൾ ഭരിക്കാൻ ഒരു സിവിൽ നിയമം എന്ന ആശയം ഒട്ടേറെ പേർ സ്വാഗതം ചെയ്യുന്നത്. 'ഇപ്പോൾ എന്താ കുഴപ്പം? സഭയ്ക്ക് കാനോൻനിയമവും പ്രത്യേക നിയമങ്ങളുമില്ലേ? എപ്പാർക്കിയൽ അസംബ്ലിയും ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുമില്ലേ?' എന്നും മറ്റും ചോദിക്കുന്നവരുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂമിവിവാദം ഇതിന് കൃത്യമായ ഉത്തരം നല്കുന്നു. കാനോൻനിയമം വിദേശനിർമ്മിതനിയമമാണ്. വിദേശനിർമ്മിതമായ നിയമങ്ങളും സമാന്തരകോടതികളുംമറ്റും നിലകൊള്ളുന്നത് ഒരു സ്വതന്ത്രപരമാധികാരരാജ്യത്തിന് ചേർന്നതല്ല. മാത്രമല്ല, രാജ്യത്തെ നിയമം എല്ലാ പൗരന്മാർക്കും ഒരുപോലെ ബാധകമായിരിക്കുകയും വേണം. ഒരാൾ എത്ര ഉന്നതനായിരുന്നാലും അയാൾ രാജ്യനിയമങ്ങളാൽ ബന്ധിതനായിരിക്കണം. "All are equals but some are more equals" (George Orvel) എന്ന സമീപനം പാടില്ലല്ലോ.

മാർത്തോമ്മാനിയമത്തിന്റെ അരൂപിയിലല്ലേ ഇപ്പോൾ കാര്യങ്ങൾ നടക്കുന്നതെന്ന് ചോദിക്കുന്നവരുണ്ട്. ഇപ്പോഴത്തെ ഭരണശൈലി മാർത്തോമ്മാനിയമത്തിന് ഇണങ്ങുന്നതല്ല; അതിന്റെ വികൃതരൂപം മാത്രമാണ്. മറ്റൊരു വിമർശനം പലരും ഉന്നയിക്കുന്നത് സഭാസ്വത്തുക്കൾ ദേവസ്വം ബോർഡ് പോലെയോ, വഖഫ് ബോർഡ് പോലെയോ സർക്കാരിന്റെ ഇടപെടൽ വഴി അലങ്കോലപ്പെടാൻ ഇടയാവുകയില്ലേ എന്നതാണ്? ജസ്റ്റീസ് കൃഷ്ണയ്യർ അവതരിപ്പിച്ച ചർച്ച് ആക്ടിന്റെ കരട് ബില്ലിനെപ്പറ്റി വിശദമായി പഠിക്കുമ്പോൾ സഭാസ്വത്തുക്കളുടെ ഭരണവും നിയന്ത്രണവും സഭയുടെ വിവിധതലങ്ങളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടവരുടെ കരങ്ങളിലാണെന്ന് കാണാനാകും. സർക്കാരിന്റെ ആകെക്കൂടിയുള്ള നിയന്ത്രണം എന്നു പറയുന്നത് സർക്കാർ നിയമിക്കുന്ന ഒരു കമ്മീഷണർ കാര്യങ്ങളുടെ മേൽനോട്ടക്കാരനായിരിക്കും എന്നതാണ്. അതിനാൽ കാര്യങ്ങൾ കണ്ണടച്ച് ഇരുട്ടാക്കുകയോ കുരുടർ ആനയെക്കണ്ടതുപോലെ ആശയം സ്വരൂപിക്കുകയോ പാടില്ല. കരട് ബില്ല് ഗൗരവപൂർവ്വം പഠിച്ച് തുറന്ന ചർച്ചയ്ക്ക് തയ്യാറായി പ്രതികരിക്കുകയാണ് വേണ്ടത്. കമ്മീഷണറുടെ അധികാരാവകാശങ്ങളെക്കുറിച്ച് തുറന്ന ചർച്ചയാകാം; ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്യാം.

ദയാവധം, ഭ്രൂണഹത്യ തുടങ്ങിയ മനുഷ്യമാഹാത്മ്യത്തെ ഹനിക്കുന്നതും ധാർമ്മിക പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നതുമായ നിയമനിർമ്മാണ ശിപാർശകൾ പല്ലും നഖവും ഉപയോഗിച്ച് ക്രൈസ്തവർ എതിർക്കേണ്ടതുതന്നെ. എന്നാൽ ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ ഒരു സിവിൽ നിയമം വേണം എന്ന ആശയം എതിർക്കപ്പെടേണ്ടതുണ്ടോ? ബൈബിൾ പ്രബോധനം അനുസരിച്ച് ദൈവത്തെയും മാമോനെയും ഒരേ സമയം സേവിക്കുക സാധ്യമല്ല (മത്താ. 6:24, ലൂക്കോ. 16:13). സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കണം (മത്താ. 22:21). 'സീസർ' ക്രൈസ്തവരുടെ സമൂഹസമ്പത്ത് നീതിപൂർവ്വം ഭരിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിൽ തെറ്റ് ആരോപിക്കുവാൻ കഴിയുമോ?

സ്വത്തുക്കളും സമ്പത്തും പൊതുവിലുള്ളതാണെങ്കിൽ അവ ▸▸

നിയമത്തിനുകീഴിലായിരിക്കണമെന്നത് ഒരു റിപ്പബ്ളിക്കൻ പ്രമാണമാണ്. ഇന്ത്യ ഒരു സ്വതന്ത്രപരമാധികാര റിപ്പബ്ലിക്കാണ്. നിയമത്തിന്റെ കീഴിൽ കൊണ്ടുവരാത്ത ഒരു പൊതു പ്രവർത്തനവും ഈ റിപ്പബ്ളിക്കിൽ ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് ഒരു സാമൂഹികപ്രസ്ഥാനം എന്ന നിലയിൽ സഭയുടെ വരുമാനങ്ങളും സ്വത്തുക്കളും രാഷ്ട്രനിയമത്തിന് വിധേയമായിരിക്കണമെന്നത് അടിസ്ഥാനആവശ്യമാണ്.

ഇംഗ്ലണ്ടിൽ ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രിയായിരുന്ന ആളാണ് വില്യം പീറ്റ് ജൂണിയർ. അദ്ദേഹം പറയുന്നു: Where law ends there anarchey begins *(എവിടെ നിയമം ഇല്ലാതാകുന്നുവോ അവിടെ അരാജകത്വം ആരംഭിക്കുന്നു).* ഒലിവർ ഗോൾഡ് സ്മിത്ത് തന്റെ പ്രസിദ്ധമായ "Vicar of Wakefield' എന്ന കൃതിയിൽ എഴുതി: Where wealth accumulates there men decay *(എവിടെ സമ്പത്ത് കുന്നുകൂടുന്നുവോ അവിടെ മനുഷ്യർ ജീർണിക്കുന്നു).* ഒരു ജനാധിപത്യ റിപ്പബ്ളിക്കിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ അധികാരിയും നിയമത്തിന് കീഴിലാണ് (Even the highest person in a republic would be below the law) - ഇതാണ് തത്ത്വം. ഈവക ചിന്താധാരകൾ വച്ചുനോക്കുമ്പോൾ സ്റ്റേറ്റിന് മതസ്ഥാപനങ്ങളുടെ സ്വത്ത് ഭരിക്കുന്നതിനെ സംബന്ധിച്ച് നിയമം നിർമ്മിക്കുവാൻ അവകാശമുണ്ട്.

മതസ്ഥാപനങ്ങൾക്ക് സ്വത്തുക്കൾ സമാഹരിക്കുന്നതിനും സമ്പത്ത് ആർജിക്കുന്നതിനും വിനിയോഗിക്കുന്നതിനും ഭരണഘടനാനുസൃതമായ അവകാശമുണ്ട് (വകുപ്പ് 25). എന്നാൽ സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റീസ് കെ. റ്റി. തോമസ് പറയുന്നു: "മതസ്ഥാപനങ്ങൾക്ക് സ്വത്തുക്കൾ സമാഹരിക്കുന്നതിനോ, സമ്പത്ത് ആർജിക്കുന്നതിനോ വിനിയോഗിക്കുന്നതിനോ ഉള്ള ഒരു മൗലികാവകാശമായി ഭരണഘടനാശില്പികൾ ഈ വകുപ്പിനെ ഉദ്ദേശിച്ചിട്ടില്ല". അദ്ദേഹം തന്റെ വ്യാഖ്യാനത്തിന് ഉപോൽബലകമായി ഭരണഘടനയുടെ 25-ാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പ് എടുത്തുകാട്ടുന്നു. അതിൻപ്രകാരം "ഈ അനുച്ഛേദത്തിലെ യാതൊന്നും മതാചരണത്തോട് ബന്ധപ്പെടുന്ന സാമ്പത്തികമോ, ധനപരമോ, രാഷ്ട്രീയമോ ആയ ഏതെങ്കിലും പ്രവർത്തനത്തെയോ, മതേതരമായ മറ്റ് ഏതെങ്കിലും പ്രവർത്തനത്തെയോക്രമപ്പെടുത്തുന്നതോ, നിയന്ത്രിക്കുന്നതോ..... ആയ നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ ബാധിക്കുകയോ, അങ്ങനെയുള്ള ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിൽനിന്ന് രാഷ്ട്രത്തെ തടയുകയോ ചെയ്യുന്നതല്ല." ഭരണഘടനയുടെ 26-ാം വകുപ്പുകൂടി ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം തുടരുന്നു: പൊതുസമാധാനത്തിനും സാന്മാർഗികതയ്ക്കും ആരോഗ്യത്തിനും വിധേയമായി ഓരോ മതവിഭാഗത്തിനും അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിനും ......സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ഉടമയിൽ വയ്ക്കുന്നതിനും ആർജ്ജിക്കുന്നതിനും; അങ്ങനെയുള്ള വസ്തുവിന്റെ ഭരണം നിയമാനുസൃതമായി നടത്തുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്" (21-08-2004-ൽ കോട്ടയത്ത് ക്രൈസ്തവ സംയുക്തകർമ്മസമിതിയുടെ ആശയപ്രചരണയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗത്തിൽനിന്ന്). ഇവിടെ, നിയമാനുസൃതമായി (according to law) എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധേയമാണ്; പാർലമെന്റിനോ, നിയമസഭകൾക്കോ മാത്രമേ ഒരു റിപ്പബ്ളിക്കിൽ പൊതുനിയമം നിർമ്മിക്കാനുള്ള അധികാരമുള്ളൂ. മതസ്ഥാപനങ്ങളെന്ന പേരിൽ രാഷ്ട്രനിയമത്തിന് വിധേയമായല്ലാതെ വസ്തുവകകൾ ഭരിക്കാൻ മതസമൂഹങ്ങൾക്ക് അവകാശമില്ല.

(തുടരും)

ഫോൺ: 9961436124

# മേജർ ആർച്ച് ബിഷപ്പിന്റെ ഭൂമിക്കച്ചവടവും മെത്രാന്മാരുടെ എപ്പിക്ക്യൂരിയനിസവും (5-ാം ഭാഗം)

എം.എൽ. ജോർജ് മാളിയേക്കൽ

പോപ്പ് പീയൂസ് XII-ാമൻ 1939-ൽ സ്ഥാനമേറ്റു. അദ്ദേഹം ലോകചരിത്രത്തെ കണ്ണടച്ച് ഇരുട്ടാക്കി, ഫാസിസ്റ്റ് ശക്തികളെ കൂട്ടുപിടിച്ച്, കമ്മ്യൂണിസത്തെ തകർക്കാൻ പരിശ്രമിച്ചു. അതിന്റെ ഫലമായി, കമ്മ്യൂണിസ്റ്റ് അനുഭാവികളായ ഏഴു ലക്ഷത്തിൽപരം കത്തോലിക്കർ സഭയിൽനിന്നു പുറന്തള്ളപ്പെടുകയുണ്ടായി. ഹിറ്റ്ലറെ അധികാരത്തിൽ കൊണ്ടുവരാനുള്ള കാരണക്കാരൻ ഇദ്ദേഹമാണ്. റോമിന്റെ പാപ്പായ്ക്ക് തെറ്റുപറ്റുകയില്ല (Infallibility) എന്ന അബദ്ധസിദ്ധാന്തത്തിന്റെ വക്താവുകൂടിയായിരുന്നു, പീയൂസ് പന്ത്രണ്ടാമൻ.

ജോൺപോൾ രണ്ടാമൻ 1978-ൽ പാപ്പാസ്ഥാനത്തെത്തി. ലോകരാഷ്ട്രങ്ങൾ ചുറ്റിസഞ്ചരിച്ചുകൊണ്ട് അദ്ദേഹം തന്റെ മുൻഗാമികളായ പോപ്പുമാർ ചെയ്തുകൂട്ടിയ സമസ്താപരാധങ്ങൾക്കും മാപ്പുപറഞ്ഞ് മനസ്താപത്തിന്റെ ലക്ഷണം പ്രകടിപ്പിച്ചുവെങ്കിലും മനഃപരിവർത്തനം നടത്താൻ തയ്യാറായില്ല. പുരോഹിതവർഗത്തിന്റെ അധികാരവാഴ്ചയിൽനിന്നും അടിമത്തത്തിൽനിന്നും യേശു സ്വതന്ത്രരാക്കിയ ദൈവജനത്തെ പോപ്പിന്റെയും പോപ്പിന്റെ അനുയായികളായ രൂപതാമെത്രാന്മാരുടെയും സർവാധിപത്യം ഉറപ്പിക്കുന്ന പൗരസ്ത്യകാനോൻനിയമം 1991-ൽ നിർമ്മിച്ച് ഈ ജനസമൂഹത്തെ വീണ്ടും അടിമത്തത്തിലാഴ്ത്തിയ സർവാധിപതിയാണ് ജോൺപോൾ രണ്ടാമൻ. ബൈബിൾവിരുദ്ധവും രാഷ്ട്രവിരുദ്ധവും ഏകാധിപത്യപരവുമായ ഈ കരിനിയമം സഭയിൽ അടിച്ചേൽപ്പിച്ചത് ഇദ്ദേഹമാണ്. റോമിന്റെ ഭരണവ്യവസ്ഥിതിയിൽനിന്നു വ്യത്യസ്തമായി, ക്രൈസ്തവികതയിൽ ഊന്നി രാഷ്ട്രനിയമത്തിനു വിധേയമായി സമൂഹം ആർജ്ജി ▶▶



# "പുരോഹിതമാടമ്പിത്തരത്തിനുള്ള പരിഹാരം ചർച്ച് ആക്ട്" – റവ. യൂഹാനോൻ റമ്പാൻ

*(MACCBI ഡയറക്ടർ റവ. യൂഹാനോൻ റമ്പാൻ, കൊല്ലം ചർച്ച് ആക്ട് ആക്ഷൻ കൗൺസിലിന്റെ അംഗത്വവിതരണം ഉദ്ഘാടനംചെയ്തു നടത്തിയ പ്രസംഗത്തിന്റെ സംക്ഷിപ്തം.)*

**സ**മകാലിക കാലഘട്ടത്തിൽ ക്രൈസ്തവസഭകൾ നേരിടുന്ന പ്രധാന വെല്ലുവിളി എപ്പിസ്കോപ്പൽ മാടമ്പിത്തരമാണെന്നും ഇതിനുള്ള ഏക പരിഹാരം ചർച്ച് ആക്ട് നടപ്പാക്കുക എന്നതുമാത്രമാണെന്നും യാക്കോബായ സഭയിലെ റവ. യൂഹാനോൻ റമ്പാൻ. കൊല്ലത്തു നടന്ന ചർച്ച് ആക്ട് ആക്ഷൻ കൗൺസിലിന്റെ അംഗത്വവിതരണ കാമ്പയിൻ ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു, അദ്ദേഹം.

കേരളത്തിലെ ക്രൈസ്തവസഭകൾ ആത്മീയപാപ്പരത്തത്തിന്റെ കൊടുമുടിയിൽ എത്തിച്ചേർന്നിരിക്കുന്നുവെന്നും സഭകൾ നേരിടുന്ന പ്രധാന പ്രശ്നം എപ്പിസ്കോപ്പൽ ഫ്യൂഡലിസമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. സ്വത്തുഭരണത്തിൽ ജനാധിപത്യപരമായ ചട്ടക്കൂട് ഉണ്ടായതിലൂടെ ലോകത്തെല്ലായിടത്തും ജനാധിപത്യത്തിനു മുന്നിൽ ഫ്യൂഡലിസം തകർന്നതുപോലെ ക്രൈസ്തവസഭകളിലെ പുരോഹിതമാടമ്പിത്തരത്തിനും തിരശ്ശീല വീഴുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സഭാസ്വത്തുക്കൾ കൈകാര്യംചെയ്യുന്നതിൽ ഇത്തരമൊരു ജനാധിപത്യപരമായ ചട്ടക്കൂട് കൊണ്ടുവരികയെന്നതാണ് ചർച്ച് ആക്ടിലൂടെ ഉന്നം വയ്ക്കുന്നതെന്നും ക്രിസ്തുവിനെയും കുരിശിനെയും സ്നേഹിക്കുന്ന ഒരാളും ചർച്ച് ആക്ടിനെ എതിർക്കില്ലായെന്നും എതിർക്കേണ്ടത് പൗരോഹിത്യത്തെയല്ലെന്നും ആ വേഷം ധരിച്ചു നടക്കുന്ന ആട്ടിൻ തോലിട്ട കുറ്റവാളികളെയും തട്ടിപ്പുകാരെയുമാണെന്നും അദ്ദേഹം പറഞ്ഞു.

ഇങ്ങനെയുള്ള എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഏറ്റവും നല്ല പരിഹാരമാണ് ചർച്ച് ആക്ട് നടപ്പിലാക്കുക എന്നത്. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ അധ്യക്ഷനായുള്ള നിയമപരിഷ്കരണ കമ്മീഷൻ കേരള സർക്കാരിന് സമർപ്പിച്ച 'കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബി'ല്ലിൽ താൻ അപാകതകളൊന്നും കാണുന്നില്ലെന്നും സഭയ്ക്കോ പൗരോഹിത്യത്തിനോ എതിരായി യാതൊന്നും ബില്ലിൽ ഇല്ലെന്നും അദ്ദേഹം നിരീക്ഷിച്ചു. ക്രൈസ്തവസഭകളെ മൂല്യങ്ങളിൽ ഉറപ്പിച്ചുനിർത്തുന്നതിന് സഹായകമാണ് ഈ നിയമമെന്നും ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം, ക്രിസ്ത്യൻ വിവാഹനിയമം എന്നിവ പോലെയുള്ള ഒരു നിയമമാണ് ചർച്ച് ആക്ട് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചർച്ച് ആക്ട് ആക്ഷൻ കൗൺസിലിന്റെ അംഗത്വവിതരണോദ്ഘാടനം തങ്കച്ചൻ എൽ., ഹിലാരി സക്കറിയ എന്നിവർക്ക് നല്കി റവ. യൂഹാനോൻ റമ്പാൻ നിർവ്വഹിച്ചു. ചർച്ച് ആക്ടിനെക്കുറിച്ചുള്ള വിശദീകരണക്ലാസ് 'ഭാരതവിമോചനം' പത്രാധിപർ പ്ലാസിഡ് ജി. മുക്കാട് നയിച്ചു. ചടങ്ങിൽ തങ്കച്ചൻ എൽ. ആധ്യക്ഷ്യം വഹിച്ചു. അഡ്വ. ബോറിസ് പോൾ, ഇഗ്നേഷ്യസ് റോബർട്ട് എന്നിവർ സന്നിഹിതരായിരുന്നു. ●

▸▸ ച്ചിട്ടുള്ള ഇന്ത്യയിലെ പള്ളികളും സ്ഥാപനങ്ങളും സ്വത്തുക്കളും രാഷ്ട്രനിയമത്തെ മറികടന്ന് അധാർമ്മികമായി, റോമിലെ പോപ്പിന്റെയും പോപ്പിന്റെ പ്രതിനിധികളായ രൂപതാമെത്രാന്മാരുടെയും സ്വന്തമാക്കുന്നതാണ് ജോൺപോൾ രണ്ടാമൻ അടിച്ചേൽപ്പിച്ച കാനോൻനിയമം. ക്രിസ്തീയവിശ്വാസത്തിലും സന്മാർഗ്ഗത്തിലും വർത്തിച്ചുപോരുന്ന ഭാരതക്രൈസ്തവസഭയിൽ, റോമിൽ തുടരുന്ന രതിവൈകൃതങ്ങളും അവിഹിതലൈംഗികബന്ധങ്ങളും അസാന്മാർഗികതയും രഹസ്യവിവാഹവും (secret marriage) ഭാരതസഭയിലും പ്രാവർത്തികമാക്കുന്നതാണ് ജോൺപോൾ രണ്ടാമൻ പ്രാബല്യത്തിലാക്കിയ കാനോൻനിയമങ്ങൾ. ജനാധിപത്യത്തിലധിഷ്ഠിതവും സാന്മാർഗികമൂല്യപരിപോഷകവുമായ ഭാരതസഭയുടെ ക്രിസ്തീയജീവിതശൈലിയെ അട്ടിമറിച്ചത് പോപ്പ് ജോൺപോൾ രണ്ടാമന്റെ പൗരസ്ത്യ കാനോൻനിയമത്തിലൂടെയാണ്. ദുഷ്ടതയുടെ പ്രതീകങ്ങളായ മുൻഗാമികളെ വിശുദ്ധപദവി നൽകി റോം ആദരിച്ചതുപോലെ, ഈ ഏകാധിപതിയും ഇന്ന് റോമിന്റെ വിശുദ്ധ പദവിയിലിരുന്ന് വിശ്രമിക്കുകയാണ്. സന്മാർഗ്ഗജീവിതത്തിനുടമകളായിരുന്ന ഭാരതസഭയിലെ മെത്രാന്മാരും വൈദികരും കാനോൻനിയമത്തിന്റെ വരവോടെ കവർച്ചയിലും തട്ടിപ്പിലും കൊള്ളയിലും കൊലയിലും അനീതിയിലും ആഭിചാരത്തിലും ലൈംഗികതയിലും വൈകൃതങ്ങളിലും അവിഹിതവേഴ്ചകളിലും മുഴുകി എപ്പിക്യൂരിയനിസത്തിൽ ആറാടുകയാണ്.

പുരോഹിതരുടെ എപ്പിക്യൂരിയനിസത്തിനിരയായ കോട്ടയം പയസ് ദ ടെൻത് കോൺവെന്റിലെ സിസ്റ്റർ അഭയ കൊലചെയ്യപ്പെട്ടതും, പുൽപ്പള്ളിയിലെ (വയനാട്) മരകാവ് കോൺവെന്റ് വക കിണറ്റിൽ ആ മഠത്തിലെ ആറുമാസം ഗർഭിണിയായ സിസ്റ്ററിന്റെ ജഡം കാണപ്പെട്ടതും, താമരശ്ശേരി രൂപതയിൽപ്പെട്ട കല്ലുരുട്ടി കോൺവെന്റ് കിണറ്റിൽ ജനനേന്ദ്രിയത്തിൽ മുറിവോടു

കൂടി അവിടുത്തെ സിസ്റ്റർ ജ്യോതിസ്സിന്റെ മൃതദേഹം കാണപ്പെട്ടതും, കൊച്ചി ബിഷപ്പ് ജോൺ തട്ടുങ്കൽ തന്റെ ബിഷപ്പ്സ് ഹൗസിൽ പ്രായപൂർത്തിയായ യുവതിയെ രഹസ്യമായി പാർപ്പിച്ചുവന്നതു വെളിച്ചത്തായതോടെ അതു ദത്തെടുക്കൽ പ്രക്രിയയാക്കി മാറ്റിയ സംഭവവും, കോട്ടയം മുക്കൂട്ടുതറ കോൺവെന്റിലെ സിസ്റ്ററിന്റെ ജഡം മുള്ളുവേലികെട്ടി ബന്തവസ് ചെയ്ത കോൺ വെന്റിന്റെ കുടിവെള്ളകിണറ്റിൽ കാണപ്പെട്ടതും, തൃശൂർ തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് ചർച്ച് വികാരി രാജു കൊക്കൻ ബാലികയെ ലൈംഗികമായി പീഡിപ്പിച്ച് ജയിലിലായ സംഭവവുമെല്ലാം ഇതിന് ഉത്തമദൃഷ്ടാന്തങ്ങളാണ്.

താമരശ്ശേരി രൂപതയിലെ പൂവാറത്തോട് പള്ളി വികാരി ജയ്സൺ കണ്ടത്തിൻകര അതേ രൂപതയിൽപ്പെട്ട ഒരു സിസ്റ്ററിനെ പൂർണഗർഭിണിയാക്കിയതിനേത്തുടർന്ന് രൂപതാ ബിഷപ്പ് റെമിജിയോസ് പോൾ ഇഞ്ചനാനി ഗർഭിണിയെയും വികാരിയെയും അർധരാത്രിയിൽ അജ്ഞാതസങ്കേതത്തിലേക്ക് മാറ്റിയതും, യുവതികളെ നിയമവിരുദ്ധമായി വിദേശങ്ങളിലേക്കു കയറ്റി അയച്ചതിന് വൈദികൻ കൊച്ചിയിൽ പോലീസ്പിടിയിലായതും, പുത്തൻവേലിക്കര ലൂർദ് മാതാപള്ളിവികാരി എഡ്വിൻ ഫിഗറസ് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികപീഡനത്തിനിരയാക്കിയതും, ഇരിട്ടിയിൽ റോബിൻ വടക്കുംചേരി എന്ന പുരോഹിതൻ പെൺകുട്ടിയെ ഗർഭിണിയാക്കിയതും, പ്രസവദിവസം തന്നെ കുട്ടിയെ വൈത്തിരി അനാഥാലയത്തിലേക്ക് മാറ്റിയ ശേഷം വിദേശത്തേക്ക് കടക്കാൻ ശ്രമിച്ച റോബിനെ പോലീസ് അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചതും, പാലക്കാട് വാളയാർ സെന്റ് സ്റ്റെൻസിലാവോസ് പള്ളി വികാരി ആരോഗ്യരാജ് പ്രായപൂർത്തിയാകാത്ത ഫാത്തിമ സോഫിയ എന്ന പെൺകുട്ടിയെ ബലാൽസംഗംചെയ്തു കൊലപ്പെടുത്തിയതും പൊതുസമൂഹത്തിൽ അറിയപ്പെട്ട സംഭവങ്ങളാണ്. എന്നാൽ ഇത്തരം വസ്തുതകളെ ഒറ്റപ്പെട്ട സംഭവം എന്ന പേരുചാർത്തി പുരോഹിതവർഗം തടിതപ്പുകയാണ് ചെയ്യാറുള്ളത്. പക്ഷേ, അറിയപ്പെടാത്ത ഇത്തരം നിരവധി നിരവധി സംഭവങ്ങൾ പുരോഹിതരുടെ സ്വാധീനസമ്മർദ്ദങ്ങൾക്കു വഴങ്ങി മൂടിവയ്ക്കപ്പെട്ടവയായുണ്ട്. ഇത്തരത്തിലുള്ള എപ്പിക്യൂരിയൻ ആസ്വാദനം ഭാരതകത്തോലിക്കാസഭയിൽ അടിക്കടി വർധിച്ചുകൊണ്ടിരിക്കുകയാണ്. മെത്രാന്മാരുടെയും പുരോഹിതന്മാരുടെയും അധാർമ്മികചെലവുകൾക്കുള്ള വരുമാനം കണ്ടെത്തിയിരിക്കുന്നത് ഭാരതസഭയുടെ അളവറ്റ സ്വത്തുക്കളിലും നേർച്ചപ്പണത്തിലും സ്ഥാപനങ്ങളിൽനിന്നുള്ള വരുമാനങ്ങളിലും ഇതരവരുമാനമാർഗങ്ങളിലുംനിന്നാണ്. പട്ടിണിപ്പാവങ്ങളായ വിശ്വാസികൾ മുണ്ടുമുറുക്കിയുടുത്ത് മിച്ചംവെച്ച ദശാംശങ്ങളും സ്തോത്രക്കാഴ്ചകളും ഉപയോഗിച്ചാണ് പുരോഹിതവർഗം ഇവിടെ എപ്പിക്യൂരിയനിസം കളിക്കുന്നത്.

സാമ്പത്തികചൂഷണം, പൊതുമുതൽ ദുർവിനിയോഗം, ആർഭാടപൂർവമായ ദേവാലയനിർമ്മാണം, സഭാസ്ഥാപനങ്ങളുടെ നിർമ്മാണം, ബിഷപ്പുമാർക്ക് പാർക്കാൻ കോടികൾ മുടക്കിയുള്ള അരമനനിർമ്മാണം, സ്ഥാനമൊഴിഞ്ഞ ബിഷപ്പിനും സ്ഥാനം വഹിക്കുന്ന ബിഷപ്പിനും പ്രത്യേകം പ്രത്യേകമായ അരമനനിർമ്മാണം, സഭയുടെ പൊതുപണമുപയോഗിച്ച് ബിഷപ്പുമാർ കൂടെക്കൂടെ നടത്തുന്ന വിദേശപര്യടനങ്ങൾ, വൻവിലമതിപ്പുള്ള കാറുകൾ എന്നിവ മെത്രാന്മാരുടെ ആഡംബര ജീവിതത്തിന്റെ പ്രതീകങ്ങളാണ്.

താമരശ്ശേരി രൂപതയിൽപ്പെട്ട പുഷ്പഗിരി പള്ളി വികാരി മാത്യു തകിടിയേലും ബിഷപ്പ് റെമീജിയോസ് ഇഞ്ചനാനിയുംചേർന്ന് പുഷ്പഗിരി ഇടവകയുടെ സ്ഥലത്ത് മൂന്നു ദശാബ്ദത്തോളം കാലം അനധികൃത കരിങ്കൽ ക്വാറി നടത്തിവന്നിരുന്നതും പൊതുജനപരാതി ശക്തമായതോടെ ക്വാറിയും പള്ളിയും സ്കൂൾസ്ഥലവും ക്വാറിമാഫിയകൾക്ക് ബിഷപ്പ് കൈമാറിയതും, മാനന്തവാടി ബിഷപ്പും ചങ്ങനാശ്ശേരി അതിരൂപതാ ബിഷപ്പും താമരശ്ശേരി ബിഷപ്പും മറ്റും കേരളം, കർണ്ണാടകം, ഗോവ എന്നിവിടങ്ങളിലെ സഭാവക സ്ഥലം വിറ്റ് പണനേട്ടമുണ്ടാക്കിയതും, ചങ്ങനാശ്ശേരി ആർച്ചു ബിഷപ്പും ഫാ. തോമസ് പീലിയാനിയുംചേർന്ന് കുട്ടനാട് കർഷകസമിതിയുണ്ടാക്കി കർഷകരുടെപേരിൽ അവരറിയാതെ വായ്പയെടുത്തു നടത്തിയ വഞ്ചനയും തട്ടിപ്പും, കൊല്ലം രൂപതാബിഷപ്പ് സ്റ്റാൻലി റോമൻ സഭാവസ്തുക്കൾ വിറ്റ് പണം തട്ടിയ സംഭവവും ഭരണാധികാരികൾ തിരിച്ചറിയണം. ഇവയെല്ലാം മേജർ ആർച്ച്ബിഷപ്പ് ജോർജ് ആലഞ്ചേരിയുടെ ഭൂമികുംഭകോണത്തിന്റെ യഥാർഥ പതിപ്പുകളാണ്. ഇത്തരം ഇടപാടുകളുടെ മറവിലാണ് മെത്രാന്മാർ ഉൾപ്പെടെയുള്ള പുരോഹിതർ സമ്പന്നരായിത്തീരുന്നത്. സമ്പത്തിന്റെ ആധിക്യവും ദുർവിനിയോഗവും അഹന്തയിലേക്കും അഹന്ത ഏകാധിപത്യത്തിലേക്കും അവരെ നയിക്കും. ആരും ചോദിക്കാനോ നിയന്ത്രിക്കാനോ ഇല്ലാത്ത അവസ്ഥയിൽ ഈ പുരോഹിതവർഗ്ഗം ഉറകെട്ട ഉപ്പായി, എപ്പിക്യൂരിയനിസത്തിന്റെ പ്രയോക്താക്കളായി, മാറും. സമ്പത്തിന്റെ ശക്തിയിൽ ആ സമ്പത്തിന്റെ ഉടമകളായ വിശ്വാസിസമൂഹത്തെ കായികമായി കൈകാര്യം ചെയ്യാൻപോലും പുരോഹിതവർഗം മടിക്കുകയില്ല.

ഈ വസ്തുത ഇവിടുത്തെ അൽമായസമൂഹമോ ഇതര മതസമൂഹങ്ങളോ ഭരണാധികാരികളോ പാർലമെന്റേറിയന്മാരോ നിയമസഭാ സാമാജികന്മാരോ രാഷ്ട്രീയ പാർട്ടികളോ യഥാവിധി മനസ്സിലാക്കുന്നില്ല. മാത്രവുമല്ല, പുറത്തറിയപ്പെടുന്ന സംഭവങ്ങൾ 'ഒറ്റപ്പെട്ടത്' എന്ന പട്ടികയിൽപ്പെടുത്തി ഇവർ മത്സരബുദ്ധിയോടെ പക്ഷം പിടിച്ച് പുരോഹിതവർഗ്ഗത്തെ വെള്ളപൂശിക്കൊണ്ടിരിക്കയാണ്. മേൽവിവരിച്ച വസ്തുതകൾ തിരിച്ചറിഞ്ഞ് ഭരണാധികാരികളും ന്യായാധിപന്മാരും ഭരണഘടനാവിരുദ്ധമായ കാനോൻനിയമം വഴിയുള്ള റോമൻ കൊളോണിയൽ വാഴ്ച ഇന്ത്യാരാജ്യത്ത് നിരോധിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പള്ളിസ്വത്തുക്കളും സ്ഥാപനങ്ങളും ഇന്ത്യൻ ഭരണഘടനയ്ക്ക് വിധേയമായി ജനാധിപത്യരീതിയിൽ ഭരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും, കേന്ദ്രസർക്കാരിന്റെ ലജിസ്ലേറ്റീവ് ഡിപ്പാർട്ടുമെന്റിൽ ഇരിക്കുന്ന 'ദി ഇന്ത്യൻ ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബില്ലി'നും കേരള നിയമപരിഷ്കരണ കമ്മീഷൻ 2009-ലെ റിപ്പബ്ലിക്ക് ദിനത്തിൽ നിയമപ്രാബല്യത്തിലാക്കണമെന്ന ശിപാർശയോടെ കേരള സർക്കാരിന് നൽകിയിട്ടുള്ളതും നിയമവകുപ്പിന്റെ ഫയലിൽ ഉറങ്ങുന്നതുമായ 'ദി കേരളാ ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബില്ലി'നും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തിരമായി നിയമപ്രാബല്യം നൽകി ഭരണഘടനാബാധ്യത നിറവേറ്റിത്തരികയാണു വേണ്ടത്. *(അവസാനിച്ചു)*

ഫോൺ: 9400953632

# കൊരട്ടിമുത്തിയെ കൊള്ളയടിച്ച പുരോഹിതൻ!

**സി.വി. സെബാസ്റ്റ്യൻ,** (പ്രസിഡന്റ്, KCRM)

**"പു**ണ്യാളനെന്തിനാ പൊന്നിൻ കുരിശ്" എന്ന് ബഷീറിന്റെ കള്ളൻ തോമാ ചോദിച്ചതുപോലെ, കൊരട്ടിമുത്തിക്കെന്തിനാ പൊന്നാടകൾ എന്ന് ഫാദർ മണവാളൻ ചിന്തിച്ചുപോയതിൽ കുറ്റം പറയാനാവില്ല. ആടയാഭരണങ്ങൾ നഷ്ടപ്പെട്ടതിൽ മുത്തിക്കില്ലാത്ത വിമ്മിട്ടം ഇടവകക്കാർക്ക് എന്തിന്? മുത്തിയുടെ മുൻകൂർ അനുമതിവാങ്ങി താൻ നടത്തിയ കച്ചവടം ചോദ്യം ചെയ്യാൻ വിശ്വാസികൾ ആര്? എന്നിട്ടും രായ്ക്കുരായ്മാനം അവന്മാരു തന്നെ കൊരട്ടിയിൽനിന്നു തല്ലിയോടിച്ചത് ശുദ്ധ തെമ്മാടിത്തരമല്ലേ?



കഴിഞ്ഞ ഏപ്രിൽ 22-ാം തീയതി ഞായറാഴ്ച ഇപ്പൻസാറും ഈ ലേഖകനുംകൂടി കൊരട്ടിമുത്തിയുടെ തീർഥാടനകേന്ദ്രം സന്ദർശിച്ചു. വെറുതെയല്ല, ചർച്ച് ആക്ട് പ്രചരാണാർഥം കുറച്ചു നോട്ടീസുകൾ വിതരണം ചെയ്യാൻ. പള്ളിഗേറ്റിന്റെ മുന്നിൽകണ്ട കാഴ്ചകൾ ഞങ്ങളെ ശരിക്കും അമ്പരപ്പിച്ചുകളഞ്ഞു. ഏതാണ്ട് തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ എത്തിയ പ്രതീതി! വലിയ വലിയ പരസ്യബോർഡുകളും ബാനറുകളും. അവയിൽ നിറയെ ചോദ്യങ്ങളും പരാതികളും ആരോപണങ്ങളും മുദ്രാവാക്യങ്ങളും! എല്ലാം തിരുമേനിമാർക്കും പുരോഹിതർക്കും എതിരെ! കൊള്ളാം - കള്ളപുരോഹിതർക്കെതിരെ ഉണർന്ന കൊരട്ടി ഇടവകക്കാരെ മനസ്സിൽ അഭിനന്ദിച്ചു.

എട്ടു മണിക്ക് രണ്ടാം കുർബാന പിരിഞ്ഞതോടുകൂടി ഞങ്ങൾ നോട്ടീസ് വിതരണം ആരംഭിച്ചതും അതാ വരുന്നു, രണ്ട് തടിമാടന്മാർ. അവർ ഞങ്ങളെ പരുഷമായി ചോദ്യംചെയ്യാൻ തുടങ്ങി. 'നിങ്ങൾ എവിടെനിന്നു വരുന്നു? തൃശ്ശൂർ മെത്രാനെയും കർദ്ദിനാൾ ആലഞ്ചേരിയെയുംമറ്റും ന്യായീകരിക്കാൻ വന്നതാണോ? എങ്കിൽ എത്രയും വേഗം സ്ഥലംവിട്ടോണം' എന്നിങ്ങനെ ആക്രോശിച്ചു. പുരോഹിതാധികാരികൾക്കെതിരെ അവർ പുലർത്തുന്ന ഈ ജാഗ്രത ഞങ്ങളെ സന്തോഷിപ്പിക്കുകയാണ് ചെയ്തത്.

ഞങ്ങൾ ഞങ്ങളുടെ വരവിന്റെ ഉദ്ദേശ്യം ശാന്തമായി പറയുകയും തെളിവിനായി ഏതാനും നോട്ടീസുകൾ അവർക്കും ചുറ്റുംകൂടിനിന്നവർക്കും വച്ചുനീട്ടുകയും ചെയ്തു. നോട്ടീസിലെ 'സഭാസ്വത്തുക്കൾ വിശ്വാസികളുടേത്' എന്ന തലക്കെട്ടു കണ്ടതും അവർ ശാന്തരായി. മാത്രമല്ല, ഞങ്ങളോട് സൗഹൃദഭാവത്തിൽ പെരുമാറാനും തുടങ്ങി. നോട്ടീസ് കിട്ടിയ പലരും ഒറ്റ നില്പിൽ വായിച്ചുതീർക്കുകയും അതു മടക്കി ഭദ്രമായി കീശയിലിട്ടുകൊണ്ട് സന്തോഷത്തോടെ യാത്രപറഞ്ഞു പിരിയുകയും ചെയ്തു. ഒന്ന് തീർച്ചയാണ്, കൊരട്ടിയിലുള്ളവർ, പ്രത്യേകിച്ച് പ്രായംചെന്ന വിശ്വാസികൾ, സഭയുടെ ഇപ്പോഴത്തെ അവസ്ഥയിൽ അങ്ങേയറ്റം

> യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസിന് ഒരു മനഃസാക്ഷിയുണ്ടായിരുന്നു. അതുകൊണ്ടാണ് കുറ്റബോധവും നിരാശയുമുണ്ടായി തൂങ്ങിമരിച്ചത്. പക്ഷേ, അങ്ങനെയൊരു മനഃസാക്ഷിക്കുത്തോ കുറ്റബോധമോ യേശുവിന്റെ സഭയെ ഒറ്റിക്കൊടുത്തുകൊണ്ടിരിക്കുന്ന ഇന്നത്തെ നമ്മുടെ മെത്രാന്മാരിലും പുരോഹിതന്മാരിലും ഇല്ലതന്നെ.

സ്തോഭത്തിലും ഹൃദയം നുറുങ്ങുന്ന വേദനയിലുമാണ്.

കൂനിന്മേൽ കുരുവെന്നപോലെ അവരെ നടുക്കാൻ മറ്റൊരു സംഭവവും ഈയിടെ അവിടെ ഉണ്ടായതായി ഏതാനുംപേർ അടക്കം പറയുന്നതുപോലെ പറഞ്ഞു. കൊരട്ടി പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന ആസ്പത്രി യിൽ ചികിത്സയ്ക്കു വന്ന മുസ്ലീം യുവാവിന്റെകൂടെ അവിടെ ജോലിചെയ്തിരുന്ന ഒരു കന്യാസ്ത്രീനേഴ്സ് ഒളിച്ചോടിയ സംഭവമാണത്. കത്തോലിക്കാ കുടുംബങ്ങൾ നടതള്ളുന്ന സ്ത്രീജന്മങ്ങളിൽ ഒന്നെങ്കിലും രക്ഷപെട്ടല്ലോ എന്ന ചിന്തയായിരുന്ന ഞങ്ങൾക്ക്. പക്ഷേ, അതുൾക്കൊള്ളാൻ കൊരട്ടിയിലെ വിശ്വാസികൾക്കാകുമായിരുന്നില്ല.

ഈയിടെ ഒരു ഹിന്ദു സുഹൃത്ത് പറഞ്ഞ തമാശ അല്പം അതിരുകടന്നതാണെങ്കിലും അല്പം കഴമ്പുള്ളതാണെന്നു തോന്നുന്നു: "ഞങ്ങളുടെ മന്ത്രിമാത്രമല്ല, നിങ്ങളുടെ ചില ബിഷപ്പുമാരും ഹണിട്രാപ്പിൽപ്പെട്ട് ബ്ലാക്ക്മെയിലിങ്ങിന്റെ മുൾമുനയിലാണ് എന്നു കരുതേണ്ടിയിരിക്കുന്നു. അതുകൊണ്ടായിരിക്കാം ഭൂമികുംഭകോണത്തിലെ സത്യങ്ങൾ ബന്ധപ്പെട്ടവരാരും തുറന്നു പറയാത്തത്," എന്നാണദ്ദേഹം പറഞ്ഞത്. സ്വർണ്ണം കട്ട ഫാ.

# അഡൾട്ട്സ് ഒൺലി!

## ഇപ്പൻ



റൂഹാ – ഇപ്പാ, എടാ ശപ്പാ, ഏക്കടാ.

ഞാൻ – ആരാ ഈ അസമയത്ത്?

റൂഹാ – ഞാനാടാ, റൂഹാദക്കുദിശാ തമ്പുരാൻ.

ഞാൻ – അയ്യോ, പീഡിപ്പിക്കല്ലേ; എന്റെ പൊന്നു തമ്പുരാനേ, എന്നെ പീഡിപ്പിക്കല്ലേ....

റൂഹാ – ഇതാണ് കത്തനാരന്മാരെന്നോടു ചെയ്ത കൊലച്ചതി. പതിവ്രതാരത്നമായ മറിയത്തിന്റെ കിടപ്പറയിൽ ഞാൻ അസമയത്ത് പ്രവേശിച്ച് അരുതാത്തത് ചെയ്തു എന്ന് നിന്നെപ്പോലുള്ള മണ്ടന്മാരുടെ ഇളംതലച്ചോറിൽ അടിച്ചുകയറ്റിയില്ലേ, അവർ? ഞങ്ങൾക്ക് നിങ്ങൾ മക്കളാണ്. സമയത്താണെങ്കിലും അസമയത്താണെങ്കിലും രതിവൈകൃതപരിശോധന നടത്തി അകത്തു കയറ്റേണ്ടത് അവന്മാരെയാണ്; കത്തനാരന്മാരെ.

ഞാൻ – തമ്പുരാനേ, ക്ഷമിക്കണം. വേദപാഠക്ലാസ്സുകളിൽവെച്ചു കിട്ടിയ ബ്രയിൻവാഷിങ്ങിന്റെ കലിപ്പ് അത്രയ്ക്കുണ്ട്.

റൂഹാ – ഞങ്ങൾക്ക് നിങ്ങളിലൂടെമാത്രമേ പ്രവർത്തിക്കാനാവൂ എന്ന് ഇപ്പോഴെങ്കിലും പിടികിട്ടിയോ? അല്ലെങ്കിൽ എത്ര പണ്ടേ ഞങ്ങള് പഞ്ചനക്ഷത്രപള്ളികളും വേദോപദേശക്ലാസ്സുകളുമൊക്കെ തീയും ഗന്ധകവും ഇറക്കി നശിപ്പിച്ചേനേ; അഭയാർഥിക്യാമ്പുകളിലും പട്ടിണി പ്രദേശങ്ങളിലും മന്നാ പൊഴിച്ചേനേ!

ഞാൻ – എന്നാലും എനിക്ക് വിശ്വസിക്കാനേ കഴിയുന്നില്ല. അങ്ങ് ഈ പാവപ്പെട്ടവന്റെ കുപ്പമാടത്തിൽ!

റൂഹാ – മഹാശക്തന്മാർക്കും ചിലപ്പോൾ അല്പപ്രാണികളെക്കൊണ്ട് ഉപയോഗം വരും.

ഞാൻ – എന്താണാവോ അങ്ങ് ഉദ്ദേശിക്കുന്നത്?

റൂഹാ – സീറോ-മലബാർ കുടുംബപ്രേഷിത കേന്ദ്രം നടത്തിയ തെറിസർവ്വേക്ക് ഒരു മറുപടി കൊടുക്കാഞ്ഞ് എന്റെ നാക്കു ചൊറിഞ്ഞുവരുന്നു. എന്റെ തീനാക്കിനുപോലും ചൊറിയണമെങ്കിൽ?!

ഞാൻ – പ്രഭോ, അതിന് ഈയുള്ളവൻ...

റൂഹാ – കിഴങ്ങാ, നേരത്തേ പറഞ്ഞില്ലേ ഞങ്ങൾ നിങ്ങളിലൂടെയാണ് പ്രവർത്തിക്കുന്നതെന്ന്.

ഞാൻ – എന്നാലും അടിയൻ!

റൂഹാ – തെറിക്കുത്തരം മുറിപ്പത്തൽ!

ഞാൻ – ആ മൂലേച്ചാലി ...? കന്യാസ്ത്രീമാരൊക്കെ വായിക്കുന്ന മാസികയാ.

റൂഹാ – അവനവിടെ മൂലേൽ ചാരിയിരുന്നോളാൻ പറയണം. ചുണയുണ്ടെങ്കിൽ ഞാനെഴുതിക്കുന്നതവൻ എഡിറ്റു ചെയ്യട്ടെ. നീ 'അഡൾട്ട്സ് ഒൺലി' എന്നു തലക്കെട്ടു കൊടുക്ക്. എന്നിട്ടും വായിക്കുന്നവളുമാരു വായിക്കട്ടെ. മൊബൈലിൽ പിടിച്ച് രണ്ടു ഞെക്കുഞെക്കിയാൽ സണ്ണി ലിയോണിമാർ പിറന്നപടി പറന്നെത്തുന്ന കാലത്താണ് കപടസദാചാര പ്രസംഗം!

ഞാൻ – സഭ പറയുന്നതിലും ലേശം കാര്യമില്ലേ? യഹോവാ എബ്രഹാം പിതാവിനോടു പറഞ്ഞില്ലേ, നീ കടൽത്തീരത്തെ മണൽത്തരികൾപോലെയും ആകാശത്തെ നക്ഷത്രങ്ങൾപോലെയും പെറ്റുപെരുകണമെന്ന്.

റൂഹാ – പൊട്ടാ, നീ 'സത്യജാല'യിൽ പ്രൊഫ. ലൂക്കായും തകിടിയേൽ മത്തായിയും മറ്റും എഴുതുന്ന സുവിശേഷങ്ങൾ വായിക്കാറില്ലേ? പഴയനിയമത്തിലെ മുക്കാലേമുണ്ടാണിയും ബ്ലണ്ടറുകളാണ്. യഹോവാ അങ്ങനെ പറഞ്ഞെങ്കിൽ ത്തന്നെ അത് ആ കാലത്തിന്റെ ആവശ്യകതയെ മുൻനിർത്തിയാണ്. അന്നു ജനസംഖ്യ തീരെ കുറവ്. കൃഷിയും കാലിവളർത്തലും ഉപജീവനമാർഗം. തൊഴിലെടുക്കാൻ ആളുമില്ല. ഒരുത്തി പതിനയ്യായിരം മുക്കുമുക്കി പതിനഞ്ച് കുഞ്ഞുങ്ങളെ പ്രസവിച്ചാൽ അഞ്ചെണ്ണം ജീവിച്ചുകിട്ടിയാലായി. ഇന്നത്തെ അവസ്ഥ ▸▸

---

മണവാളനെ രക്ഷിക്കാൻ രൂപതയും പുരോഹിതപ്രമാണിമാരും നടത്തുന്ന ശ്രമങ്ങളിലും അങ്ങനെ വല്ലതുമുണ്ടായിരിക്കാം.

യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസിന് ഒരു മനഃസാക്ഷിയുണ്ടായിരുന്നു. അതുകൊണ്ടാണ് കുറ്റബോധവും നിരാശയും തോന്നി തൂങ്ങിമരിച്ചത്. പക്ഷേ, അങ്ങനെയൊരു മനഃസാക്ഷിക്കുത്തോ കുറ്റബോധമോ യേശുവിന്റെ സഭയെ ഒറ്റിക്കൊടുത്തുകൊണ്ടിരിക്കുന്ന ഇന്നത്തെ നമ്മുടെ മെത്രാന്മാരിലും പുരോഹിതന്മാരിലും ഇല്ലതന്നെ. കപടഭക്തരായ അവർ, യൂദാസ് തിരിച്ചെത്തി കയ്യാഫാസുമാരുടെയും പീലാത്തോസുമാരുടെയും സീസർമാരുടെയും ബറാബാസുമാരുടെയും ഒത്താശയോടെ മതഭരണം കൈയാളിയാലെന്നതുപോലുള്ള ഒരു കാഴ്ചയാണ് ഇന്ന് സീറോ-മലബാർ സഭയിൽ നടക്കുന്നത് എന്ന് സ്വർണക്കൊള്ള നടത്തിയ ഫാ. മണവാളനെയും സഭാസ്വത്ത് വിറ്റുതുലച്ച മാർ ആലഞ്ചേരിയെയും സംരക്ഷിക്കാൻ വിവിധ കോണുകളിൽ ഒളിഞ്ഞും തെളിഞ്ഞും നടന്നുവരുന്ന പരിശ്രമങ്ങൾ തെളിയിക്കുന്നു. ഈ നീക്കങ്ങൾക്കെതിരെ യേശുവിന്റെ ചാട്ടവാർ കൈയിലേന്തിയിരിക്കുന്ന കൊരട്ടി ഇടവകക്കാർക്ക് അഭിവാദനങ്ങൾ.!

ഫോൺ – 9496128188



അതാണോ? ഇതുകൊണ്ടൊക്കെയാണ്, ഏതു പുസ്തകവും തള്ളേണ്ടത് തള്ളിയും കൊള്ളേണ്ടത് കൊണ്ടും വായിക്കണമെന്നു പറയുന്നത്.

ഞാൻ – അതൊള്ളതാന്നേ. ഇന്നെന്തെല്ലാം ഗുലുമാലുകളാണ്. പരിസ്ഥിതിപ്രശ്നങ്ങൾ, മലിനീകരണം, കാലാവസ്ഥാ വ്യതിയാനം, വിഭവശോഷണം, ഓസോൺ പാളിയിലെ വിള്ളൽ, ധ്രുവപ്രദേശത്തെ മഞ്ഞുരുകൽ, പുതിയ പുതിയ രോഗങ്ങൾ...!

റൂഹാ – കാറ്റുനോക്കി തൂറ്റാനും മാറ്റത്തിനനുസരിച്ച് മാറാനുമാണ് മനുഷ്യന് ബുദ്ധി. സീറോ–മലബാർ സഭയിൽ ഇരുപതിലേറെ കുഞ്ഞുങ്ങളുള്ള കുടുംബങ്ങളുണ്ടായിരുന്നു കഴിഞ്ഞ തലമുറയിൽ. അവരുടെ മക്കളും അതുപോലെ പെറ്റുപെരുകിയാൽ എന്താവും സംഭവിക്കുക? കണക്കുശാസ്ത്രത്തിന്റെ മധ്യസ്ഥനായ എന്റെതന്നെ തല മരയ്ക്കുന്നു. 5000 കൊച്ചുമക്കളെങ്കിലും കുറഞ്ഞതുണ്ടാവും, ആ കാർന്നോന്മാരെ കുഴിയിലോട്ടെടുക്കാൻ! ഇന്നു ലോകത്തുള്ള 1000 കോടി ജനങ്ങൾ നൂറുവർഷം കഴിയുമ്പോൾ ഇരുപത്തഞ്ചു ലക്ഷം കോടിയായി വർധിക്കുമെന്ന് ചുരുക്കം.

ഞാൻ – ഇതുകൊണ്ടായിരിക്കും, ക്രിസ്ത്യാനിപ്പെണ്ണുങ്ങൾ മുയലിനെപ്പോലെ പെറ്റുകൂട്ടരുതെന്ന് ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞത്.

റൂഹാ – ഞങ്ങൾക്കാകെയുള്ളൊരു പ്രതീക്ഷ അയാളിലാണ്. അയാൾക്കെന്നല്ല, വകതിരിവുള്ള ഏതൊരുത്തനും അങ്ങനെയേ പറയാനാവൂ.

ഞാൻ – മെത്രാന്മാരും കത്തനാരന്മാരും ഇത്ര മന്ദബുദ്ധികളായിപ്പോയല്ലോ?

റൂഹാ – ഒത്തിരിയെണ്ണം അങ്ങനെയുണ്ട്. പക്ഷേ ചെപ്പും പന്തുമൊക്കെ പഠിച്ച കള്ളന്മാരുടെ കൈയിലാണ്. വക്രബുദ്ധിക്ക് അവന്മാരെക്കഴിഞ്ഞാരുമില്ല.

ഞാൻ – അതെന്താണാവോ?

റൂഹാ – വോട്ടുബാങ്ക്, അധികാരം. പൊതുസമൂഹത്തിന്റെ നികുതിപ്പണം മൊത്തത്തോടെ, ഇത്തിൾക്കണ്ണികളെപ്പോലെ ഊറ്റിക്കുടിക്കുക.

ഞാൻ – അതു നമ്മൾ ക്രിസ്ത്യാനികൾക്ക് നല്ലതല്ലേ പ്രഭോ?

റൂഹാ – എടാ, മണ്ടശിരോമണീ.... നീയൊക്കെ വായുംപൊളിച്ചിരുന്നോ. ന്യൂനപക്ഷാവകാശവും ന്യൂനപക്ഷരാഷ്ട്രീയത്തിന്റെ കൊള്ളലാഭവുമൊക്കെ ഇവന്മാരുടെ അണ്ണാക്കിലേക്കാ പോകുന്നത്. സമൂഹഗാത്രത്തിനു മൊത്തത്തിലേ വളരാനാവൂ. നിന്റെ ശരീരത്തിലെ ഏറ്റവും പ്രിയപ്പെട്ട അവയവമാണെങ്കിൽപ്പോലും അതുമാത്രം ദിവസേന വളർന്നുകൊണ്ടിരുന്നാൽ നീതന്നെ സുല്ലിടില്ലേ?

ഞാൻ – തമ്പുരാനേ, അഡൾട്ട്സ് ഒൺളി....

റൂഹാ – നേരെചൊവ്വേ കാര്യം പറഞ്ഞാൽ തിരിയാത്ത നിന്നോടൊക്കെപ്പിന്നെ....ജന്മപ്പെരുപ്പംവഴി വർധിച്ചുവരുന്ന ദുഃഖങ്ങളും ദുരിതങ്ങളും ഇവന്മാരുടെ ഭക്തിവ്യവസായത്തിനു കൊഴുപ്പു കൂട്ടും. അതാണടുത്ത ലക്ഷ്യം.

ഞാൻ – മനസ്സിലായില്ല.

റൂഹാ – എടാ മരങ്ങോടാ, ദാരിദ്ര്യം വർധിക്കുമ്പോൾ കൊഴുക്കുന്ന മൂന്നു വ്യവസായങ്ങളേ ലോകത്തുള്ളൂ, ഭക്തിവ്യവസായം, മദ്യവ്യവസായം, ആശുപത്രി വ്യവസായം. ഓ, തെറ്റി. വിശപ്പു സഹിക്കവയ്യാതെ തുണി അഴിച്ചു പോകുന്ന പെണ്ണുങ്ങളെ ഞാൻ മറന്നുപോയി,

ഞാൻ – തമ്പുരാനേ, പിന്നേം.......

റൂഹാ – ഇതശ്ലീലമല്ലെടാ, പച്ചയായ ജീവിതയാഥാർഥ്യമാണ്. കന്യാസ്ത്രീമഠങ്ങൾ കാലിയായിവരുന്നതു കണ്ടുള്ള ഇരിക്കപ്പൊറുതിയില്ലായ്മയാണ്, തെറിസർവ്വേയുടെ അടുത്ത പ്രേരണ.

ഞാൻ – തമ്പുരാനേ, അടിയനൊരു ഐഡിയാ!

റൂഹാ – നീ ധൈര്യമായി പറയെടാ, കൈകൂപ്പി വണങ്ങിനില്ക്കുന്ന സ്വാർഥന്മാരെക്കാൾ നട്ടെല്ലു നിവർത്തിനിന്നു കാര്യം പറയുന്നവരെയാ ഞങ്ങൾക്കിഷ്ടം.

ഞാൻ – അച്ചന്മാരെയും കന്യാസ്ത്രീകളെയും കെട്ടിച്ചാലെന്താ കുഴപ്പം? അവർക്കൊരാശ്വാസമാവും. കൃത്യമായും സഭ പറയുന്നിടത്ത് വോട്ടു ചെയ്യുന്ന കുറെ കുഞ്ഞാടുകളും ജനിക്കും.

റൂഹാ – കണ്ടോ. കുറച്ചുനേരം എന്റെ കാറ്റടിച്ചതേയുള്ളൂ, നിനക്കും വിവേകം വച്ചുതുടങ്ങി. പക്ഷേ ഇവന്മാരു പറയുന്നിടത്തൊന്നും ക്രിസ്ത്യാനികളധികം കാലം വോട്ടു ചെയ്യാൻ പോകുന്നില്ല. സഭാസംവിധാനത്തിന്റെ ബ്രഹ്മാണ്ഡക്കൊതിയാണ് ബ്രഹ്മചര്യം അടിച്ചേല്പിക്കുന്നതിൽ പ്രതിഫലിക്കുന്നത്. സമ്പത്തു വിഭജിച്ചു പോകരുത്. ശുദ്ധാത്മാക്കളായ സന്ന്യസ്തർ കാമത്തീയിൽ ദഹിക്കുകയും സംവിധാനത്തിന്റെ ഗുണഭോക്താക്കൾ കാമപ്പേക്കൂത്തിൽ അർമാദിക്കുകയും ചെയ്യുന്നു. സന്ന്യസ്തരുടെ ജീവിതവും അനുരാഗപൂരിതമാകട്ടെ. കുഞ്ഞുങ്ങളുടെ പുഞ്ചിരി കഠിനഹൃദയർക്ക് മനുഷ്യപ്പറ്റുണ്ടാക്കും.

ഞാൻ – അങ്ങു പറഞ്ഞ ഒരു കാര്യം വളരെ ശരി. ക്രിസ്ത്യാനികൾ ഇവരുടെ വാക്കുകൾക്ക് പുല്ലുവില കൊടുത്തുതുടങ്ങി. വിദ്യാഭ്യാസമില്ലാത്തവർപോലും രണ്ടു കുട്ടികളിൽ തൃപ്തരായിത്തുടങ്ങി.

റൂഹാ – രണ്ടു കുഞ്ഞുങ്ങളേ ഉള്ളെങ്കിൽ അവർക്കു ഭക്ഷണവും വിദ്യാഭ്യാസവും കൊടുക്കാൻ ഇടത്തരക്കാർക്കുപോലും കഴിഞ്ഞെന്നുവരും. വിദ്യാഭ്യാസമുള്ള തലമുറ വളർന്നുവരുന്നത് ഈ പെരുങ്കള്ളന്മാർ ഭയാശങ്കയോടെയാണ് കാണുന്നത്. അറിവ് കുഴയ്ക്കുന്ന ചോദ്യങ്ങളുടെ എണ്ണം കൂട്ടും.

ഞാൻ – തമ്പുരാനേ, ഇതിപ്പം 'അഡൾട്ട്സ് ഒൺളി' എന്ന തലക്കെട്ടു കണ്ടു വായിച്ചു തുടങ്ങുന്നവർക്ക് കാര്യമായി ഒന്നും തടയില്ലല്ലോ?

റൂഹാ – തെറി പറഞ്ഞു സുഖിക്കാനും സുഖിപ്പിക്കാനും ഞാനെന്താ നിന്റെയൊക്കെ കുമ്പസാരഗുരുവാണോ? കേട്ടു രസിക്കാനാണെങ്കിൽ നിന്റെയൊക്കെ കെട്ടിയവളുമാരെ പറഞ്ഞ് കുമ്പസാരക്കൂട്ടിലോട്ടു വിട്. അവളുമാര് തലയണ മന്ത്രമായി പറഞ്ഞുതരും.

ഞാൻ – കുടുംബസർവ്വേയിൽ ഉറയാണോ ഗുളികയാണോ ഉപയോഗിക്കുന്നതെന്നൊക്കെ ചോദിച്ചിട്ടുണ്ട്.

റൂഹാ – ഐ റിസേർവ് മൈ കമന്റ്സ്.

ഞാൻ – പൊന്നുടയതേ, വിശ്വാസികളുടെ ഒരു മനസ്സമാധാനത്തിനു വേണ്ടി.

റൂഹാ – മഹാശല്യമായല്ലോ ഇവനെക്കൊണ്ട്. എടാ, ദൈവത്തിനുപോലും ഒരുത്തന്റെ കിടപ്പറയിൽ കയറി ഒളിഞ്ഞുനോക്കേണ്ട ആവശ്യമില്ല. പിന്നെയല്ലേ മെത്രാനും കത്തനാർക്കും. ഗർഭപാത്രത്തിലായാലും ഉണ്ടായ ഒരു കുഞ്ഞിനെ കൊല്ലരുത്; അത്രമേൽ അപരിഹാര്യമായ സാഹചര്യങ്ങളിലല്ലാതെ. ഗർഭനിരോധനമാർഗങ്ങളൊക്കെ ആകാവുന്നതേയുള്ളൂ. പെണ്ണുങ്ങൾ കറിക്കരിയുമ്പോൾ റബ്ബർ ഉറ ധരിക്കാറില്ലേ? എന്തിനാ? കൈ മുറിയാതിരിക്കാൻ മനുഷ്യൻ കണ്ടുപിടിച്ച മാർഗം. ഇതും അതുപോലെ വേറൊരു ഉറ. മനുഷ്യബുദ്ധിയുടെ വിജയം. ലാഭകരമാണെന്നു കണ്ടാൽ, ഭാവിയിൽ ഇവന്മാർതന്നെ ഉറ ഫാക്ടറി തുടങ്ങുകയും ചെയ്യും. എത്രയോ ശാസ്ത്രജ്ഞന്മാരെ പീഡിപ്പിച്ചവന്മാരാണിവർ! എന്നിട്ടിപ്പോൾ ആശുപത്രിക്കച്ചവടം പൊടിപൊടിക്കുന്നില്ലേ? ആവശ്യം വരുമ്പോൾ ശസ്ത്രക്രിയാമേശകളിൽ കയറി മലർന്നു കിടക്കുന്നില്ലേ?

ഞാൻ – അവിടന്നറിഞ്ഞോ? ഈയിടെ ഒരച്ചൻ തെറിസർവേയ്ക്ക് ഒരു ബദൽ സർവേ ഫേസ്ബുക്കിൽ പോസ്റ്റുചെയ്തിരുന്നു.

റൂഹാ – ഞാനറിയാതെ നിന്റെയൊന്നും ഒരു പൂട പോലും പൊഴിയുന്നില്ല. എത്ര ക്രിസ്ത്യാനി കഞ്ഞി കുടിക്കാതെയുണ്ട്? എത്ര ക്രിസ്ത്യാനി കുമ്പാള ഉടുക്കാതെയുണ്ട്? ഈ മട്ടിലല്ലേ ചോദ്യങ്ങൾ? ആ ചെക്കന്റെ ചോദ്യങ്ങളാണ് പ്രസക്തം. മതമാഫിയാത്തലവന്മാർ അവനെയൊക്കെ വട്ടന്മാരെന്നു വിളിച്ചു കൂവിയിരുത്തും. ആ വട്ടോളിമാരുടെ വാക്കുകൾക്കു ചെവിയോർക്കുക. വട്ടായിമാരുടെ വാക്കുകളെ വിഷത്തെക്കാൾ വെറുക്കുക. എന്റെ നാമത്തിലാണവർ സാത്താന്റെ സത്തൂറ്റി വാറ്റിയ വ്യാജ ആത്മീയചാരായം ധ്യാനച്ചന്തകളിൽ വിളമ്പുന്നത്.

ഞാൻ – അടിയനൊരു ഐഡിയാ. പൗരോഹിത്യം കനകംമൂലവും കാമിനിമൂലവും ചെയ്തുകൂട്ടിക്കൊണ്ടിരിക്കുന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് ഒരു സർവേ നടത്തിയാലോ?

റൂഹാ – കൊശക്കേടാ, നല്ല ഐഡിയാകൾ വെച്ചു പൂജിക്കാനുള്ളതല്ല, എത്രയും വേഗം പ്രാക്ടിക്കലാക്കാനുള്ളതാണ്. എനിക്ക് ദ്വിത്വത്തിൽനിന്ന് ഒരടിയന്തിരസന്ദേശം ലഭിച്ചിരിക്കുന്നു. ഒരു വിധവയുടെ സ്വത്ത് കരിസ്മാറ്റിക് മന്ത്രവാദികളെ ഉപയോഗിച്ച് കബളിപ്പിച്ചെടുത്ത ഒരു മെത്രാൻ ചത്തെത്തിയിരിക്കുന്നു. അവനെ വിചാരണ ചെയ്യാൻ പോകണം.

ഞാൻ – പൊന്നുടയതേ പോകരുതേ. അത് പിതാവും പുത്രനും കൂടി കൈകാര്യം ചെയ്യില്ലേ?

റൂഹാ – അപൂർവങ്ങളിൽവച്ച് അപൂർവങ്ങളായ കുറ്റകൃത്യങ്ങൾക്ക് ഞങ്ങളുടെ ഫുൾ ബെഞ്ചാണ് ശിക്ഷ വിധിക്കുന്നത്.

ഞാൻ – കണ്ടും കേട്ടും കൊതി തീർന്നില്ല. നിർബന്ധമാണെങ്കിൽ ഞാനെന്തുചെയ്യും. എന്നാപ്പിന്നെ സത്യജ്വാല വായനക്കാർക്കുവേണ്ടി ഒരു സന്ദേശം താ.

റൂഹാ – നിന്റടുത്തേക്കാണെന്നു പറഞ്ഞപ്പോൾ പുലിക്കുന്നൻ ഒരു കാര്യം പറഞ്ഞേല്പിച്ചിരുന്നു. ആ അയ്യർ നിർദ്ദേശിച്ച ചർച്ച് ആക്ട് പാസ്സാക്കാതെ ഭൂമികുംഭകോണങ്ങൾ അവസാനിക്കാൻ പോകുന്നില്ല. ഇങ്ങനെ പോയാൽ കൊരട്ടിമുത്തിമാര് ഉടുതുണിക്ക് മറുതുണിയില്ലാത്തവരായി നില്ക്കേണ്ടിവരും. സെക്രട്ടേറിയറ്റ് മാർച്ച് എങ്ങനെയും വിജയിപ്പിക്കുക. ആ യാക്കോബായക്കാരൻ റമ്പാച്ചനെ വിശ്വസിക്കാം.

(പ്രാവിന്റെ ചിറകടിയൊച്ച അകന്നകന്നുപോകുന്നു.)

ഫോൺ – 9446561252

# മെത്രാന്മാരും മെഡിക്കൽ കോളേജുകളും



റവ. ഡോ. ജെ. ഔസേപ്പറമ്പിൽ

**കാ**ത്തലിക്ക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ(CBCI)യുടെ രണ്ടു പദ്ധതികളാണ്, തെക്ക് ബാംഗ്ലൂരിലെ സെന്റ് ജോൺസ് മെഡിക്കൽ കോളേജും വടക്ക് റാഞ്ചിയിലെ മെഡിക്കൽ കോളേജും.

**1. റാഞ്ചിയിലെ മെഡിക്കൽ കോളേജ്**

കർദ്ദിനാൾ ടോപ്നോ നേതൃത്വംനൽകിയ റാഞ്ചിയിലെ മെഡിക്കൽ കോളേജ് ഭൂമിവാങ്ങലിൽ കബളിപ്പിക്കപ്പെട്ട് അനേകം കോടികൾ മുടിച്ച് പൂജ്യം സ്ഥാനത്തു നിൽക്കുന്നു. കച്ചവടം നയിച്ച ഫാ. അലക്സ് വടക്കുംതല മെത്രാനായി കേരളത്തിൽ എത്തി. കഴിവുകേടിന്റെ



മകുടോദാഹരണമായി, സി.ബി.സി.ഐ-യുടെ ഉത്തരേന്ത്യൻ മെഡിക്കൽ കോളേജ്!

**2. സെന്റ് ജോൺസ് മെഡിക്കൽ കോളേജ് ബാംഗ്ലൂർ**

നല്ല നിലയിൽ നടത്തിയിരുന്ന മെഡിക്കൽകോളേജിന്റെ വേഗത്തിലുള്ള അധഃപതനം ഡയറക്ടറായുള്ള ഫാ. തോമസ് കളം സി.എം.ഐ-യുടെ നിയമനത്തോടെ തുടങ്ങി. ആർച്ച് ബിഷപ്പ് ഇഗ്നേഷ്യസ് പിന്റോയെ ചർച്ച് കമ്മിറ്റിയുടെ തലവനായി നിയോഗിച്ചിരുന്നു. അദ്ദേഹമാണ് സ്വമേധയാ ഫാ. കളം അവർകളെ ഡയറക്ടറായി നിയമിച്ചത് (കൊല്ലനുമറിഞ്ഞില്ല കൊല്ലത്തീം അറിഞ്ഞില്ല തിത്തൈയ് എന്നൊരു കൊച്ച തിവാൾ!). ആർച്ച് ബിഷപ്പ് പിന്റോയുടെ വിവേകശൂന്യത സെന്റ് ജോൺസിന്റെ സാമ്പത്തികവും ഭരണപരവും ധാർമികവുമായ സുസ്ഥിതി നശിപ്പിച്ചു.

ഇപ്പോൾ സെന്റ് ജോൺസിന്റെ ഡയറക്ടർ ഫാ. പോൾ പറത്താഴമാണ്. ഇന്റർവ്യൂ കമ്മറ്റിയുടെ തീരുമാനം കാറ്റിൽപ്പറത്തി സി.ബി.സി.ഐ. പ്രസിഡന്റ് കർദ്ദിനാൾ ക്ലിമീസ് പറത്താഴത്തിനെ നിയമിച്ചു. തന്റെ ഗുരുവാണ് പറത്താഴം, അതുകൊണ്ട് പറത്താഴത്തിനെ നിയമിക്കണം എന്ന് കർദ്ദിനാൾ ക്ലിമീസ് പറഞ്ഞു. സ്വജനപക്ഷപാതത്തിനും നിരുത്തരവാദിത്വത്തിനും ധിക്കാരത്തിനും ഭോഷത്തരത്തിനും കർദ്ദിനാൾ അവർകൾ കൊടുത്ത പേരാണ് ഗുരുഭക്തി. ഗവൺമെന്റ് തിരഞ്ഞെടുക്കുന്ന വൈദ്യവിദ്യാർഥികളെ പഠിപ്പിക്കുക എന്ന ചുമതലമാത്രമുള്ള ഒരു സ്ഥാപനമായി സെന്റ് ജോൺസ് തരംതാണു. ഇനി സെന്റ് ജോൺസിന്റെ കടം തീർക്കാൻ പിരിവ് വരും. സാമൂഹികശാസ്ത്രം പഠിച്ച ഫാ. പോൾ പറത്താഴം മെഡിക്കൽ അഡ്മിനിസ്ട്രേഷൻ നടത്തി ജയിക്കില്ല. CBCI-യുടെ വടക്കേ ഇൻഡ്യയിലെ മെഡിക്കൽ കോളേജ് ടോപ്നോപ്രഭൃതികളുടെ പിടിപ്പുകേടു



കൊണ്ടും, തെക്കേ ഇന്ത്യയിലെ സെന്റ് ജോൺസ് മെഡിക്കൽ കോളേജ് ആർച്ചുബിഷപ്പ് ഇഗ്നേഷ്യസ് പിന്റോയുടെയും കർദിനാൾ ക്ലിമീസിന്റെയും ധാർഷ്ട്യത്തിന്റെ ഫലമായും കുട്ടിച്ചോറായിരിക്കുന്നു.

**3. എറണാകുളത്തെ മെഡിക്കൽകോളേജ്**

മാർ ആലഞ്ചേരി മെഡിക്കൽ കോളേജിന്റെ പേരിൽ നടത്തിയ തിരിമറികൾ മാധ്യമങ്ങളിൽ സജീവമാണല്ലോ. നാണമില്ലായ്മയും നുണയും ആലഞ്ചേരിയുടെമേൽ കൊടികുത്തിവാഴുന്നു. ഇന്ത്യൻ പൗരനായ ആലഞ്ചേരിയെ റോമിന്റെ കാനോൻനിയമമനുസരിച്ചു വിധിക്കണംപോലും! മാർ പള്ളിക്കാപറമ്പനെ ജഡ്ജി ശകുന്തളാദേവി ശിക്ഷിച്ചപ്പോൾ പറഞ്ഞ വാക്യം ആലഞ്ചേരിക്കറിവുണ്ടോ? 'കാനോൻനിയമമനുസരിച്ച് താങ്കൾ തെറ്റുചെയ്തിരിക്കുന്നു. പക്ഷേ, ആ നിയമമനുസരിച്ച് താങ്കൾക്ക് എന്തു ശിക്ഷ നൽകണമെന്ന് പ്രസ്തുതനിയമം പറയുന്നില്ല. അതുകൊണ്ട് സിവിൽനിയമമനുസരിച്ച് താങ്കളെ ശിക്ഷിക്കുന്നു.' ആലഞ്ചേരി കളിക്കുകയാണ്. മെഡിക്കൽ കോളേജ് എവിടെ? കാശൊട്ടു കിട്ടുന്നുമില്ല, നാണം കെട്ടിട്ടു മറ്റു മതസ്ഥരുടെ മുമ്പിൽ നില്ക്കാനും മേലാതായി.

**4. മാർ സ്ലീവാ മെഡിസിറ്റി, ചേർപ്പുങ്കൽ, പാലാ**

അനേകം പ്രതിഷേധയോഗങ്ങളും ജാഥയും മീഡിയാ പ്രചാരണവും കഴിഞ്ഞപ്പോൾ, മാർ കല്ലറങ്ങാട്ട് സർക്കുലർ നമ്പർ 233 വഴി ഒരു വിശദീകരണവുമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു! അതനുസരിച്ച് 200 കോടിയുടെ ആദ്യഘട്ടമാണ് ഇപ്പോൾ പണി പൂർത്തിയായിരിക്കുന്നത്. രണ്ടുവർഷംമുമ്പുവരെ ബ. മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിലച്ചനാണ് പണിയുടെ മേൽനോട്ടം വഹിച്ചിരുന്നത്. ഇപ്പോൾ ബ. കൊല്ലിത്താനത്തച്ചനും മറ്റ് അഞ്ച് അച്ചന്മാരും ചേർന്നാണ് പണികൾ നടത്തുന്നത്. അതായത്, ആറ് അച്ചന്മാർ ഇപ്പോൾ മേൽനോട്ടം വഹിക്കുന്ന അതേ പണിക്ക് രണ്ടു കൊല്ലം മുമ്പുവരെ കുഴിഞ്ഞാലിലച്ചൻ ഒറ്റയ്ക്കാണു മേൽനോട്ടം വഹിച്ചിരുന്നത്. കുഴിഞ്ഞാലിലച്ചന്റെ കഴിവേ! കാലഹരണപ്പെട്ട കാനൻനിയമംമാത്രം പഠിച്ചിട്ട് 200 കോടിയുടെ കെട്ടിടം ഒറ്റയ്ക്കു പണിയിക്കാൻ ഇത്രമാത്രം കഴിവ്! ആർക്കിടെക്ച്ചറോ എൻജിനീയറിങ്ങോ പഠിച്ചിരുന്നെങ്കിൽ പാലാരൂപത മുഴുവൻ അദ്ദേഹം പൊളിച്ചുപണിയുമായിരുന്നു!

മേൽ പ്രസ്താവിച്ച സർക്കുലറിൽ മെഡിസിറ്റിക്കെതിരായുണ്ടായ പല കിംവദന്തികളെപ്പറ്റിയും മാർ കല്ലറങ്ങാട്ട് പറയുന്നുണ്ട്. രണ്ടെണ്ണം കൂടെ ആ കൂട്ടത്തിൽ ചേർക്കുന്നു:

1. മോൺസിഞ്ഞോർ കുഴിഞ്ഞാലിക്ക് കോൺട്രാക്റ്റർമാർ കൊടുത്തിരുന്ന കമ്മീഷൻ കുറഞ്ഞുപോയാൽ ആ മാന്യദേഹം അവരെ തെറിപറഞ്ഞിരുന്നു; കോൺട്രാക്റ്റ് മാറ്റുകയുംചെയ്തിരുന്നു. മാർ കല്ലറങ്ങാട്ട് ഇതറിഞ്ഞിട്ടല്ലേ ഒരാൾ നടത്തിയ ജോലി നടത്താൻ ആറു പേരെ നിയമിച്ചത്? അനേകം അന്വേഷണങ്ങൾ പ്രഹസനമാക്കി മാറ്റുന്ന അരമനയ്ക്ക് ഒരു പ്രഹസനാന്വേഷണംകൂടി ബുദ്ധിമുട്ടുള്ള കാര്യമല്ലല്ലോ!

2. മെഡിസിറ്റിയുൾപ്പെടെ രൂപതയിലെ എല്ലാ പണികൾക്കും മെറ്റീരിയൽ വാങ്ങുന്നത് ഫാ. മാത്യു ചന്ദ്രൻകുന്നേലിന്റെ കുടുംബംവക കടയിൽനിന്നാണ്. ഇത് ശരിക്കും ടെണ്ടർ വിളിച്ചാണോ നടത്തുന്നത് എന്ന് അന്വേഷിക്കണം. ഒരു കാര്യം കൂടി: മാർ പള്ളിക്കാപറമ്പിലിന്റെ ഒരു ഉറ്റബന്ധുവിന്റെപേരിൽ ഏതോ കൊലപാതകക്കേസ് ഉണ്ടായിരുന്നെന്നും അത് കാലംചെയ്ത വടക്കേലച്ചനും മോൺസിഞ്ഞോർ കുഴിഞ്ഞാലിയുംകൂടെ തിരുവനന്തപുരത്തു പോയി വേണ്ടപ്പെട്ടവരെ വേണ്ടപോലെ കണ്ട് ഇല്ലാതാക്കിയെന്നും ഒരു കിംവദന്തികൂടെ ഉണ്ട്. അന്നുമുതൽ മാർ പള്ളിക്കാപറമ്പിലും കുഴിഞ്ഞാലിയും 'ഈനാംപേച്ചിക്കു മരപ്പട്ടി കൂട്ട്' എന്നപോലെ കഴിയുന്നുവെന്നും; കൂടാതെ, മാർ കല്ലറങ്ങാട്ടും കുഴിഞ്ഞാലിയും അടയും ചക്കരയുംപോലെ ബന്ധത്തിലാണെന്നുമാണത്. തൂറിയവനെ ചുമക്കുന്നവനും നാറും!

മാർ പള്ളിക്കാപറമ്പിലിനെപ്പോലെയോ ലോകത്തിലെ മറ്റ് അനേകം മെത്രാന്മാരെപ്പോലെയോ ഒരു വെറും മെത്രാനായി മാർ കല്ലറങ്ങാട്ട് തരംതാഴരുത്. സാധാരണ മനുഷ്യർക്കുള്ള ബുദ്ധി പലപ്പോഴും മെത്രാന്മാർക്കും അച്ചന്മാർക്കും ഇല്ല. ഒരാൾ കോൺട്രാക്റ്റ് കൊടുത്തപ്പോഴാണ് കമ്മീഷൻതുകയുടെ പേരിൽ തർക്കം വന്നത്; ആറു പേരാണെങ്കിൽ അതു വരില്ലല്ലോ എന്ന അടയ്ക്കാപ്പക്ഷിയുടെ ബുദ്ധിയാണ് മാർ കല്ലറങ്ങാട്ടിന്റെ വിശദീകരണം വ്യക്തമാക്കുന്നത്. മൂടിവയ്ക്കുന്നതെല്ലാം മുഴച്ചുവരുന്നു.

രൂപതയിലെ വിശ്വാസിസമൂഹം മുഴുവന്റെയും അവിടുത്തെ ജോലിക്കാരുടെയും, പ്രത്യേകിച്ച് സ്കൂൾ-കോളേജ് അധ്യാപകരുടെയും നിർലോപമായ സഹകരണവും സംഭാവനയുമാണ് ധനാഗമമാർഗം എന്ന് മാർ കല്ലറങ്ങാട്ടു പറയുന്നു. ഇതു സത്യവിരുദ്ധമാണ്. ജാഥാ നടത്തിയും പ്ലക്കാർഡു പിടിച്ചും വിശ്വാസിസമൂഹം നടത്തിയ പ്രതിഷേധം കണ്ടില്ലേ? അരമനയ്ക്കടുത്തെത്തുംമുമ്പ് ജാഥകൾ പോലീസിനെക്കൊണ്ട് തടയിപ്പിച്ചല്ലോ! ഇതിനാണോ വിശ്വാസിസമൂഹം മുഴുവന്റെയും നിർലോപമായ സഹകരണവും സംഭാവനയും എന്നു പറയുന്നത്?

കൊച്ചി വെണ്ടുരുത്തിപ്പാലത്തിൽക്കൂടി ബൈക്ക് ഓടിച്ചുപോയ ഒരു യാത്രക്കാരന്റെ കുറുകെ മിനിസ്കർട്ട്



ഇട്ട ഒരു ചട്ടക്കാരിപ്പെണ്ണ് ചാടി. കഷ്ടിച്ച് അപകടം ഒഴിവാക്കി ബൈക്ക് നിറുത്തിയ യാത്രക്കാരനോട് ചട്ടക്കാരി ചോദിച്ചു: "Did you see my ability to jump?" കിതച്ചുകൊണ്ടിരുന്ന ബൈക്കുകാരൻ പറഞ്ഞു: "ഞാൻ കണ്ടു, പക്ഷേ, ഞാനതിനെ ability to jump എന്നല്ല വിളിക്കുന്നത്!" നോട്ടുനിരോധനം വരുത്തിവച്ച വിനകൾ, കാർഷികവിളകളുടെ വിലയിടിവ്, ജീവിതച്ചെലവിന്റെ ഗണ്യമായ വർധന, മക്കളുടെ വിദ്യാഭ്യാസം, കല്യാണം, പ്രായമായ മാതാപിതാക്കൾ, ബാങ്ക് ലോൺ അടയ്ക്കേണ്ട ഭാരം... ഇങ്ങനെയെല്ലാമുള്ളവരോട് ഒരു മാസത്തെ ശമ്പളം ചോദിക്കാൻ, എവിടെ ചെന്നാലും മൃഷ്ടാന്നഭോജനം കിട്ടുന്ന മെത്രാന്മാർക്കും അച്ചന്മാർക്കുംമാത്രമേ സാധിക്കൂ. പല വികാരിമാരും മെത്രാന്റെ ചാവേറുകളാണ്. പിരിവ് കൊടുത്തില്ലെങ്കിൽ വിശ്വാസിസമൂഹത്തിലെ സ്ഥാനം, മാന്യത, ആത്മാഭിമാനം, കൂദാശകൾ, കുട്ടികളുടെ അഡ്മിഷൻ ഇതെല്ലാം തകർക്കും. ഇത് മനുഷ്യാവകാശ ലംഘനമാണ്, നിർലോപമായ സഹകരണവും സംഭാവനയുമല്ല. മെത്രാൻതന്നെ ഇത്ര തുക തരണമെന്നു പറയുമ്പോൾ, വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും സാങ്കല്പികതലപ്പത്തിരിക്കുന്ന ആളായതുകൊണ്ട് അതിനു പിടിച്ചുപറി എന്നാണ് പറയുന്നത്. ഒന്നാം തരം എഴുത്തുകാരനായ മാർ കല്ലറങ്ങാട്ടിന് ഉപയോഗിക്കേണ്ട വാക്കുകളുടെ അർത്ഥം അറിഞ്ഞുകൂടെന്നുണ്ടോ – തത്തപറച്ചിലാണോ!?

കാളിദാസൻ തന്റെ രഘുവംശം മഹാകാവ്യത്തിന്റെ ആദ്യ രണ്ടു വരികളിൽ ഇങ്ങനെ പ്രാർഥിച്ചു: "വാക്കും അർഥവും എന്നപോലെ യോജിച്ചിരിക്കുന്നവരും ലോകത്തിന്റെ മാതാപിതാക്കളുമായ പാർവ്വതീപരമശിവന്മാരെ വാക്കും അർഥവും നന്നായി അറിയുന്നതിനായി ഞാൻ വന്ദിക്കുന്നു."

കത്തോലിക്കാസഭയിൽ ഒരു മാതാവുണ്ട്. അവളുടെ ഭർത്താവ് യൗസേപ്പുമായി അവൾക്കു ബന്ധമില്ല. പിതാവായ ദൈവമുണ്ട്, പക്ഷേ മാതാവായ ദൈവമില്ല. വചനം യോഹന്നാന്റെ സുവിശേഷത്തിലുണ്ട്, പക്ഷേ വാഗ്‌രൂപവും അർഥരൂപവും തമ്മിലുള്ള പ്രണയബന്ധം അതിലില്ല. വാഗർഥപ്രതിപത്തിക്കായി മാർ കല്ലറങ്ങാട്ട് ആരെ വന്ദിക്കും!

**മെഡിസിറ്റി**

അലോപ്പതി വൈദ്യശാസ്ത്രം ശാസ്ത്രീയമല്ല. ഒരു എമർജെൻസി മെഡിസിൻ (emergency medicine) എന്നതിൽക്കവിഞ്ഞ പ്രാധാന്യം അതിനില്ല. സ്പെഷ്യാലിറ്റി ഡോക്ടർമാർ ടെക്നീഷ്യൻസ് ആണ്. ചില ക്രിയകൾക്കു പ്രാഗല്ഭ്യമുണ്ട്. അത്രമാത്രം. ഓരോ ഡോക്ടറോടും ഇത്ര ലക്ഷം രൂപാ വരവു വരുത്തണം എന്ന് ആശുപത്രി നിർദ്ദേശിക്കും. എങ്ങനെയെങ്കിലും, എന്തെങ്കിലും ചെയ്തു കാശുണ്ടാക്കണം. അത്ഭുതം ചെയ്യാത്ത പുണ്യവാന്മാരെ മാറ്റി, അത്ഭുതം ചെയ്യുന്ന പുണ്യവാന്മാരെ നമ്മൾ പ്രതിഷ്ഠിക്കുന്നതുപോലെ, വരവു കുറഞ്ഞാൽ ഡോക്ടർ മാരെയും മാറ്റും. അവരുടെ ജോലി പോകും.

മരുന്നിന്റെ ദുരുപയോഗം, അമിതോപയോഗം, ആവശ്യമില്ലാത്ത മരുന്ന്, ആവശ്യമില്ലാത്ത പരിശോധനകൾ, ഒളിപ്പിച്ചുള്ള മരുന്നുപരീക്ഷണം അങ്ങനെ അനേകം അധാർമ്മികമാർഗങ്ങളാണ് കാശുണ്ടാക്കാൻ അലോപ്പതി –ആശുപത്രികൾ നടത്തുന്നത്. സ്പെഷ്യാലിറ്റി കൂട്ടുമ്പോൾ തുക കൂട്ടും. മെഡിസിറ്റിക്കു വേണ്ടി ഇനിയും പിരിവു വരും. എല്ലാ മംഗളങ്ങളും നേരുന്നു!

നാലു മെഡിക്കൽ കോളേജുകളെക്കുറിച്ചാണ് തത്കാലം പ്രതിപാദിച്ചത്. ഇതെല്ലാം നശിപ്പിക്കുന്നത് കർദ്ദിനാളന്മാരും മെത്രാപ്പോലീത്തമാരും മെത്രാന്മാരുമാണ്.

ഫോൺ : 9158444820

# ക്നാനായ വിഴുപ്പും ചുമന്ന്, അങ്ങാടിയത്ത് മെത്രാൻ വത്തിക്കാൻ തെരുവിൽ!

**ലൂക്കോസ് മാത്യു**

**2018** ഏപ്രിൽമാസ സത്യജ്വാലയിൽ അങ്ങാടിയത്ത് മെത്രാനെ പരാമർശിച്ചുകൊണ്ട് ശ്രീ ജോയി ഒറവണക്കളം എഴുതിയ "ആടിക്കളിക്കെടാ കുഞ്ഞിരാമാ, ചാടിക്കളിക്കടാ കൊച്ചുരാമാ" എന്ന നർമ്മരസമുള്ള ചെറുലേഖനം വായിച്ചപ്പോൾ എന്റെ മനസ്സിൽ വന്ന ചില ചിന്തകളാണ് ഞാൻ കുറിക്കുന്നത്.

ബിഷപ്പ് അങ്ങാടിയത്ത് ശാന്തശീലവും വിനയവും നിറഞ്ഞ, വക്രബുദ്ധിയോ കുബുദ്ധിയോ ഇല്ലാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയാണെന്നാണ് പരക്കെ പറയപ്പെട്ടിരുന്നത്. എന്നാൽ ഈ അടുത്ത കാലത്ത് അദ്ദേഹം എടുത്ത എല്ലാ തീരുമാനങ്ങളും പ്രവൃത്തികളും കേട്ടറിഞ്ഞപ്പോൾ, "ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും" എന്ന പഴമൊഴി എത്രത്തോളം അർഥവത്താണെന്ന് മനസ്സിലായി.

അമേരിക്കയിൽ സെന്റ് തോമസ് സീറോ-മലബാർ രൂപതയുടെ ബിഷപ്പായി അങ്ങാടിയത്തിനെ നിയമിച്ചപ്പോൾ ആ രൂപതയുടെ കീഴിലുള്ള വടക്കുംഭാഗ-തെക്കുംഭാഗ(ക്നാനായ) വിശ്വാസികളുടെ അജപാലനദൗത്യം എപ്രകാരമായിരിക്കണമെന്ന് റോം പ്രത്യേകം നിർദ്ദേശിച്ചിരുന്നു. തെക്കുംഭാഗർക്ക് പ്രത്യേകം പള്ളികൾ അനുവദിക്കു മ്പോൾ ജാതീയതയുടെപേരിൽ ആരെയും പുറത്താക്കാതെ എല്ലാവർക്കും അംഗത്വം കൊടുക്കണമെന്ന റോമിന്റെ നിർദ്ദേശത്തോടുകൂടിയാണ് ചിക്കാഗോയിൽ സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക് പാരീഷ് അനുവദിച്ചത്. എന്നാൽ, കോട്ടയം രൂപത വിട്ട് വിവാഹംകഴിച്ചവർക്ക് മെമ്പർഷിപ്പ് കൊടുക്കാൻ ക്നാനായക്കാരനായ വികാരി ജനറാൾ മുത്തോലച്ചൻ കൂട്ടാക്കിയില്ല. ആയതിനാൽ പുറത്തുനിന്നു വിവാഹം കഴിച്ചിരുന്ന പലരും അങ്ങാടിയത്തു മെത്രാനോട് പരാതിപ്പെട്ടിരുന്നു. എങ്കിലും അതിന്മേലൊന്നും നടപടി കൈക്കൊള്ളാതെ, പല സ്ഥലങ്ങളിലും റോമിന്റെ കല്പന ധിക്കരിച്ചുകൊണ്ട് ക്നാനായ മിഷനുകൾ അടിക്കടി അനുവദിക്കുകയും അതുവഴി സ്വയം പ്രശ്നങ്ങൾ സൃഷ്ടിക്കുകയുമായിരുന്നു, അദ്ദേഹം. ആദ്യത്തെ പള്ളിയിലെ പ്രശ്നം പരിഹരിച്ചതിനുശേഷം മറ്റു പള്ളികൾ അനുവദിച്ചിരുന്നെങ്കിൽ ഇപ്പോഴത്തെ ദുഷ്കീർത്തി ഉണ്ടാകുമായിരുന്നില്ല. അതു മറികടക്കാൻ ആലഞ്ചേരിയും മൂലക്കാടനും അങ്ങാടിയത്തുംകൂടി എടുത്ത തീരുമാനം ദൈവകല്പനയുടെ പ്രകടമായ നിഷേധമാവുകയും ചെയ്തു. ആദിയിൽ ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചെന്നും വിവാഹത്തോടെ അപ്പനെയും അമ്മയെയുംവിട്ട് അവർ ഒരു ശരീരമായിരിക്കണമെന്നുമുള്ള ദൈവകല്പന അവഗണിച്ച് ഭർത്താവ് ക്നാനായക്കാരനാണെങ്കിൽ ക്നാനായപള്ളിയിലും ഭാര്യ വേറെ രൂപതാംഗമാണെങ്കിൽ സീറോ-മലബാർവക പള്ളിയിലുമായിരിക്കണം അംഗത്വം എന്നു പറഞ്ഞ് കുടുംബത്തെ ഭിന്നിപ്പിച്ചുകൊണ്ടുള്ള കല്പന ഇറക്കി. ഏതായാലും റോം അത് അപ്പാടെ തള്ളിക്കളഞ്ഞു. അത്രത്തോളം നാണംകെട്ടു!

ഇപ്പോഴിതാ, കോട്ടയം രൂപതയുടെ അക്രൈസ്തവികമായ പുറത്താക്കൽ നടപടിയെക്കുറിച്ച് അന്വേഷിച്ച മുൾഹാൾ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം രൂപതയുടെ പുറത്താക്കൽനടപടി നിർത്തലാക്കണമെന്ന് റോമിന്റെ ശക്തമായ കല്പന അങ്ങാടിയത്തിനും മൂലക്കാടനും ലഭിച്ചിരിക്കുന്നു. കോട്ടയം രൂപതാധ്യക്ഷനും അവരുടെ പ്രതിനിധികളുംകൂടി ആ കല്പന അസാധുവാക്കാൻ റോമിലേക്കു പോയപ്പോൾ, അവരുടെ രക്തശുദ്ധി സർട്ടിഫിക്കറ്റു വാങ്ങാൻ അങ്ങാടിയത്തിനെയും ക്ഷണിച്ചു. അദ്ദേഹത്തെ എപ്പോഴും എതിർക്കുകയും അംഗീകരിക്കുകയില്ലെന്ന് പ്രഖ്യാപിക്കുകയും അദ്ദേഹത്തിനെതിരെ പൊതുവീഥിയിൽ പ്രക്ഷോഭണം നടത്തുകയും പ്രസംഗിക്കുകയും ചെയ്തവരുടെ ക്ഷണം നിരസിക്കുന്നതിനുപകരം, ഒരു ഉളുപ്പും കൂടാതെ അവരുടെകൂടെ പോവുകയും ക്നാനായ രക്തശുദ്ധി വിഴുപ്പും ചുമന്ന് വത്തിക്കാൻ തെരുവിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയും ചെയ്തെന്ന വാർത്തയാണ് കാണാനും കേൾക്കാനും ഇടയായത്. അങ്ങനെ സീറോ- മലബാർ വിശ്വാസികൾക്കാകമാനം അപമാനവും അവഹേളനവും സൃഷ്ടിച്ചു, അദ്ദേഹം.

"യഹൂദന്മാരുടെ കെട്ടുകഥകൾക്കും സത്യത്തെ നിഷേധിക്കുന്നവരുടെ നിർദ്ദേശങ്ങൾക്കും ചെവികൊടുക്കാതെ, അവർ ശരിയായ വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നതിനുവേണ്ടി നീ അവരെ നിർദ്ദാക്ഷിണ്യം ശാസിക്കുക" (തിമോ: 1: 4) എന്ന തിരുവചനം സഭാധ്യക്ഷന്മാർക്ക് ഒരു ഗുണപാഠമാകേണ്ടിയിരിക്കെ, സത്യത്തെ നിഷേധിക്കുന്ന ക്നാനായക്കാരുടെ കെട്ടുകഥകളുംമറ്റും നിഷേധിച്ച് അവരെ ശരിയായ വിശ്വാസത്തിൽ നിലനിർത്താൻ കഴിവില്ലെങ്കിൽ രാജിവച്ച് ബെനഡിക്ട് പാപ്പായുടെ മാതൃക സ്വീകരിക്കേണ്ടതായിരുന്നു, മാർ അങ്ങാടിയത്ത്. എന്തു ചെയ്യും, കുളിച്ചിട്ടും പന്നി വീണ്ടും വീണ്ടും ചെളിക്കുഴിയിൽത്തന്നെ!

*NB:- കോട്ടയം രൂപതാസ്ഥാപനത്തിനുവേണ്ടി മാർ മാക്കീൽ എറണാകുളം, തൃശ്ശൂർ മെത്രാന്മാരെ റോമിലേക്കു തന്റെകൂടെ പോരാൻ ക്ഷണിച്ചപ്പോൾ, ആ ക്നാനായ വിഴുപ്പ് ചുമക്കാൻ അവർ പോയില്ല. സീറോ-മലബാർ സഭയിൽ തെക്കുംഭാഗം, വടക്കുംഭാഗം എന്ന രണ്ടു വിഭാഗം വിശ്വാസികൾ ഉണ്ടെന്നും, വിശ്വാസത്തിൽ ഇരുകൂട്ടരും ഒന്നാണെന്നും, ആരാധനാരീതിയും ഭരണക്രമവും ഒന്നുതന്നെയാണെന്നുമുള്ള ഒരു കുറിപ്പുമാത്രമാണ് അവർ റോമിലേക്കു നല്കിയത്. മറ്റു പറയപ്പെടുന്നതെല്ലാം ക്നാനായ വക്താക്കൾ എഴുതിച്ചേർത്തു പ്രചരിപ്പിച്ചിട്ടുള്ളതാണ്.*

*ഫോൺ - 9447507584*

# വഴുതിപ്പോകുന്ന കാനോൻനിയമങ്ങളും അഭിഷിക്തരുടെ ഐഹിക അധികാരങ്ങളും

(രണ്ടാം ഭാഗം)



**ജോസഫ് പടന്നമാക്കൽ** (USA)

*[അടുത്തകാലത്ത് സഭയിൽ നടന്ന ഏതാനും വിവാദസംഭവങ്ങളുടെ പഠനം ഉൾക്കൊള്ളുന്ന ഈ ദീർഘലേഖനത്തിന്റെ ആദ്യഭാഗം മാർച്ച് ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.]*

### സഭയുടെ ഒരു വസ്തുകേസ്

2012 ഒക്ടോബർ മാസം കേരളഹൈക്കോടതിയിൽ ജഡ്ജി കെ. വിനോദ് ചന്ദ്രൻ പുറപ്പെടുവിച്ച ഒരു വിധി ന്യായത്തിൽ, സഭയുടെ വസ്തുവകകളിൽ ഇടവകജനത്തിന് അവകാശമുണ്ടായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. കൊല്ലത്ത് ശക്തികുളങ്ങരയിലുള്ള മുക്കാട് തിരുക്കുടുംബ ദേവാലയ അധികാരികളും ഇടവക ജനങ്ങളും തമ്മിലുണ്ടായ പള്ളിവക വസ്തുക്കളെ സംബന്ധിച്ച തർക്കങ്ങളായിരുന്നു, കേസിനാസ്പദം. ഇടവകജനം ഒന്നായോ അവരുടെ കമ്മിറ്റി പ്രതിനിധികൾക്കോ പള്ളിയുടെ സ്വത്തുക്കളിൽ അവകാശമുണ്ടെന്ന് ഹൈക്കോടതി വിധിയിൽ രേഖപ്പെടുത്തി.

കാനോൻനിയമമനുസരിച്ച് പള്ളിയുടെ സ്വത്തുക്കൾ ബിഷപ്പിന്റെയോ വികാരിയുടെയോ പേരിലായിരിക്കും രജിസ്റ്റർ ചെയ്തിരിക്കുന്നത്. വികാരിയെയോ ബിഷപ്പിനെയോ മാത്രമേ കേസുകൾ വിസ്തരിക്കാൻ അനുവാദം കൊടുക്കാറുള്ളൂ. 'പള്ളി അല്മായന്റെയും കൂടിയാണെന്ന സ്ഥിതിക്ക് യാതൊരു വിധത്തിലും കാനോൻനിയമം ഈ രാജ്യത്ത് ബാധകമല്ലെന്നും' വിധിന്യായത്തിലുണ്ടായിരുന്നു. പള്ളിയും സ്വത്തുക്കളും മെത്രാന്റെയോ പോപ്പിന്റെയോ അധീനതയിലായിരിക്കരുതെന്നും, കാനോൻനിയമം ഇന്ത്യയുടെ നിയമങ്ങൾക്ക് മറ സൃഷ്ടിക്കുന്നുവെന്നും പൗരാവകാശനിയമങ്ങളുടെ അതിരു കടക്കുന്ന കാനോൻനിയമങ്ങൾ സമൂഹത്തിൽനിന്നു നീക്കംചെയ്യേണ്ടതാണെന്നും ആ വിധിയിലുണ്ടായിരുന്നു.

കാനോൻനിയമങ്ങൾ അനുസരിച്ച് പുരോഹിതർക്കും മെത്രാന്മാർക്കും ഇടവകജനങ്ങളുടെ ആധ്യാത്മിക കാര്യങ്ങളിൽ ഇടപെടാം. എന്നാൽ അത് ഈ രാജ്യത്തിലെ പൗരാവകാശനിയമങ്ങളെ മറികടന്നുള്ളതായിരിക്കരുത്. അതൊരു വ്യക്തിഗതമായ നിയമമാണ്. കാനോൻനിയമങ്ങൾ ദൈവശാസ്ത്രപരമായ കാര്യങ്ങളിലോ സഭാസംബന്ധിയായ വിഷയങ്ങളിലോ ഉപകരിച്ചേക്കാം. അത്തരം വ്യക്തിഗത നിയമങ്ങൾക്ക് യാതൊരു നിയമപ്രാബല്യവുമില്ലെന്ന് ഹൈക്കോടതിയുടെ ഫുൾ ബെഞ്ച് പ്രസ്താവിച്ചു. സുപ്രീംകോടതിക്ക് ഈ വിധിയെ ഭേദഗതി ചെയ്യാമെന്നും വിധിയിലുണ്ടായിരുന്നു.

### ഷിക്കാഗോ രൂപതയിലെ കല്യാണക്കുറി കേസ്

പള്ളിവികാരിമാരും മെത്രാന്മാരും സാധാരണ അല്മായന് മാനസികപീഡനം കൊടുക്കുന്നത് മാമ്മോദീസായോ കല്യാണമോ മരണമോ സംഭവിക്കുമ്പോഴാണ്. അപ്പോഴെല്ലാം പുരോഹിതർ തനി ബിസിനസുകാരെപ്പോലെ പെരുമാറും. അന്യായമായി പണം ഈടാക്കാനുള്ള പദ്ധതികളുമായി അരങ്ങേറും. കേരളത്തിൽ ഇത്തരം തരികിട കളികൾ ചെലവാകും. പക്ഷേ, അമേരിക്കയിലും ഇതേ നയം ചെലവാക്കാൻ നോക്കിയ ഷിക്കാഗോ രൂപതാമെത്രാനെപ്പറ്റിയും മറ്റു രണ്ടു പുരോഹിതരെപ്പറ്റിയുമുള്ള ശ്രീ ജയിംസ് തുണ്ടത്തിലിന്റെയും ലിസിയുടെയും ഒരു പോസ്റ്റ് വായിക്കാനിടയായി. ബിഷപ്പ് അങ്ങാടിയത്തിനയച്ച അറ്റോർണിയുടെ നോട്ടീസും അതോടൊപ്പം അവർ പോസ്റ്റ് ചെയ്തിരുന്നു.

വിവാഹം കഴിക്കാൻ പോകുന്ന യുവ വധൂ-വരന്മാരുടെ പരീക്ഷണങ്ങളുടേതായ ഈ കഥ വായിച്ചാൽ, സഭയുടെ കപടമുഖം ആർക്കും തെളിഞ്ഞുകാണാനാകും. പണത്തിനുവേണ്ടി ഷിക്കാഗോ രൂപത അനുവർത്തിച്ച നയങ്ങളിലൂടെ വിവാഹിതരാകാൻ പോകുന്ന യുവദമ്പതികൾക്കും അവരുടെ മാതാപിതാക്കൾക്കും നൽകിയ പീഡനങ്ങൾ സാമാന്യജനത്തിന് ഉൾക്കൊള്ളാൻ സാധിക്കുകയില്ല. രൂപത ഈ യുവതീ-യുവാക്കളെ അത്രയ്ക്കു ഭീകരവും ജുഗുപ്സാവഹവുമായ രീതിയിൽ മാനസികമായി പീഡിപ്പിച്ചു.

ജെയിനി, ജോമോൻ എന്നീ വധൂ-വരന്മാരുടെ വിവാഹത്തിനുള്ള കല്യാണക്കുറി കൊടുക്കാൻ ഷിക്കാഗോ രൂപതാവൈദികനായ ഫാദർ ഇല്ലികുന്നുംപുറത്തും ലാറ്റിൻ ഇടവകപ്പള്ളി സഹവികാരിയായ ഫാദർ തറയിലും ഒത്തുകൂടി 3000 ഡോളർ ആവശ്യപ്പെട്ടു. അരമനയും ബിഷപ്പും പുരോഹിതരെ പിന്തുണയ്ക്കുകയും ചെയ്തു. അത്രയും വലിയൊരു തുക രൂപതയ്ക്കു കൊടുക്കാൻ, വിവാഹം കഴിക്കാൻ പോവുന്ന ദമ്പതികൾ തയാറായിരുന്നില്ല.

മനസ്സുചോദ്യവും കല്യാണത്തിനുള്ള ഹാൾ ബുക്കിങ്ങും സകല കല്യാണ ഒരുക്കങ്ങളും നടത്തിക്കഴിഞ്ഞിട്ടും ഡോളറിനുവേണ്ടി ഈ ത്രിമൂർത്തികൾ നല്ലൊരു ഗെയിംതന്നെ കളിച്ചു. സീറോ-മലബാർ ബിഷപ്പ് അങ്ങാടിയത്തിനും പുരോഹിതർക്കും മാറി മാറി കത്തുകൾ

മാസങ്ങളോളം ഈ കുടുംബം അയച്ചുകൊണ്ടിരുന്നു. ഇ-മെയിലുകളും അയയ്ക്കുന്നുണ്ടായിരുന്നു. മറുപടി കിട്ടാതെ ഒരു കുടുംബത്തിന്റെ സമയം മുഴുവൻ പാഴായിക്കൊണ്ടിരുന്നു. നേരിട്ടു കാണുമ്പോൾ, ഭംഗിവാക്കുകൾ പറഞ്ഞ് ഉടൻ കുറി തരാമെന്നു വാഗ്ദാനം ചെയ്തു കളിപ്പിച്ചുവിടുമായിരുന്നു. ഇക്കാര്യത്തിൽ, ഇടവക സഹവികാരിയായ ഫാദർ തറയിലും ക്നാനായ വികാരി ഇല്ലികുന്നും പുറത്തും കപടതയുടെ മുഖംമൂടിയണിഞ്ഞ് ഒരു ടീമായി പ്രവർത്തിച്ചു. അവർ ഇരുവരെയും കല്യാണക്കുറിക്കായി മാറിമാറി കണ്ടുകൊണ്ടിരുന്നിട്ടും പ്രയോജനമുണ്ടായില്ല. കല്യാണദിവസങ്ങൾ അടുത്തുകൊണ്ടുമിരുന്നു.

ഒടുവിൽ ഫാദർ തറയിൽ ഇവരുടെ വിവാഹം നടത്തില്ലെന്നറിയിച്ചപ്പോഴാണ് നിയമപരമായ നടപടികളിലേക്ക് ഈ കുടുംബം നീങ്ങിയത്. വക്കീൽ നോട്ടീസ് കിട്ടിയയുടൻതന്നെ കല്യാണക്കുറി തയ്യാറാക്കി വക്കീലിനെ ഏൽപ്പിക്കുകയും ചെയ്തു. വരന്റെ മാതാവായ ലിസി തുണ്ടത്തിൽ പറയുന്നു: ''ഒരു കല്യാണക്കുറി ലഭിക്കാൻ പള്ളിക്കു മൂവായിരം ഡോളർ കൊടുത്തിരുന്നുവെങ്കിൽ കാര്യങ്ങൾ എളുപ്പമാകുമായിരുന്നു. അഴിമതിയിൽക്കൂടി കാര്യം നേടാൻ ആഗ്രഹിക്കാത്തതുകൊണ്ട് ഈ വിഷയത്തിൽ കുടുംബം ഒറ്റക്കെട്ടായി അനീതിക്കെതിരെ പോരാടി. ഇത്തരം ഒരു സാഹസികപോരാട്ടം നടത്തിയത് 'ഭാവിതലമുറയ്ക്ക് നീതി കിട്ടണമെന്ന ഉദ്ദേശ്യത്തിലായിരുന്നു.''

**ശവസംസ്കാരം നിഷേധിച്ച കേസുകൾ**


നിസാരകാര്യത്തിനുപോലും, പാവങ്ങളും ദളിതരും മരിച്ചാൽ പ്രതികാരം ചെയ്യുകയെന്നുള്ളത്, പുരോഹിതരുടെ ഒരു ക്രൂരവിനോദമാണ്. ഏതാനും വർഷംമുമ്പ് കല്ലുവെട്ടത്ത് കുട്ടപ്പൻ എന്ന സാധു ദളിതൻ മരിച്ചപ്പോൾ വികാരി അയാളുടെ ശവസംസ്കാരച്ചടങ്ങുകൾ നിഷേധിച്ചത് പാലായിലെ പൗരജനങ്ങളുടെയിടയിൽ വലിയ ഒച്ചപ്പാട് സൃഷ്ടിച്ചിരുന്നു. അതിലെ വില്ലൻ ഫാദർ മൈക്കിൾ നരിക്കാട്ട് എന്ന വികാരിയായിരുന്നു. കുട്ടപ്പന്റെ ഭാര്യ കേണപേക്ഷിച്ചിട്ടും, നാട്ടിലെ പ്രമുഖർ പലരും ആവശ്യപ്പെട്ടിട്ടും വികാരിയുടെ മനസ്സലിഞ്ഞില്ല. ദരിദ്രനായി മരിച്ച കുട്ടപ്പന്റെ വീട്ടിൽ ചെല്ലാനുള്ള മനഃസ്ഥിതി അയാൾക്കുണ്ടായില്ല. കർമ്മങ്ങളിൽ പങ്കുകൊള്ളാതെ വികാരി പരിപൂർണമായി ഒഴിഞ്ഞുനിന്നു. നാട്ടുകാരും ബന്ധുജനങ്ങളും ശവപ്പെട്ടിയുമായി പള്ളിയിലെത്തിയപ്പോൾ പള്ളി അടച്ചിട്ടിരുന്നു. മൃതദേഹം പള്ളിയിൽ പ്രവേശിപ്പിക്കാൻ അനുവദിച്ചില്ല. മനുഷ്യത്വം നശിച്ച ആ പുരോഹിതൻ സെമിത്തേരിയിൽ വരുകയോ കർമ്മങ്ങളിൽ പങ്കുചേരുകയോ ഉണ്ടായില്ല. ക്രിസ്തുവിന്റെ പരിവേഷം ധരിച്ച അയാളുടെ മനസുമുഴുവൻ അഹങ്കാരം കട്ടപിടിച്ചു കിടക്കുകയായിരുന്നു. കുട്ടപ്പൻ ജീവിച്ചിരുന്നപ്പോൾ ചെയ്ത പാപം, പള്ളിയിൽ 'ആത്മസ്ഥിതി വിവരങ്ങൾ' എടുത്തപ്പോൾ സഹകരിച്ചില്ലെന്നതായിരുന്നു. എഴുത്തും വായനയും അറിയാത്ത കുട്ടപ്പന് ആ ഫോറം പൂരിപ്പിക്കാൻപോലും അറിയില്ലായിരുന്നു. ഇത്തരം വിചാരശൂന്യരായ വികാരിമാർ ക്രൈസ്തവലോകത്തിൽ നിറഞ്ഞിരിക്കുകയാണ്. അക്രൈസ്തവർ ക്രിസ്ത്യാനികളെ പരിഹസിക്കുന്നത് ഇങ്ങനെയുള്ള നെറികെട്ടവരെ സഭയും കുഞ്ഞാടുകളും തീറ്റിപ്പോറ്റുന്നതുകൊണ്ടാണ്.

കുറവിലങ്ങാട് വി. കെ. കുര്യൻ കേസ്സിലും ഒരു വികാരിയുടെ മർക്കടമുഷ്ടിമൂലം ശവസംസ്കാരം നിഷേധിച്ചിരുന്നു. ആ കേസ്സിൽ നഷ്ടപരിഹാരമായി പാലാ ബിഷപ്പ് രണ്ടേകാൽ ലക്ഷം രൂപ കൊടുക്കേണ്ടി വന്നു. കൂടാതെ, കോടതിച്ചെലവും അരമന വഹിക്കേണ്ടി വന്നു. പ്രസിദ്ധമായ വി. കെ. കുര്യൻ കേസിലെ വിധിയിൽ പറയുന്നു, 'മരിച്ച ഒരാളിന്റെ ശവസംസ്കാര കർമ്മങ്ങൾ മാന്യമായ രീതിയിൽ നടത്തിക്കിട്ടുകയെന്നത് ഒരു പൗരന്റെ അവകാശമാണ്. അത് നിഷേധിച്ചാൽ കാനോൻനിയമത്തിനുപരി മാനുഷികാവകാശങ്ങൾ കോടതി വഴി നടപ്പാക്കാൻ ഒരു പൗരന് അവകാശമുണ്ട്.' കേരളത്തിന്റെ വിവിധ ജില്ലകളിൽ സമാനമായ കേസ്സുകൾ നടത്തി വിശ്വാസികൾ ജയിച്ചതായ ചരിത്രവുമുണ്ട്.

മൃതദേഹത്തോട് ആദരവ് കാണിക്കാതെയും അന്ത്യോപചാരങ്ങൾ അർപ്പിക്കാതെയുമുള്ള ഒരു കേസ് സി.എസ്.ഐ സഭയിലുമുണ്ടായി. ഗ്രന്ഥകാരനും കോളേജ് പ്രൊഫസറുമായിരുന്ന ജേക്കബ് മരിച്ചപ്പോൾ മൃതദേഹം പള്ളി സെമിത്തേരിയിൽ സംസ്കരിക്കാൻ അനുവദിച്ചില്ല. മരിച്ച ജേക്കബ് തന്റെ പുസ്തകത്തിൽ സഭയുടെ ശിശുസ്നാനത്തെ വിമർശിച്ചുവെന്നായിരുന്നു ആരോപണം. അത് സഭയുടെ ദൈവശാസ്ത്രത്തെ ചോദ്യംചെയ്യലായി ബിഷപ്പ് ദാനിയേൽ കരുതി. നടപടിയെന്നോണം സഭയിൽ വിലക്കും കല്പ്പിച്ചിരുന്നു. ഈരാറ്റുപേട്ട ജഡ്ജ് ഹാരീഷ് ജി, മരിച്ച പ്രൊഫ. ജേക്കബ്ബിന്റെ കുടുംബത്തിന് പത്തു ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകണമെന്നു വിധിച്ചു. ബിഷപ്പ് കെ.ജി. ദാനിയേൽ മരിച്ചുപോയ പ്രൊഫ. ജേക്കബ്ബിന്റെ കുടുംബത്തെ അപമാനിച്ചുവെന്നും മൃതദേഹത്തോട് മാന്യത കല്പ്പിച്ചില്ലെന്നും വിധിയിൽ കുറിച്ചിട്ടുണ്ടായിരുന്നു. മരിച്ച ജേക്കബിന്റെ ഭാര്യ മേരി ജേക്കബ് നൽകിയ കേസ്സിന്മേലായിരുന്നു വിധി.

**ഭൂമിവിവാദവും കർദ്ദിനാൾ ആലഞ്ചേരിയും**

കോടിക്കണക്കിന് വിലയുള്ള സഭയുടെ സ്വത്തുക്കൾ നിസ്സാരവിലയ്ക്കു വിറ്റ കർദ്ദിനാൾ ആലഞ്ചേരിക്കെതിരെ ചൂടുപിടിച്ച വിവാദങ്ങൾ നാടെങ്ങും പ്രതിദ്ധ്വനിച്ചുകൊണ്ടിരിക്കുന്നു. ഭൂമി വിവാദത്തിനെതിരെ സീറോ-മലബാർ ഗ്രൂപ്പിലെ ഏതാണ്ട് ഇരുപതോളം നവീകരണവിഭാഗങ്ങൾ ശക്തമായ പ്രതിഷേധങ്ങളുമായി രംഗത്തുവന്നിട്ടുണ്ട്. 'ഓൾ കേരള ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ' എന്ന സംഘടന രൂപീകരിച്ചുകൊണ്ട് ജസ്റ്റീസ് കൃഷ്ണയ്യർ തയ്യാറാക്കിയ ചർച്ച് ആക്ട് ഉടനടി നടപ്പിലാക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചു. സഭയുടെ സ്വത്തുക്കൾ മാർപാപ്പയുടെ അധീനതയിലാണെന്നും പൊതുജനങ്ങൾക്ക് അതു ചോദ്യംചെയ്യാൻ അവകാശമില്ലെന്നുമുള്ള കർദ്ദിനാളിന്റെ പ്രസ്താവന വിവാദമായിരുന്നു. കേരള ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചപ്പോഴും ▸▸



# ഇരുണ്ട യുഗത്തിൽനിന്ന് ഇടുങ്ങിയ യുഗത്തിലൂടെ

ഡോ. ജേക്കബ് തോമസ് ഐ.പി.എസ്.

*[ഇതാദ്യമായാണ് മുൻ വിജിലൻസ് മേധാവി സീറോ-മലബാർ സഭയുടെയും മറ്റ് ക്രൈസ്തവസഭ കളുടെയും തട്ടിപ്പിനെതിരെ പ്രതികരിക്കുന്നത്. ജേക്കബ് തോമസ് ഐ.പി.എസ്-ന്റെ ഫേസ്ബുക്ക് പോസ്റ്റ്.]*

"പ്രശസ്ത ചിന്തകൻ പെട്രാർക്ക് പതിന്നാലാം നൂറ്റാണ്ടുവരെയുള്ള കാലത്തെ ഇരുണ്ട യുഗമെന്നാണ് വിശേഷിപ്പിച്ചത്. ഇതിന് ഒരു കാരണം റോമൻ കത്തോലിക്കാസഭയായിരുന്നു. അജ്ഞതയും അന്ധ വിശ്വാസവും നിറഞ്ഞ യൂറോപ്പിലെ സഭ സാംസ്കാരിക ജീർണതയുടെ നേർസാക്ഷ്യമായിരുന്നു.

സമ്പത്തും അധികാരഗർവും സഭാനേതൃത്വത്തെ നയിച്ചപ്പോൾ വിശ്വാസികൾ ഇരുട്ടിലായി. വത്തിക്കാന് പണം നൽകി അധികാരം നിലനിർത്തി, ചില മെത്രാന്മാർ. അനാചാരങ്ങളും അഴിമതിയും ധനസമ്പാദനത്തിനും അതുവഴി അധികാരമുറപ്പിക്കലിനും വഴിയായി. ജർമൻ ആർച്ച്ബിഷപ്പ് അൽബ്രെക്ട് രണ്ടു അതിരൂപതകളുടെ അധികാരം ഒന്നിച്ച് നിലനിർത്താൻ വൻതുക ലോണെടുത്ത് സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ പണിക്ക് സംഭാവന നൽകി.

ഇത്തരം അധികാരദുർവിനിയോഗങ്ങൾക്കെതിരെയാണ് പ്രശസ്ത ദൈവശാസ്ത്രജ്ഞൻ മാർട്ടിൻ ലൂഥർ 1517-ൽ വിറ്റൻബർഗ് കൊട്ടാരവാതിലിൽ തന്റെ 95 പ്രബന്ധങ്ങൾ തൂക്കിയിട്ടത്. സഭാനേതൃത്വത്തിനെതിരായ തുറന്ന പോരാണ് ഫാദർ മാർട്ടിൻ ലൂഥർ തുടങ്ങിവച്ചത്. അതേ പോരാട്ടം ഓർമിപ്പിക്കുന്നു, സീറോ-മലബാർ സഭയിലെ വൈദികരുടെ നീക്കങ്ങളും. പക്ഷേ, വിശ്വാസികൾ ഈ പോരാട്ടത്തിൽ എവിടെ നിൽക്കുന്നു?

> **"അഭിഷിക്തരെ ചോദ്യംചെയ്താൽ ശാപം കിട്ടും' തുടങ്ങിയ അന്ധവിശ്വാസ ങ്ങളാണ് ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ആളുകളെ നയിക്കുന്നത്. സഭ, വിശ്വാസികളുടേതാണ് എന്ന് പറയുമ്പോഴും സ്വകാര്യ സ്വത്തായാണ് സഭാ നേതൃത്വം കാണുന്നത്. ഒരു സ്വകാര്യ കമ്പനിയെന്നും വിളിക്കാം. മെത്രാൻ എന്ന ചെയർമാനും അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളും ചേർന്ന് കാര്യങ്ങൾ തീരുമാനിക്കുന്നു,**

1520-ലാണ് 'ക്രിസ്ത്യാനിയുടെ സ്വാതന്ത്ര്യം' എന്ന പുസ്തകം എഴുതപ്പെട്ടത്. നൂറ്റാണ്ടുകൾക്കിപ്പുറവും ഈ സ്വാതന്ത്ര്യം ക്രിസ്ത്യാനിയുടെ ചിന്തകളിലും നിലപാടുകളിലും ഇടം പിടിച്ചിട്ടുണ്ടോ? വിശ്വാസിയുടെ ഭയവും അന്ധതയും മറയാക്കി സഭയിൽ കള്ളക്കച്ചവടങ്ങളും ലക്ഷങ്ങൾ മുടക്കിയുള്ള കോടതി വ്യവഹാരങ്ങളും പൊടിപൊടിക്കുന്നു.

''അഭിഷിക്തരെ ചോദ്യംചെയ്താൽ ▸▸

▸▸ ഇതേ അഭിപ്രായങ്ങൾതന്നെ കർദ്ദിനാൾ രേഖപ്പെടുത്തുകയുംചെയ്തു.

സഭാസ്വത്തുക്കളുടെ വാങ്ങൽ-വില്പ്പന ഇന്നു നടന്നുപോരുന്നത് കാനോൻ നിയമം അനുസരിച്ചാണ്. അതിനൊരു മാറ്റമുണ്ടാകണമെന്നാണ് കേരളത്തിലെ ക്രിസ്ത്യൻ നവീകരണസംഘടനകൾ ആവശ്യപ്പെടുന്നത്. ഇന്ന് ഒരു കർദ്ദിനാളോ മെത്രാനോ സഭാവക സ്വത്തുക്കൾ കൈകാര്യംചെയ്യുമ്പോൾ അത് സർക്കാരോ സഭാജനമോ അറിയുന്നുപോലുമില്ല. സഭയുടെ സ്വത്തുക്കൾ മെത്രാന്റെയോ പുരോഹിതരുടെയോ കുടുംബത്തിൽനിന്നു കൊണ്ടുവന്നതല്ല. സമൂഹം നൽകിയ സ്വത്തുക്കൾ സംരക്ഷിക്കാനുള്ള അവകാശം സമൂഹത്തിനാണ്. ഹിന്ദു ധർമ്മസ്ഥാപനങ്ങൾക്ക് സ്വത്തുക്കൾ കൈകാര്യംചെയ്യാൻ സർക്കാർ നിയന്ത്രണമുള്ള ദേവസ്വം ബോർഡുണ്ട്. അതുപോലെ മുസ്ളീങ്ങൾക്ക് വക്കഫ് ആക്റ്റുണ്ട്. എന്നാൽ കർദ്ദിനാൾ ആലഞ്ചേരി പറയുന്നു, 'സഭാ സ്വത്തുക്കൾ കൈകാര്യം ചെയ്യാൻ അവകാശം എനിക്കുമാത്രം. എന്നെ ചോദ്യം ചെയ്യാൻ മാർപ്പാപ്പയ്ക്ക് മാത്രമേ കഴിയൂ. എനിക്കുമീതെ ഒരു സർക്കാരുമില്ല.' എന്തേ! ഒരു ജനാധിപത്യ രാജ്യത്ത് രണ്ടു നിയമങ്ങളോ? ഒരു ഏകാധിപതിയുടെ ശബ്ദമാണ് കർദ്ദിനാൾ ഹൈക്കോടതിയിൽ മുഴക്കിയത്. ഇത്തരം വിവാദ അവകാശവാദങ്ങൾ ഒരു പരമാധികാര ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ ഒരു ക്രൈസ്തവ സഭാമേലധ്യക്ഷനിൽനിന്നുണ്ടായി എന്നത് ക്രൈസ്തവ സമൂഹത്തിനാകെ അപമാനകരമാണ്.

(അവസാനിച്ചു)

email: jmathew@msn.com

ശാപംകിട്ടും' തുടങ്ങിയ അന്ധവിശ്വാസങ്ങളാണ് ഈ ഇരുപത്ത◌ി യൊന്നാം നൂറ്റാണ്ടിലും ആളുകളെ നയിക്കുന്നത്. സഭ, വിശ്വാസികളുടേതാണ് എന്ന് പറയുമ്പോഴും സ്വകാര്യസ്വത്തായാണ് സഭാനേതൃത്വം കാണുന്നത്. ഒരു സ്വകാര്യകമ്പനിയെന്നും വിളിക്കാം. മെത്രാൻ എന്ന ചെയർമാനും അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളും ചേർന്ന് കാര്യങ്ങൾ തീരുമാനിക്കുന്നു, നടപ്പാക്കുന്നു. കമ്പനിയുടെ സേവനങ്ങൾ ലഭിക്കാൻ - അത് കൂദാശ യാകട്ടെ, ശുശ്രൂഷയാകട്ടെ, ആശീർവാദമാകട്ടെ — ഫീസ് നൽകണം. സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റ് മോഡലിൽ വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രികളും.

മൂവായിരത്തിൽപ്പരം ഇടവകകളും 50 ലക്ഷം വിശ്വാസികളും ഈ സംവിധാനത്തെ പരിപോഷിപ്പിക്കുന്നു. 'എന്റെ പിതാവിന്റെ ഭവനത്തെ കച്ചവടസ്ഥാപനമാക്കരുത്' എന്ന വചനം അപ്പാടെ അട്ടിമറിക്കുന്നു. നൂറ്റാണ്ടുകളുടെ പഴമയിൽ അഭിമാനിക്കുന്ന സിറോ-മലബാർ സഭയിൽ ആകെ ഉണ്ടായത് മൂന്ന് വിശുദ്ധരാണെന്ന് ഓർക്കുക. ●

# 'ആൽ' തണൽ തേടുമ്പോൾ!



**കെ. ജോർജ് ജോസഫ്**

**അ**ടുത്ത നാളിൽ ഒരു സിനിമാനടൻ സിനിമയിലില്ലാത്ത ഒരു രംഗം ഒരു നടിയെ നിർബന്ധിച്ച് ബലമായി ഷൂട്ട് ചെയ്തു. അതിന്റെ സംവിധായകൻ തിരക്കഥ മാറ്റിപ്പിടിച്ചതുകൊണ്ട് പടം പൊളിഞ്ഞു; പണം പോയി, മാനവും പോയി. പല തുറുപ്പും ഇറക്കി നോക്കി... നിരപരാധിയെന്ന് അഭിനയിച്ചു, ന്യായീകരണത്തൊഴിലാളികളെ കൂലിക്കു നിരത്തി... പ്രസിദ്ധമായ ആ സിനിമാ ഡയലോഗ് പോലെ, '... എന്തൊക്കെ ആയിരുന്നു...!' ഒടുവിലെന്തായി...! കേസായി, കഥാനായകൻ അകത്തായി!

തീർന്നില്ല, രണ്ടാം വരവായിരുന്നു ഗംഭീരം! അതിർത്തിയിൽ ശത്രുരാജ്യത്തിന്റെ പടയാളികളെ ഒന്നാകെ കാലപുരിക്കയച്ച് വിജയശ്രീലാളിതനായി ബങ്കറിൽനിന്നും പുറത്തുവരുന്ന ധീരയോദ്ധാവിനു നൽകുന്നതുപോലുള്ള ഗംഭീരസ്വീകരണമാണ് ഫാൻസുകാർ നമ്മുടെ കഥാനയകന് ഒരുക്കിയത്! യാതൊരു ഉളുപ്പുമില്ലാതെ അതേറ്റുവാങ്ങാൻ നിന്നുകൊടുത്ത കഥാനായകന്റെ ചർമശേഷി എത്ര വർണിച്ചാലും അധികമാവുകയില്ല. ആ പ്രകടനം അതിശയകരവും അവിസ്മരണീയവുമായിരുന്നു എന്നു പറയാതെ വയ്യ....

ഇതെന്തിനാണ്, മലയാളികൾ മറക്കാത്ത ഈ പഴംപുരാണം ഇപ്പോൾ എഴുന്നള്ളിക്കുന്നതെന്ന് വായനക്കാർ നെറ്റിചുളിക്കുന്നുണ്ടാവും. ചരിത്രം ആവർത്തിക്കുന്നു, വളരെ വിലക്ഷണമായിത്തന്നെ!

ഒരു കർദ്ദിനാൾ രാജകുമാരൻ കാര്യസ്ഥന്മാരെക്കൊണ്ട് തന്റെ അധികാരത്തിൻകീഴിലുള്ള ഭൂമി വിൽക്കുകയും അതിൽ നടന്ന കള്ളക്കളികൾ പുറത്താവുകയും നാട്ടിലാകെ പാട്ടാവുകയുംചെയ്ത മറയ്ക്കാനാവാത്ത സംഭവം മറക്കാൻ കാലമായിട്ടില്ലല്ലോ. അതിന്റെപേരിൽ നടന്ന വെല്ലുവിളികളും ചാനൽയുദ്ധവും ശമിച്ചെങ്കിലും തുടർചലനങ്ങൾ ഇപ്പോഴും അവസാനിച്ചിട്ടില്ല. രാജകുമാരനുവേണ്ടി മദ്യവ്യാപാരികളും തട്ടിപ്പുവീരന്മാരും ചാനലുകളും നിറഞ്ഞാടിയത് കൺനിറയെ കണ്ടവരാണ് നമ്മൾ മലയാളികൾ. സിനിമയിലെ കഥാനായകൻ പയറ്റിയ അടവുകളെല്ലാം പയറ്റിയതും പോരാഞ്ഞ്, ആരെയും ലജ്ജിപ്പിക്കുന്ന അവിഹിതങ്ങളുടെ ഒരു പരമ്പരതന്നെ കെട്ടഴിച്ചുവിട്ടു കുമാരചേരി! തന്റെ കസേര നിലനിർത്താനായി ഒരു ഘട്ടത്തിൽ രാജാവാണെന്നുവരെ പറഞ്ഞുനോക്കി, രാജകുമാരൻ! ഇതൊന്നും പോരാഞ്ഞ് രാജ്യനിയമത്തിന് അതീതനാണ് താനെന്നുപോലും വാദിച്ചുകളഞ്ഞു! എല്ലാം കഴിഞ്ഞ് കോടതിയിൽനിന്ന് മണ്ടയ്ക്കടിയും വാങ്ങി; കേരളചരിത്രത്തിൽ ആദ്യമായി ഒരു കത്തോലിക്കാ രാജകുമാരൻ!

പക്ഷേ, ഒരു രാജഭക്തൻ തൽക്കാലം ആ തടി വെളിക്കിറക്കിക്കൊടുത്തു! എന്നിട്ടും നിർത്തിയില്ല വിഡ്ഢിത്തം പറച്ചിൽ... ഫാൻസിന്റെ കാര്യത്തിൽ സിനിമക്കാരെ കടത്തിവെട്ടുന്നവരാണല്ലോ കത്തോലിക്കാമെത്രാന്മാർ! അതിനാൽത്തന്നെ ജയിൽമോചിതനായ കഥാനായകനു ലഭിച്ചതിനെക്കാൾ ഗംഭീരസ്വീകരണമാണ് ജയിൽ തീണ്ടാത്ത വിവാദപുരുഷന് കുഞ്ഞാടുകൾ ഒരുക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ അഹന്തയിൽ അഭിരമിക്കുന്നതിൽ ഒട്ടും മോശമല്ലാത്ത നിലവാരം പുലർത്താൻ നമ്മുടെ രാജകുമാരനും മടികാണിച്ചില്ല. രാജ്യനിയമംവെച്ച് ദൈവനീതിയെ അളക്കാൻ ശ്രമിക്കരുതെന്നായി രാജശാസന! സ്വയം ദൈവമായി ചമയുന്ന ഇവരെയൊക്കെ ഇനിയും സഹിക്കുന്ന ജനതയെ, 'കഴുതയുടെ തിരികല്ലു കഴുത്തിൽക്കെട്ടി കടലിൽ താഴ്ത്തണ'മെന്ന ബൈബിൾ വാക്യം ഓർമ്മിപ്പിക്കുന്നു.

വിഡ്ഢിത്തങ്ങളുടെ രാജകുമാരൻ പുതിയ തിരുമൊഴികളുമായി ഒടുവിൽ അവതരിച്ചത് രാമപുരത്താണ്, മെയ്1-ന്, AKCC എന്ന മെത്രാസനം താങ്ങികളുടെ പാലാരൂപതാ ശതാബ്ദിയാഘോഷ വേദിയിൽ. 500 പേർക്കിരിക്കാവുന്ന പാരീഷ്ഹാൾ നിറഞ്ഞുകവിഞ്ഞിരുന്ന ആടുകളെ നോക്കി അദ്ദേഹം മൊഴിഞ്ഞു: "പാലാക്കാർ നല്ല അനുസരണയുള്ളവരാണ്. വൈദികരും മെത്രാനുമായി നല്ല ബന്ധമാണ്.

▶▶



# ഷംഷാബാദിൽ സംഭവിച്ചത്

**ജോസഫ് മറ്റപ്പള്ളി**

**ഷം**ഷാബാദ് രൂപത സ്ഥാപിക്കപ്പെട്ടപ്പോൾമുതൽ ഉയർന്നതാണ്, അഹമ്മദാബാദിൽ തൽസ്ഥിതി നിലനിർത്തണമെന്നുള്ള അവിടുത്തെ സീറോ-മലബാർ കത്തോലിക്കരുടെ ആവശ്യവും. ഫരീദാബാദ് രൂപതയിൽനിന്നു വിടുതലാവശ്യപ്പെട്ട ഡൽഹിക്കാർക്ക് ഈ ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള മാർപാപ്പായുടെ കത്ത് അഹമ്മദാബാദിന്റെ ആവശ്യത്തിനു പിൻബലം നൽകിയെന്നു പറയാതെവയ്യ.

അഹമ്മദാബാദ് കത്തോലിക്കരുടെ വളർച്ചാപശ്ചാത്തലം മനസ്സിലാക്കണമെങ്കിൽ, ആ നഗരത്തിലേക്കുള്ള കുടിയേറ്റം തുടങ്ങിയ 1950-കളിലേക്കു പോകണം. ഒരു ജോലിയന്വേഷിച്ച് വളരെ കഷ്ടപ്പെട്ടവിടെ വന്ന മലയാളിക്കത്തോലിക്കർക്ക് അവിടുത്തെ ജസ്യൂട്ട് സഭാംഗങ്ങളായ ലത്തീൻ റീത്തുകാർ കിടക്കാൻ പാർപ്പിടവും വ്യത്യസ്തസ്ഥാപനങ്ങളിൽ ജോലിയും അവരുടെ കുട്ടികൾക്ക് പഠിക്കാൻ എല്ലാ സൗകര്യങ്ങളും തരപ്പെടുത്തിക്കൊടുത്തു. ആ സമൂഹം വളർന്നതാണ് ഇന്നത്തെ അഹമ്മദാബാദ് മലയാളിക്കത്തോലിക്കർ! അവരിന്ന് രണ്ടു കാലിലും നിവർന്നു നിൽക്കുന്നു - അവർക്കു പണവുമുണ്ട്, സാമൂഹികസ്ഥിതിയുമുണ്ട്. ഇന്നവരുടെ പിന്നാലെ കൂടിയിരിക്കുന്ന സീറോ-മലബാറിൽനിന്ന് ഒരു നയാപൈസായുടെ ഉപകാരംപോലും ഇവർക്കു കിട്ടിയിട്ടുമില്ല. സീറോ-മലബാർ സഭയ്ക്ക് സ്വന്തമായി ആ നഗരത്തിൽ ഒരു മൂത്രപ്പുരപോലും ഇല്ലതാനും. ഈശോസഭക്കാരാകട്ടെ ഒരു ചില്ലിപ്പൈസാപോലും പകരം ചോദിക്കാതിരിക്കുന്നിടത്താണ് ബക്കറ്റുമായി കേരളകത്തോലിക്കാസഭ ഇറങ്ങിയിരിക്കുന്നത്!

അഹമ്മദാബാദിലെ മുതിർന്ന മലയാളിക്കത്തോലിക്കർ, വന്നവഴി ഒരിക്കലും മറന്നില്ല; 1983-ൽ അവരൊരു സംഘടന രൂപീകരിച്ചു - MACAF (Malayaalee Catholic Fellowship). നല്ല സാമ്പത്തിക അടിത്തറയുള്ള ഈ സംഘടന ഒരു സഹകരണപ്രസ്ഥാനംപോലെ ഇന്നും വിജയകരമായി പ്രവർത്തിക്കുന്നു. ഈ MACAF ആണ് നഗരത്തിലെ 12 ലത്തീൻ പള്ളികളിൽ മലയാളം കുർബ്ബാന ചൊല്ലാനുള്ള ക്രമീകരണം അഹമ്മദാബാദ് ബിഷപ്പുമായി കൂടിയാലോചിച്ചു ക്രമീകരിച്ചത്. ഇന്നു ശക്തമായ ഒരു സീറോ-മലബാർ സമൂഹം അവിടെ പരുവപ്പെട്ടിട്ടുണ്ടെങ്കിൽ അതു MACAF-ന്റെ പ്രവർത്തനഫലമാണെന്നു സാരം. ഗോവൻ കത്തോലിക്കരും തദ്ദേശീയരും ഉൾപ്പെട്ട ലത്തീൻ കത്തോലിക്കാസമൂഹവുമായി വളരെ ഐക്യപ്പെട്ട്, എന്നാൽ സ്വന്തം പാരമ്പര്യം കളയാതെ ജീവിച്ചുപോന്ന മലയാളിക്കത്തോലിക്കരുടെയുംകൂടി പരിശ്രമംകൊണ്ടാണ് തൽത്തേജിൽ ഒരു പള്ളി സ്ഥാപിക്കപ്പെട്ടത്. ▶▶

---

▶▶ കലഹമില്ല. പല വൈദികരും ഇതു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയല്ലാത്ത പല രൂപതകളും ഉണ്ട്. പക്ഷേ, വിശ്വാസികൾ മനസ്സിലാക്കേണ്ട ഒന്നുണ്ട്. അച്ചന്മാരോ ബിഷപ്പോ പറയുന്നതിൽ പിശകുണ്ടെങ്കിൽ പോലും അതിനു നിങ്ങൾ ആമേൻ പറഞ്ഞേക്കണം!"

ലഭിച്ച സ്വീകരണത്തിൽ സന്തുഷ്ടി പ്രകടിപ്പിച്ച അദ്ദേഹം പാലാക്കാരെ പുകഴ്ത്താൻ ഒട്ടും ലോപം കാണിച്ചില്ല. "പാലാ രൂപതക്കാർ നല്ല കർഷകരാണ്. അങ്ങനെ ഓരോ സ്ഥലത്തിനും ഓരോ പ്രത്യേകതയുണ്ട്. തൃശൂരാണെങ്കിൽ വ്യവസായികളാണ്. ... കൊഞ്ചം വ്യവസായവും കൊഞ്ചം കളവും!" തൃശൂർക്കാരെക്കുറിച്ച് അദ്ദേഹത്തിന് നല്ല മതിപ്പാണെന്ന് മനസ്സിലായല്ലോ!


കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രിയെന്നപോലെ, സ്വാഗതപ്രസംഗകൻ AKCC രൂപതാ ഡയറക്റ്റർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലിന് പാലാ രൂപതയിലെ അപവാദപ്രചാരകരെക്കുറിച്ച് അത്ര മതിപ്പില്ല. അവർ വിവാദം സൃഷ്ടിച്ച് മുതലെടുപ്പിന്നു തുനിഞ്ഞിറങ്ങിയവരാണ്. എന്നാൽ, ചേർപ്പുങ്കൽ ആശുപത്രിയെക്കുറിച്ച് വിവാദങ്ങളുണ്ടാക്കിയവരുടെ വായടപ്പിക്കുന്ന മറുപടിയാണ് കല്ലറങ്ങാട്ടു പിതാവ് ഇടയലേഖനംവഴി നൽകിയതത്രെ! ആക്ഷേപങ്ങൾക്ക് മറുപടി പറയേണ്ടിവന്നതിലെ അതൃപ്തി അദ്ദേഹം ഒട്ടും മറച്ചുവെച്ചില്ല. ബിഷപ്പ് കല്ലറങ്ങാട്ട് വളരെ സമർഥമായി സമയക്കുറവിനെ പഴിചാരി, എങ്ങുംതൊടാതെ പറഞ്ഞ് തടിതപ്പി!

പാവം പാവം ബിഷപ്പ് മുരിക്കൻപോലും ധാർമികരോഷംകൊണ്ടു. 'ഏകജാലകം' എന്നത് ന്യൂനപക്ഷാവകാശങ്ങളുടെമേലുള്ള കടന്നുകയറ്റമാണുപോലും! എന്നിട്ടോ, നമ്മൾ അതിനോടു വേണ്ടതുപോലെ പ്രതികരിച്ചില്ല. നമ്മുടെ പ്രതിഷേധം വളരെ ദുർബലമായിപ്പോയത്രെ! ശക്തമായി പ്രതികരിച്ച് അതു തിരുത്തിക്കേണ്ടതായിരുന്നു എന്നാണദ്ദേഹത്തിന്റെ പക്ഷം. ഒരു വിമോചനസമരം കാണാനുള്ള അവസരം നഷ്ടപ്പെട്ടതിൽ അദ്ദേഹം ഖിന്നനാണ്, വ്രണിതഹൃദയനാണ്!

ലോക തൊഴിലാളിദിനത്തിൽത്തന്നെ ഈ നോക്കുകൂലിക്കാരുടെ പുലഭ്യംപറച്ചിൽ കേൾക്കേണ്ടി വന്നല്ലോന്നാ...

ഫോൺ: 9037078700





വംശീയവഴക്കുകളുടെ പ്രഭവസ്ഥാനമായ അഹമ്മദാബാദിൽ വളരെ വിനാശം വിതച്ചേക്കാവുന്ന വിഭാഗീയതയാണ് സീറോ-മലബാർസഭ വിഭാവനം ചെയ്തതെന്നു പറയാതെ വയ്യ. അഹമ്മദാബാദിലെ പുതിയ ബിഷപ്പിന്റെ സ്ഥാനാരോഹണച്ചടങ്ങിൽ തട്ടിൽ പിതാവിന്റെ അസാന്നിധ്യം എല്ലാവരും ശ്രദ്ധിച്ചു. രണ്ട് ഈസ്റ്ററും രണ്ടു ദുഃഖവെള്ളിയും, രണ്ടു ക്രിസ്മസ്സും ഒരേ പള്ളിയിൽ വന്നപ്പോഴും, മലയാളം കുർബ്വാന കളിലെ പിരിവിനുവേണ്ടി ഈ അവസരവാദികൾ അവകാശമുന്നയിച്ചപ്പോഴുമൊന്നും ലത്തീൻ വൈദികർ കാര്യമായി പ്രതികരിച്ചില്ല. പ്രവാസികളായ സുറിയാനിക്കത്തോലിക്കരുടെ ക്ഷേമത്തിനുവേണ്ടി ആഗോള വിസിറ്റേറ്ററായി മാർ തട്ടിൽ നിയോഗിക്കപ്പെട്ട പ്പോൾ ആദ്യം വന്നത് അഹമ്മദാബാദിലായിരുന്നു. അന്നു തൽത്തേജ് പള്ളിയിൽ അദ്ദേഹം നടത്തിയ പ്രസംഗം ഞാനും കേട്ടതാണ്. 'ഞെട്ടറ്റാൽ പൂ വാടിപ്പോകില്ലേ, പാരമ്പര്യം അറ്റുപോയാൽ നാമും വാടും, അതുകൊണ്ട് ആ ബന്ധം കളയരു'തെന്നൊക്കെ ഉപദേശിച്ച അദ്ദേഹം, ലത്തീൻകാർ നമ്മെ ഒത്തിരി ഉപദ്രവിച്ചിട്ടുണ്ടെന്നും കൂട്ടത്തിൽ പറഞ്ഞു. പറഞ്ഞ തൊരു മെത്രാനായതുകൊണ്ട് അന്നാരും പ്രതിക രിച്ചില്ല. മറ്റൊരുവന്റെ വീട്ടിൽ കയറിനിന്ന് അവർക്കെ തിരായി പ്രസംഗിക്കാൻ ഒരു സീറോ-മലബാർ പുരോഹിതനേ കഴിയൂതാനും. ഇംഗ്ളണ്ടിൽ ഇത്തരം സേവനം നൽകാൻവേണ്ടി കയറിക്കൂടിയ മലയാളി വൈദികരോട് പള്ളിമുറി വിടാൻ ലത്തീൻ വൈദികർ ആവശ്യപ്പെട്ടുതുടങ്ങി - കാരണം ഇതുതന്നെ.

സാവധാനം, മലയാളം പള്ളികളിലെ ക്രമം, കേരളത്തിലേതുപോലെയായി - അർഥമില്ലാത്ത സഭാരാഷ്ട്രീയവും ചെവിതുളയ്ക്കുന്ന ശബ്ദത്തിലുള്ള പാട്ടുകുർബ്വാനയും നീണ്ട വാർഡ്മീറ്റിങ്ങുമൊക്കെ പതിവായപ്പോൾ പഴമക്കാർ ഇംഗ്ലീഷ് കുർബ്വാനയി ലേക്കു തിരിഞ്ഞു. മാർ ആലഞ്ചേരിയുടെ സ്വീകരണ ത്തിന്റേപേരിൽ ആരൊക്കെയോ 16 ലക്ഷം പിരിച്ചതി ന്റെയും ചെലവിട്ടതിന്റെയും കണക്കു കേട്ടപ്പോഴും കേൾക്കാതിരുന്നപ്പോഴും ആരും പ്രതികരിച്ചില്ല. പക്ഷേ, ഷംഷാബാദ് രൂപത പ്രഖ്യാപിക്കപ്പെട്ടപ്പോൾ പ്രദേശ വാസികൾ അപകടം മണത്തു. എല്ലാവർക്കും കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന സഭാസംസ്കാരം അറിവുണ്ടായിരുന്നു - അതിവിടെ ആവർത്തിക്ക പ്പെടാൻ അവരാഗ്രഹിച്ചില്ല. മാർ തട്ടിൽ അഹമ്മദാ ബാദിൽ വന്നപ്പോൾ MACAF അംഗങ്ങൾ അദ്ദേഹത്തെ കണ്ടിരുന്നു; പക്ഷേ തൽസ്ഥിതിയെപ്പറ്റിയുള്ള ചോദ്യം വന്നപ്പോൾ അദ്ദേഹം തന്ത്രപൂർവ്വം ഒഴിഞ്ഞുമാറി. MACAF-ന്റെ ഒരു സേവനവും അദ്ദേഹം ആവശ്യപ്പെട്ടു മില്ല.

ഷംഷാബാദ് രൂപത സ്ഥാപിക്കപ്പെടുന്നതിനു മുമ്പേ, അഹമ്മദാബാദിൽനിന്നൊരു വിശ്വസ്തൻ ഷംഷാബാദ് രൂപതയുടെ പാസ്റ്ററൽ സെക്രട്ടറിയായി രംഗപ്രവേശനം നടത്തിയതും ഭരണം നിയന്ത്രിച്ചു തുടങ്ങിയതും കാര്യങ്ങൾ കൂടുതൽ വഷളാക്കി. ഇതിനെല്ലാം മെത്രാന്റെ മൗനസമ്മതമുണ്ടെന്നു വിശ്വാസികൾക്കു മനസ്സിലായപ്പോൾ, കഴിഞ്ഞ ഫെബ്രുവരി 23-ന് അഹമ്മദാബാദിലെ ഫുഡ് ഗ്രാഫിക്സ് ഹോട്ടലിൽ മുതിർന്നവർ ഒരു സമ്മേളനം വിളിച്ചുകൂട്ടി. വളരെ ആവേശകരമായ പ്രാതിനിധ്യമാണ തിനുണ്ടായത്. അന്നവിടെ SMC4U (Gujarath) എന്ന സംഘടനയും അതിനൊരു പ്രവർത്തകസമിതി

യുമുണ്ടായി. തുടർന്നിങ്ങോട്ട് ഓരോ ദിവസവുമായി സീറോ-മലബാറിന്റെ ഓരോ വാദഗതികളെയും, കാനോൻ നിയമവും മാർപാപ്പായുടെ കത്തുകളും ചൂണ്ടിക്കാട്ടി SMC4U ചോദ്യംചെയ്തു. ഈ നീക്കവും മാർ തട്ടിൽ പാടേ അവഗണിച്ചു. മാത്രമല്ല, ചർച്ചയ്ക്കുള്ള അവരുടെ ആവശ്യത്തോട് അനുഭാവം കാട്ടിയുമില്ല.

സാവധാനം SMC4Uവിന്റെ അംഗബലം കൂടുകയും ഫെയ്സ്ബുക്കിലൂടെയും വാട്സാപ്പ് ഗ്രൂപ്പിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും തുറന്ന ചർച്ചകൾ കൊഴുക്കുകയും ചെയ്തു. ഒരു ചർച്ചയ്ക്ക് സമ്മതമാണെന്ന് മാർ തട്ടിൽ അറിയിച്ചത്, സമ്മതം ചോദിച്ച് രണ്ടു മാസത്തോളം കഴിഞ്ഞാണെന്നോർക്കണം. ഇതിനോടകം SMC4U-വിനെതിരായി പ്രസംഗിക്കാൻ വൈദികർ നിയോഗിക്കപ്പെട്ടിരുന്നു; വീടുതോറും കയറിയിറങ്ങി അവർ ആ ദൗത്യം നിർവഹിക്കുകയുംചെയ്തു. ഒപ്പം, ഇതു സഭ അംഗീകരിച്ച സംഘടനയല്ലെന്ന് മെത്രാൻ ഇണ്ടാസുമിറക്കി.

ഇതിനിടയ്ക്ക്, അദ്ദേഹത്തിന്റെ അറിവോടെയായിരിക്കണം, ഉത്തരവാദിത്വപ്പെട്ടവർ വലിയൊരഭ്യാസം കാട്ടി. അതാണ്, ഇത്ര പെട്ടെന്ന് ഒരു വഴിത്തിരിവുണ്ടാകാൻ കാരണം. നഗരത്തിൽ മൂന്നിടത്തായി വിശ്വാസികളുടെ സമ്മേളനങ്ങൾ അവർ വിളിച്ചുകൂട്ടി. അവിടെയെല്ലാം വിശ്വാസികൾ കൂട്ടത്തോടെയെത്തി മെത്രാനെ പിന്തുണയ്ക്കുമെന്ന് അവർ കരുതി. ആദ്യത്തെ മീറ്റിങ്ങിൽ SMC4U-വിനെ പിന്തുണയ്ക്കുന്നവർ എത്തിയപ്പോൾ, ചോദ്യോത്തരവേള അരമണിക്കൂറായി ഇവർ ചുരുക്കി. സമയമായപ്പോൾ, ചോദ്യം എഴുതിക്കൊടുക്കണമെന്നായി. നൂറോളം ചോദ്യങ്ങൾ അവർതന്നെ നേരത്തെ തയ്യാറാക്കിയിരുന്നു. ഇതറിഞ്ഞ SMC4U അംഗങ്ങൾ ഹാളിൽനിന്നിറങ്ങി പുറത്തു തമ്പടിച്ചു. നാനൂറോളം ആളുകൾ ഉണ്ടായിരുന്ന ഹാളിൽ വെറും പതിനഞ്ചുപേർ മാത്രമേ അവശേഷിച്ചുള്ളൂവെന്നത് രൂപതാസംഘത്തെ ഞെട്ടിച്ചുവെന്നുവേണം കരുതാൻ. പിറ്റേന്നു മണിനഗറിൽ നടത്തിയ മീറ്റിങ്ങിൽ പങ്കെടുത്തത് ഒന്നോ രണ്ടോ വീട്ടുകാർമാത്രം!

മുന്നോട്ടു പോയാൽ സ്ഥിതി ദയനീയമാകുമെന്നു കണ്ട തട്ടിൽമെത്രാൻ ആരോടും ആലോചിക്കാതെയാവണം അടുത്തദിവസംതന്നെ SMC4U-വിനെ ചർച്ചയ്ക്ക് ക്ഷണിച്ചതും SMC4U-ന്റെ മുഴുവൻ ആവശ്യങ്ങളും നിരുപാധികം അനുവദിക്കുന്നുവെന്നു പ്രഖ്യാപിച്ചതും. പ്രോട്ടൊസിഞ്ചെല്ലൂസച്ചൻ, നേരത്തെ നടത്തിയ, ലത്തീൻകാർ ആശീർവദിച്ച വിവാഹങ്ങളെല്ലാം അസാധുവാണെന്ന പ്രഖ്യാപനത്തിനു മാപ്പും പറഞ്ഞു.

ഇതിനോടകം, അഹമ്മദാബാദിൽ മാത്രമൊതുങ്ങേണ്ട ഈ വിഷയം ഷംഷാബാദ് മുഴുവൻ വ്യാപിച്ചിരുന്നു. SMC4U ന്റെ ആവശ്യമായ തൽസ്ഥിതി അനുവദിക്കാൻ അഹമ്മദാബാദ് രൂപതയിലെ ലത്തീൻ മെത്രാനുംകൂടി ഒപ്പിട്ട സംയുക്ത ഇടയലേഖനം ഇറക്കാൻ അല്പ്പം സമയമാവശ്യപ്പെട്ട മാർ തട്ടിൽ, ഏപ്രിൽ 30-ന് വീണ്ടും മലക്കംമറിഞ്ഞു. യഥേഷ്ടം കൗദാശിക സേവനദാതാവിനെ തിരഞ്ഞെടുക്കാൻ മാർപാപ്പാ ആർക്കും അനുവാദം കൊടുത്തിട്ടില്ലെന്നായി, അദ്ദേഹം. അങ്ങനെയൊരു 'ഓപ്ഷനെ'പ്പറ്റി അദ്ദേഹം കേട്ടിട്ടേയില്ലത്രെ! ഫരീദാബാദിന്റെ കാര്യത്തിൽ മാർപാപ്പാ പുറപ്പെടുവിച്ച നിർദ്ദേശവും സീറോ-മലബാർ മെത്രാന്മാരുടെ അധികാരഭ്രാന്ത് മുന്നിൽ കണ്ട് ഷംഷാബാദ് രൂപത രൂപീകരിച്ചപ്പോൾ ഭാരതത്തിലെ എല്ലാ മെത്രാന്മാർക്കുമായി പുറത്തിറക്കിയ പ്രത്യേക കത്തും മാത്രമല്ല, ഇതിൻപ്രകാരം കൗദാശികസേവനം തിരഞ്ഞെടുക്കാൻ രൂപതയിലുള്ള സീറോ-മലബാർ പ്രവാസികളോട് അഭ്യർഥിച്ചുകൊണ്ട് ജയ്പ്പൂർ ബിഷപ്പ് പുറത്തിറക്കിയ ഇടയലേഖനവും, ഇപ്പോൾ ഡൽഹി കത്തോലിക്കർ ആ അനുവാദം പ്രയോജനപ്പെടുത്തുന്ന കാര്യവുമെല്ലാം മാർ തട്ടിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും, വിശ്വാസികളെ വെല്ലുവിളിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. അദ്ദേഹത്തിന്റെ ദാക്ഷിണ്യമാണത്രെ അദ്ദേഹം വാഗ്ദാനംചെയ്തത്! ഒരിടയന്റെ പതനം കാണാൻ വേറൊരിടത്തും പോകേണ്ടതില്ല!

ഭാരതീയരായ കത്തോലിക്കർക്ക് സ്വതന്ത്രമായ ഒരു സംഘടനയുണ്ടാക്കാൻ ആരുടെയും അനുവാദം ആവശ്യമില്ല; കേരളത്തിലുണ്ടായ അത്തരം സംഘടനകൾക്കെതിരെ ഇണ്ടാസിറക്കി അപമാനിതരാകുകയെന്ന പ്രക്രിയ കേരളമെത്രാന്മാർ പണ്ടേ ഉപേക്ഷിച്ചതാണ്. മാർ തട്ടിലിന്റെ അസാധാരണ ഇടയലേഖനത്തിന്റെ കാതൽ "SMC4U-നെ എനിക്കറിയില്ല, കൂദാശകൾ കൊടുക്കാൻ ആരെയും അനുവദിച്ചിട്ടില്ല'' എന്നൊക്കെയുള്ള അധികാരത്തിന്റെയും ഭീഷണിയുടേയും സ്വരമാണ്. ഏതാനും ദിവസങ്ങൾക്കുമുമ്പ് അദ്ദേഹം ചർച്ച നടത്തിയത് ഇവരുമായായാണെന്ന സത്യംതന്നെ അദ്ദേഹം മറന്നു. രൂപതയ്ക്കുതന്നെ ഭ്രാന്തു പിടിച്ചാൽ ആരു ചികിൽസിക്കും? അഹമ്മദാബാദിലെ SMC4U ഇതു പ്രതീക്ഷിച്ചിരുന്നുവെന്നു മാത്രമല്ല, തുടർന്നെടുക്കേണ്ട നടപടികളും തീരുമാനിച്ചിരുന്നുവെന്നാണ് മനസ്സിലാകുന്നത്. രാത്രി വെളുക്കുന്നതിനുമുമ്പ് അവർ അവരുടെ തീരുമാനവും പ്രഖ്യാപിച്ചു — തട്ടിൽ പിതാവിന്റെ ദാക്ഷിണ്യം ഇനി SMC4U-വിനാവശ്യമില്ല; സംയുക്ത ഇടയലേഖനവും വേണ്ട. മാർപാപ്പാ കാനോനിൽക്കൂടി അനുവദിച്ചുതന്നിരിക്കുന്ന അവകാശം സ്ഥാപിച്ചെടുക്കാൻ എന്തിനു മെത്രാന്റെ കൽപ്പന?

ഇത് ഒരൊറ്റ വാക്കുകൊണ്ട് തീർക്കാവുന്ന ഒരു പ്രശ്നമായിരുന്നെന്ന് ഇപ്പോഴും ആരും മനസ്സിലാക്കിയിട്ടില്ല. സഭയിലെ 99% വരുന്ന വിശ്വാസികളെയും കൂദാശകൾ കാട്ടി വരുതിയിലാക്കാമെന്ന സീറോ-മലബാർ സഭയുടെ ചിന്തയ്ക്കാണ് ഈ അടി! സഭയിലെ ഒരു വാട്ടർലൂവിനാണ് അഹമ്മദാബാദ് തുടക്കം കുറിച്ചിരിക്കുന്നതെന്നു പറയട്ടെ.

2018 മെയ് 8-ന് SMC4U-വും അഹമ്മദാബാദ് ബിഷപ്പ് രത്നസ്വാമിയുമായി നടത്തിയ അഭിമുഖത്തിൽ അഹമ്മദാബാദ് കത്തോലിക്കർക്ക് എല്ലാ പിന്തുണയും അദ്ദേഹം വാഗ്ദാനംചെയ്തു. ഒരു കാര്യം കൂടി

എല്ലാവർക്കും മനസ്സിലായി -സംയുക്ത ഇടയലേഖനം ഇറക്കാമെന്നു പറഞ്ഞുപോയ തട്ടിൽപ്പിതാവ് അദ്ദേഹത്തെ ഇതുവരെയും ബന്ധപ്പെട്ടിട്ടില്ല!

**ഫോൺ 9495875338**

*-സീറോ മലബാർ പൈതൃകമുള്ള കത്തോലിക്കർക്കാകെ ഒരു തീരാശല്യമായിരിക്കയാണ്, അവർ ചെല്ലുന്നിടത്തൊക്കെ പുറകേയെത്തി അവരെ കാല്ക്കീഴിലാക്കുന്ന സീറോ-മലബാർ രൂപതകൾ. കൗദാശികസേവനത്തിനുള്ള കുത്തകാവകാശവുമായാണ് വരവ്!*

*തുടർന്ന് മാമോദീസാ, സ്ഥൈര്യലേപനം, വിവാഹം എന്നീ കൂദാശകളെയും ആദ്യകുർബാനസ്വീകരണത്തെയും മുഖ്യ ആയുധങ്ങളാക്കി ഈ കത്തോലിക്കരുടെ കഴുത്തിനു പിടിക്കുകയാണ്! ഈ റീത്തുഗുണ്ടായിസം അവസാനിപ്പിച്ചേ മതിയാവൂ.*

*കത്തോലിക്കാസഭ ഏകവും സാർവത്രികവുമാണ് എന്നാണ് പഠിപ്പിക്കുന്നത്. അങ്ങനെയെങ്കിൽ, കത്തോലിക്കാ സഭയുടെ എല്ലാ റീത്തുകളിലെയും എല്ലാ കൂദാശകളും എവിടെയും സാധു(valid)വാണ്; ആയിരിക്കണം. അതിനർഥം ഏതു റീത്തിൽനിന്നുള്ള ഏതു കുറി(certificate)യും എല്ലാ റീത്തുകളിലും യാതൊരു ഉപാധിയുംകൂടാതെ അംഗീകരിക്കേണ്ടതുണ്ട് എന്നാണ്.*

*നിലവിലുള്ള സാഹചര്യത്തിൽ, സീറോ-മലബാർ റീത്തധിനിവേശത്തിനെതിരെ -'Laity4Unity' ഡൽഹിയിൽ നേടിയ വിജയം ഒരു ചരിത്രനേട്ടംതന്നെ. എന്നാൽ പൗരസ്ത്യസംഘം അവർക്കു നല്കിയ ഉറപ്പുകളൊന്നും നൂറു ശതമാനം പ്രാവർത്തികമാണെന്നു പറഞ്ഞുകൂടാ. "....ബന്ധപ്പെട്ടവരെല്ലാം പരസ്പരധാരണയോടും ബഹുമാനത്തോടും കൂടി പ്രവർത്തിക്കുന്നപക്ഷം ....ഈ സാഹചര്യത്തെ ഹൃദ്യമായ രീതിയിൽ കൈകാര്യംചെയ്യാവുന്നതേയുള്ളൂ" എന്നു മാത്രമേ, ഇതു സംബന്ധിച്ച് പൗരസ്ത്യസംഘംപോലും പറയുന്നുള്ളൂ. വിശ്വാസികളുടെ ഓരോ ആവശ്യത്തിലും, ലത്തീൻ വൈദികനും സീറോ മലബാർവൈദികനും തമ്മിൽ ഉള്ളഴിഞ്ഞ സഹകരണമനോഭാവം പ്രകടിപ്പിച്ചെങ്കിൽമാത്രമേ കാര്യങ്ങൾ സുഗമമാകൂ എന്നു ചുരുക്കം. ലത്തീൻ റീത്തിനുമേൽ പൗരസ്ത്യസംഘത്തിന് അധികാരമില്ലാത്ത സ്ഥിതിയിൽ, ലത്തീൻവൈദികർക്ക് പൗരസ്ത്യസംഘത്തിന്റെ പ്രഖ്യാപനമനുസരിച്ചു പ്രവർത്തിക്കാൻ ബാധ്യതയൊന്നുമില്ല. സീറോ-മലബാർ രൂപതയിൽ ചേരാതെ നില്ക്കുന്നവർക്കെതിരെ കലിപ്പുമായി നില്ക്കുന്ന 'സീറോ'വൈദികരും ഉടക്കുകൾക്കു പഴുതുതേടി ഉപദ്രവിക്കാൻ കാത്തിരിക്കുകയാവും.*

*അതുകൊണ്ട്, റീത്തുകളുടെ കൗദാശികസേവന കുത്തകാകാശത്തെ ഇല്ലാതാക്കുന്ന ഒരു പ്രഖ്യാപനം മാർപ്പാപ്പായിൽനിന്നുതന്നെ ഉണ്ടാകേണ്ടതുണ്ട് - ഏതു റീത്തിൽനിന്നുള്ള ഏതു കുറി(certificate)യും, യാതൊരു പാധിയുമില്ലാതെ എല്ലാ റീത്തുകളിലും സാധു(valid)വും സ്വീകാര്യവുമായിരിക്കും എന്നൊരു പ്രഖ്യാപനം. അതുണ്ടായാൽ അതോടെ, നിലവിലുള്ള റീത്തധിനിവേശ പരവേശവും അത് മറുനാടൻ കത്തോലിക്കർക്കുണ്ടാക്കുന്ന കഷ്ടപ്പാടുകളും അവസാനിച്ചുകൊള്ളും. -* ***എഡിറ്റർ***

# സഭയുടെ സാമ്രാജ്യ വിപുലീകരണമല്ല മിഷൻ....



**ഫാ. വർഗീസ് ആലേങ്ങാടൻ**

(യുണൈറ്റഡ് സോളിഡാരിറ്റി മൂവ്മെന്റ്, ഇൻഡോർ)

*[ 2018 ഏപ്രിൽ 12-ലെ സത്യദീപത്തിൽ **ശ്രീ. ഷിജു ആച്ചാണ്ടി** നടത്തിയ അഭിമുഖത്തിൽനിന്ന്]*

....കുരിശെടുക്കാനോ കുരിശിൽ കയറാനോ തയ്യാറില്ലാതെ, കുരിശിനെ ഒരു ആരാധനാവസ്തുവാക്കി കൊണ്ടുനടക്കുകയാണു നാം. നിങ്ങൾ എന്റെ ശിഷ്യരാകുക എന്നാണു കർത്താവു പറഞ്ഞത്. ലോകമെങ്ങും പോയി ആളുകളെ തനിക്കു ശിഷ്യപ്പെടുത്താനും ക്രിസ്തു ആവശ്യപ്പെട്ടു. അതായത്, തന്നെ ആരാധിക്കാനല്ല, മറിച്ച്, അനുകരിക്കാനാണു ക്രിസ്തു ആവശ്യപ്പെട്ടത്. ഇന്ന് ക്രിസ്തുവിനെ അനുകരിക്കുന്നവരില്ല. ആരാധിക്കുന്നവർ അനേകരുണ്ട്. ആരാധന ലോകം മുഴുവൻ ആഘോഷമായി നടക്കുന്നുണ്ട്. ദൈവത്തിനു ചെവിയില്ലെന്നു തോന്നിപ്പിക്കുന്ന ആരാധനകൾ! സത്യത്തിൽ ഈ ആരാധന ഒരു ഒളിച്ചോട്ടമാണ്.

.....സ്ഥാപനവത്കൃതസഭയെ വളർത്തുന്നതും വ്യാപിപ്പിക്കുന്നതും സുവിശേഷവത്കരണമല്ല. അതു സഭാവ്യാപനത്തിന്റെ റോമൻശൈലിയാണ്. കൊളോണിയൽ ശൈലി. സഭയില്ലാത്തിടത്തെല്ലാം ചെന്നു ക്രിസ്തുവിനെ അറിയിക്കുന്നു എന്നാണു വാദം. ക്രിസ്തുവിനെ അറിയിക്കലല്ല, സ്ഥാപനങ്ങൾ തുടങ്ങലാണു ചെയ്യുന്നത്. ജർമ്മനിയിൽ ആയിരത്തിലധികം മലയാളികളായ വൈദികരും കന്യാസ്ത്രീകളും ഉണ്ട്. ഇവരെന്താണു ചെയ്യുന്നത്? കൾട്ടിക് പൗരോഹിത്യത്തിന്റെ നിർവഹണം മാത്രമാണു നടക്കുന്നത്. അപ്രകാരം സഭയ്ക്കുവേണ്ടി പണവുമുണ്ടാക്കുന്നു. പക്ഷേ, എന്തു സുവിശേഷമാണവിടെ പറയുന്നത്?

നാമിതുവരെ പണിത സ്ഥാപനങ്ങളിൽനിന്ന് പാവങ്ങൾക്കെന്തു പ്രയോജനം കിട്ടി എന്നതിനൊരു കണക്കെടുപ്പു വേണം. നമ്മുടെ മെഡിക്കൽ കോളേജുകളിൽ എത്ര പാവപ്പെട്ടവർക്കു പ്രവേശനം കിട്ടി? കത്തോലിക്കരായ എത്ര പേർക്കു സൗജന്യമായി ഈ കോളേജുകളിൽ പഠിക്കാൻ കഴിയുന്നു? അങ്ങനെയുള്ള അവസരങ്ങൾ വേണ്ടത്ര നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആർക്കു വേണ്ടിയാണ് നാം ഇതെല്ലാം പണിതത്? വലിയ സ്ഥാപനങ്ങൾ അവർക്കുണ്ട്, ഇവർക്കുണ്ട്, അപ്പോൾ നമുക്കും വേണം എന്ന പ്രേരണയാലാണ് പലരും സ്ഥാപനങ്ങൾ തുടങ്ങുന്നത്.

കർത്താവിന്റെ രാജ്യമാണോ ഇതുവഴി വികസിതമാകുന്നത്? എല്ലായിടത്തും യേശുക്രിസ്തുവിന്റെ പടം മറ്റെല്ലാത്തിന്റെയും മുകളിൽ പ്രതിഷ്ഠി ▸▸

ച്ചുകൊണ്ടല്ല നാം ക്രിസ്തുവിനെ പ്രഘോഷിക്കേണ്ടത്. കർത്താവു നമുക്കു മറ്റെല്ലാത്തിനും മേലെയാണെന്നു നമ്മുടെ ജീവിതംവഴിയാണു കാണിച്ചുകൊടുക്കേണ്ടത്. യുഎസ്എമ്മിൽ ഞങ്ങൾ അതു കാണിച്ചുകൊടുക്കുവാൻ ശ്രമിക്കുന്നു. അല്ലാതെ, യേശുക്രിസ്തുവിന്റെ ദൈവത്വവും ആളത്വവും അനന്യതയും സംബന്ധിച്ച ദൈവശാസ്ത്രം പഠിപ്പിച്ചുകൊണ്ടല്ല സുവിശേഷം പ്രഘോഷിക്കേണ്ടത്. അങ്ങനെ പഠിപ്പിക്കാനിറങ്ങിയതുകൊണ്ടാണ് ഇന്ത്യയിൽ ഇന്നും ക്രിസ്തുമതം ഈ അവസ്ഥയിൽ നിൽക്കുന്നത്.

ക്രിസ്തുകേന്ദ്രീകൃതമായ, സുവിശേഷാത്മകമായ ജീവിതത്തിലേയ്ക്കു വിട്ടുവീഴ്ചകളില്ലാതെ തിരിയുക എന്നതാണ് കേരളസഭ ചെയ്യേണ്ടത്. പഴയനിയമ സംസ്കാരങ്ങളും പഴയ നിയമ ആചാരാനുഷ്ഠാനങ്ങളും ക്രിസ്തു തീർത്തും തള്ളിക്കളഞ്ഞിട്ടുള്ളതാണ്. അതെല്ലാം ഉപേക്ഷിച്ചു കർത്താവിനെ പിഞ്ചെല്ലുക. കാനൻ നിയമവും സഭാപ്രബോധനങ്ങളും സുവിശേഷത്തിനു മുകളിൽ പ്രതിഷ്ഠിക്കരുത്. സുവിശേഷത്തിനെതിരായ ഒരു നിയമവും നാം പാലിക്കാൻ പാടില്ല.

പഴയനിയമദൈവത്തെയാണ് നമ്മുടെ പല പ്രഘോഷകരും ആവർത്തിച്ചു പരിചയപ്പെടുത്തുന്നത്. കർത്താവു പരിചയപ്പെടുത്തിയ സ്നേഹപിതാവായ ദൈവത്തെയല്ല. കാരണം കച്ചവടങ്ങൾ നടത്താനെളുപ്പം പഴയനിയമ ദൈവമാണ്. ആളുകളെ പേടിപ്പിക്കണം. ഞങ്ങൾ വന്നു പ്രാർഥിച്ചാൽ, ഞങ്ങളുടെ കേന്ദ്രത്തിൽ വന്നു ധ്യാനിച്ചാൽ രക്ഷപ്പെടാം എന്നാണു ചിലർ പ്രത്യക്ഷമായും പരോക്ഷമായും പറയുന്നത്. അവർ മതത്തെ മയക്കുമരുന്നാക്കുന്നു എന്നു പറഞ്ഞാൽ അതിശയോക്തിയില്ല.

നമ്മുടെ മെത്രാന്മാരും വൈദികരും കന്യാസ്ത്രീകളും ജനങ്ങളുമെല്ലാം പതിവുപരിപാടികൾ കൊണ്ടു തൃപ്തരാണ്. ക്രിസ്തുവിനെ ആരാധിക്കുന്ന വഴിയാണ് നാം പൊതുവിൽ സ്വീകരിക്കുന്നത്. കാരണം, അതെളുപ്പമാണ്. ക്രിസ്തുവിനെ അനുകരിക്കുന്ന വഴി ബുദ്ധിമുട്ടുള്ളതാണ്. അനുകരിക്കാൻ ശ്രമിക്കുമ്പോൾ നാമോരോരുത്തരും നമ്മുടെ അഭിരുചികൾക്കും കഴിവുകൾക്കും കാലത്തിനുമിണങ്ങുന്ന വ്യത്യസ്തമായ കർമ്മമേഖലകൾ കണ്ടെത്തും. അങ്ങനെയൊരു മേഖലയിലേക്ക് ഒരാൾ കടന്നുചെല്ലുമ്പോൾ അതിലൊരു പാഷണ്ഡത സംശയിക്കുകയെന്നതാണ് പൊതുരീതി. ഇതു ക്രിസ്തു നേരിട്ട പ്രശ്നമാണ്, സഭയിലെ നിരവധി വിശുദ്ധർ നേരിട്ട പ്രശ്നമാണ്. ഈ ചരിത്രമൊക്കെ നമുക്കറിയാമെങ്കിലും ഇന്നും ആരെങ്കിലും വ്യത്യസ്തമായ ഒരു വഴി തിരഞ്ഞെടുത്താൽ നാം അംഗീകരിക്കുകയില്ല. അതു ദൈവദോഷമാണെന്നു പറഞ്ഞുകളയും. ഫ്രാൻസീസ് മാർപാപ്പപോലും പാഷണ്ഡതയിലാണെന്നു പറയുന്നവരുണ്ടല്ലോ നമ്മുടെ സഭയിൽ. മാർപാപ്പയുടെ പ്രവാചകദൗത്യത്തെ നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല. ദൈവദൂഷണം പറയുന്നു എന്ന, കർത്താവിനെക്കുറിച്ചുള്ള, ആ പഴയ ആരോപണം ഇന്നും പ്രവാചകദൗത്യം നിർവഹിക്കുന്നവർക്കു നേരെ ഉയരുന്നു.....

●

# കലൂർ റിന്യൂവൽ സെന്ററിൽ കൂടിയ വൈദികരുടെ യോഗത്തിലെ തീരുമാനങ്ങൾ

**പോൾ പി. ജോസഫ്**

മെയ് 2-ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ ഫൊറോനകളിൽനിന്നു പ്രതിനിധികളായെത്തിയ അമ്പതോളം വൈദികരുടെ യോഗം, അതിരൂപതയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തുടർ നടപടിയെടുക്കുന്നതിന് മെത്രാന്മാരുമായി ചർച്ച നടത്താൻ ഫൊറോനാ വികാരിമാരെ ചുമതലപ്പെടുത്തി. താഴെ പറയുന്ന നിർദ്ദേശങ്ങളാണ് വൈദികർ മുന്നോട്ടു വച്ചത്:

1) അതിരൂപതയിലെ പ്രശ്നങ്ങൾക്കു പരിഹാരമാകുന്നതുവരെ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി അതിരൂപതയിലെ ഇടവകകളിലെയും സ്ഥാപനങ്ങളിലെയും യാതൊരു പരിപാടികളിലും പങ്കെടുക്കാതിരിക്കുക. പൊതുപരിപാടികളിൽ പങ്കെടുത്താൽ വൈദികർ പ്രസ്തുത പരിപാടികളോട് സഹകരിക്കുന്നതല്ല.

2) അതിരൂപതാഭരണം കാര്യക്ഷമമായി നിർവഹിക്കുന്നതിന് സ്വതന്ത്രചുമതലയോടു കൂടിയ ഒരു അഡ്മിനിസ്ട്രേറ്റീവ് ആർച്ചുബിഷപ്പിനെ നിയമിക്കുക.

3) അതിരൂപതയെ കടക്കെണിയിലാക്കിയ ഭൂമിയിടപാടിൽ രേഖകളില്ലാതെ നടത്തിയ പണമിടപാടുകളെക്കുറിച്ച് അന്വേഷിക്കുകയും നിയമനടപടികളെടുക്കുകയും ചെയ്യുക.

4) കോട്ടപ്പടിയിലെ ഭൂമി വളഞ്ഞ വഴിയിലൂടെ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന റിയൽ എസ്റ്റേറ്റ് ലോബിക്കെതിരെ ജാഗ്രത പുലർത്തുക. പ്രശ്നങ്ങൾ അവസാനിക്കുംവരെ പ്രസ്തുത ഭൂമി അന്യാധീനപ്പെടാതിരിക്കാനും ശ്രദ്ധിക്കുക.

5) എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമായി എന്ന കർദ്ദിനാൾ ആലഞ്ചേരിയുടെ പ്രസ്താവന സത്യവിരുദ്ധമാണെന്നും പ്രശ്നപരിഹാരത്തിനുള്ള എല്ലാ പരിശ്രമങ്ങളെയും ആ പ്രസ്താവന തകർത്തുകളഞ്ഞുവെന്നും യോഗം വിലയിരുത്തി. ചർച്ചയിൽ പങ്കെടുത്തവരെ അതിരൂപതയുടെ മുമ്പിൽ അപഹാസ്യരാക്കിയതിനെതിരെയും വിമർശനമുണ്ടായി.

(കടപ്പാട്: മെയ് 2-ലെ 'Laity Voice'blog )

# സങ്കല്പകഥകൾ 'കാതലായ വിശ്വാസസത്യ'ങ്ങളായി!

(4-ാം ഭാഗം)

## പ്രൊഫ: പി.എൽ. ലൂക്കോസ്

**ലോ**കാരംഭം മുതൽ ഇപ്പോഴും തുടരുന്നു എന്നു കരുതപ്പെടുന്ന ഭീകരമായ ഉത്ഭവപാപത്തിനു കാരണക്കാരായ ആദത്തിന്റെയും ഹവ്വയുടെയും പാപം എന്തായിരുന്നുവെന്നത് ഇപ്പോഴും അജ്ഞാതമാണ്. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നതാണു പാപമെന്ന് ഉത്പത്തിപ്പുസ്തകം സാക്ഷ്യപ്പെടുത്തുന്നു. ദൈവം പ്രത്യേക താത്പര്യമെടുത്തു സൃഷ്ടിച്ച ആദവും ഹവ്വായും നന്മയും തിന്മയും തിരിച്ചറിയാൻ കഴിവില്ലാത്ത മന്ദബുദ്ധികളായി പറുദീസായിൽ കഴിയട്ടെ എന്നായിരുന്നോ ദൈവഹിതം എന്ന ചോദ്യം തത്കാലം വിട്ടുകളയാം. എന്നാൽ, മാമ്പഴമോ ആപ്പിളോ തിന്നതിന്റെ വിരസമായ കഥ പറഞ്ഞു ധ്യാനം നടത്താൻ പല വൈദികർക്കും താത്പര്യമില്ല. അഞ്ചാറുമാസം മുൻപ് ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായ ഫാ. പനയ്ക്കലിന്റെ ഒരു വാചകം തികച്ചും യാദൃച്ഛികമായി ഗുഡ്നസ് ടി വി. ചാനലിൽ കേൾക്കാനിടയായി. ആദവും ഹവ്വയും ശരീരംകൊണ്ടു ചെയ്ത പാപത്തിനു പരിഹാരമായിട്ടാണ് നമ്മുടെ കർത്താവ് ഈശോ മിശിഹാ ദേഹമാസകലം മുറിവേറ്റ് കുരിശിൽ തൂങ്ങി മരിച്ചത് എന്നു കേട്ടപ്പോൾ ഞെട്ടിപ്പോയി! റ്റി.വി സ്ക്രീനിലേക്ക് കൈയിലിരുന്ന റിമോട്ട് വലിച്ചെറിയാൻ തോന്നിയെങ്കിലും എറിഞ്ഞില്ല. ഇത്ര കൃത്യമായി ആദത്തിന്റെ പാപം പനയ്ക്കലച്ചൻ എങ്ങനെയറിഞ്ഞു എന്നു മനസ്സിലാകുന്നില്ല. ദൈവവുമായി ഹോട്ട്ലൈൻ ടെലഫോൺ കണക്ഷനുള്ളതുകൊണ്ട് ചിലപ്പോൾ ദൈവത്തോടു ചോദിച്ചുകാണും. അടുത്ത പ്രാവശ്യം താഴെ പറയുന്ന ചോദ്യങ്ങൾ പനയ്ക്കലച്ചൻ ദൈവത്തോടു ചോദിക്കണമെന്നു താത്പര്യപ്പെടുന്നു. ആദത്തിന്റെ ഏകാന്തത കണ്ട് അനുകമ്പ തോന്നിയ ദൈവം ഒന്നോ രണ്ടോ കൂട്ടുകാരെ സൃഷ്ടിച്ചുകൊടുക്കാതെ അതീവ സുന്ദരിയായ ഹവ്വയെ സൃഷ്ടിച്ച് നഗ്നയായി ആദത്തിന്റെ കൂടെ വിട്ടത് എന്തിനായിരുന്നു? പാപം ചെയ്തു കഴിഞ്ഞപ്പോൾ ദൈവമായ കർത്താവ് തോലുകൊണ്ട് ഉടയാടയുണ്ടാക്കി ആദത്തെയും അവന്റെ ഭാര്യയെയും ധരിപ്പിച്ചു എന്നാണല്ലോ ഉത്പത്തിപ്പുസ്തകത്തിലുള്ളത്. ആ ഉപായം നേരത്തേ പ്രയോഗിക്കാതെ, കുതിര മോഷ്ടിക്കപ്പെട്ട ശേഷം ലായം പൂട്ടിയതുകൊണ്ട് എന്തായിരുന്നു പ്രയോജനം? മൃഗശാലയിലെ പാമ്പിന്റെ കൂട്ടിൽ തവളയെ ഇട്ടുകൊടുത്തിട്ട് തവളയെ തിന്നുന്ന പാമ്പിനെ ശിക്ഷിക്കുന്നതു നീതിയാണോ?

ഉത്ഭവപാപത്തിന്റെ ഗൗരവം ബോധ്യപ്പെടുത്താനും ധ്യാനിക്കാൻ വരുന്ന മന്ദബുദ്ധികളെ രസിപ്പിക്കാനും വേണ്ടി ആദത്തിന്റെയും ഹവ്വയുടെയും രതിക്രീഡ വർണിക്കാൻ താത്പര്യപ്പെടുന്ന പനയ്ക്കലച്ചനെപ്പോലെയുള്ള ധ്യാനഗുരുക്കന്മാർ തീർച്ചയായും വായിച്ചിരിക്കേണ്ട ഒരു പുസ്തകം പരിചയപ്പെടുത്താം. അമേരിക്കക്കാരായ മൂന്നു പ്രശസ്ത ദൈവശാസ്ത്രജ്ഞന്മാർ ചേർന്നു തയ്യാറാക്കിയ 'The Teaching of Christ' എന്ന ഗ്രന്ഥം 1974/75-ൽ റോമിൽവെച്ച് കർദ്ദിനാൾ പാറേക്കാട്ടിൽ കാണാനിടയായി. വായിച്ചുനോക്കിയപ്പോൾ ക്രിസ്തുവിന്റെ പ്രബോധനങ്ങളും സഭയുടെ സിദ്ധാന്തങ്ങളുംമറ്റും വേദപുസ്തകത്തെ ആധാരമാക്കിയും വത്തിക്കാൻ കൗൺസിലിന്റെ ശിപാർശകൾ പരിഗണിച്ചും സമ്യക്കായി വിവരിച്ചിരിക്കുന്നു എന്നു ബോധ്യപ്പെട്ടു. അദ്ദേഹത്തിന്റെ താത്പര്യമനുസരിച്ച് സത്യദീപത്തിന്റെ മുൻ പത്രാധിപർ ഫാ. ജോസഫ് വിതയത്തിൽ ആ ഗ്രന്ഥം വിവർത്തനംചെയ്ത് 'ക്രൈസ്തവ വിജ്ഞാനീയം' എന്ന പേരിൽ കെ. സി. ബി.



**ആദിമാതാപിതാക്കൾ ചെയ്ത കഠോര പാപത്തെപ്പറ്റിയും ആ പാപത്തിന്റെ ഉത്പന്നമായ ഉത്ഭവപാപത്തെ പ്പറ്റിയും ഇടതടവില്ലാതെ സംസാരിക്കുന്ന വചന പ്രഘോഷണക്കാരും ബാബ്റിമസ്ജിത് സ്ഥിതി ചെയ്തിരുന്ന സ്ഥലത്തുതന്നെയാണ് ശ്രീരാമൻ പിറന്നത് എന്നു ശഠിക്കുന്ന തീവ്രഹിന്ദുത്വവാദികളും തമ്മിലുള്ള സാമ്യം ഒട്ടും ചെറുതല്ല.**

സി.യുടെ Mass Media Commission പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പിന്റെ 69-ാമത്തെ പേജിൽ ജന്മ പാപത്തെപ്പറ്റി പറയുന്നത് 'ആദ്യപാപത്തിന്റെ കൃത്യമായ സ്വഭാവം നമുക്കജ്ഞാതമത്രേ' എന്നാണ്. അതുകൊണ്ട് ഈ ഗ്രന്ഥത്തിലെ ജന്മപാപത്തെപ്പറ്റിയുള്ള അധ്യായമെങ്കിലും വചനപ്രഘോഷണക്കാർ രണ്ടു മൂന്നു പ്രാവശ്യം വായിക്കുന്നതു നന്നായിരിക്കും.

"മാനവചരിത്രത്തിനു മുഴുവൻ ക്ഷത മേല്പിച്ചു"വെന്ന് ക.സ.മ ഗ്രന്ഥരചയിതാക്കൾ വളരെ ശക്തമായി കുറ്റാരോപണം നടത്തുന്ന ആദിമാതാപിതാക്കളുടെ പാപം ഏകദേശം എത്ര വർഷങ്ങൾ മുമ്പു നടന്നിരിക്കാമെന്നാണ് ഈ പാപത്തെപ്പറ്റി ഘോരഘോരം പ്രസംഗി ക്കുന്ന വൈദികരുടെയും വൈദികശ്രേഷ്ഠ ന്മാരുടെയും അനുമാനം? സുവിശേഷക ന്മാരിൽ താരതമ്യേന വിദ്യാസമ്പന്നൻ എന്നു കരുതപ്പെടുന്ന വി. ലൂക്കാ പഴയനിയമഗ്രന്ഥാ വലി മുഴുവൻ ശ്രദ്ധാപൂർവം പരിശോധിച്ചു തയ്യാറാക്കിയ യേശുവിന്റെ വംശാവലിയിൽ യേശുമുതൽ പിറകോട്ട് ആദംവരെയുള്ള തലമു റകളുടെ എണ്ണം കേവലം 77 മാത്രമാണ്. ഒരു തലമുറയുടെ കാലയളവ് 30 വർഷം എന്ന നിരക്കിൽ കണക്കാക്കിയാൽ യേശുവിനുമുമ്പ് 77 x 30 =2310 വർഷങ്ങൾക്കപ്പുറമാണ് ആദവും ഹവ്വയും ജീവിച്ചിരുന്നത് എന്നു സമ്മതിക്കേ ണ്ടിവരും. ഇതു കേട്ടാൽ സാമാന്യബുദ്ധിയുള്ള ആരും ചിരിക്കാതിരിക്കില്ല. പ്രഖ്യാതരായ നരവംശശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം മനുഷ്യൻ ഭൂമിയിൽ രംഗപ്രവേശം ചെയ്തിട്ട് ഏകദേശം 20/24 ലക്ഷം വർഷം കഴിഞ്ഞിട്ടു ണ്ടാവും എന്നാണ്. ഭൂമിയുടെ പ്രായം ഏകദേശം 450 കോടി വർഷവും.

2017-ൽമാത്രം വാർത്തകളിൽ വന്ന രണ്ടു മൂന്നു ഗവേഷണഫലങ്ങൾ ചുരുങ്ങിയ വാക്കു കളിൽ സൂചിപ്പിക്കട്ടെ. കാനഡായിലെ ക്യൂബ ക്കിൽ നുവ്വാഗിട്ടിക് സൂപ്രക്രിസ്റ്റൽ ബെൽറ്റിലെ ശിലാപാളികൾക്കിടയിൽ നിന്നു കണ്ടെടുത്തതും ഭൂമിയിൽ കണ്ടെത്തിയതിൽ ഏറ്റവും പ്രായം കൂടിയതുമായ ജൈവഫോസിലിന് 377 കോടി മുതൽ 430 കോടി വർഷംവരെ പഴക്കം കണ്ടേ ക്കാമെന്ന് നേച്ചർ മാഗസിനിൽ പ്രസിദ്ധീ കരിച്ച ഗവേഷണപ്രബന്ധത്തിൽ പറയുന്നു (മാതൃഭൂമി, 3-3-2017). കാനഡായിലെ ആൽ ബർട്ടയിൽ മില്ലേനിയം ഖനിയിൽനിന്ന് 2011-ൽ ലഭിച്ചതും ഡ്രം ഹെല്ലർ റോയൽ ടൈറൽ പാലിയന്തോളജി മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരി ക്കുന്നതും അഞ്ചരമീറ്റർ നീളവും 1300 കിലോ തൂക്കവുമുള്ള ദിനോസറിന്റെ ഫോസിലിന് 11 കോടി വർഷം പഴക്കമാണ് കണക്കാക്കിയിരി ക്കുന്നത് (മാതൃഭൂമി, 5-8-2017). ദക്ഷിണാ ഫ്രിക്കയിലെ ക്യാസുലു മേഖലയിൽ 2500 വർഷം മുമ്പ് നായാട്ടുജീവിതം നയിച്ചിരുന്ന മൂന്നു പേരുടെയും കർഷകരായിരുന്ന നാലു പേരുടെ യും മൃതദേഹാവശിഷ്ടങ്ങൾ ജനിതക പരിശോധനകൾക്കു വിധേയമാക്കിയശേഷം സ്വീഡനിലെ ഉപ്സല സർവ്വകലാശാലയിലെയും ജോഹാനസ്ബർഗ് സർവ്വകലാശാലയിലെയും ശാസ്ത്രജ്ഞന്മാരുടെ നിഗമനം, ആധുനിക മനുഷ്യവർഗത്തിന്റെ പ്രായം മൂന്നരലക്ഷം വർഷ മാണെന്നാണ്. പൂർവ്വിക മനുഷ്യവർഗങ്ങളിൽ നിന്ന് ആധുനിക മനുഷ്യൻ പിറവിയെടുത്തത് ആഫ്രിക്കാ വൻകരയിലാണെന്ന നിഗമനത്തെ പുതിയ പഠനവും ശരിവയ്ക്കുന്നു. ജൂണിൽ മൊറോക്കോയിൽനിന്ന് മൂന്നു ലക്ഷം വർഷം പഴക്കമുള്ള മനുഷ്യന്റെ ഫോസിൽ കണ്ടെത്തിയിരുന്നു ( മാതൃഭൂമി, 2-10-2017).

പഴയനിയമഗ്രന്ഥങ്ങൾ രചിക്കപ്പെട്ടത് ക്രിസ്തുവി നുമുമ്പുള്ള പത്തു നൂറ്റാണ്ടു കാലത്താണെന്ന് കുറേക്കാ ലമായി സഭ സമ്മതിച്ചിട്ടുണ്ട്. ഈ ഗ്രന്ഥാവലി ബി.സി 586-നും 200-നും ഇടയ്ക്കുള്ള 386 വർഷക്കാലത്താണ് വിരചിതമായതെന്ന് ഇസ്രായേലിലെ ടെൽ അവീവ് യൂണിവേഴ്സിറ്റിയുടെ ഗവേഷണസംഘം ഉറച്ച നിഗമനത്തി ലെത്തിയ കാര്യം മുമ്പൊരു ലേഖനത്തിൽ സൂചിപ്പിച്ചിരു ന്നതാണ്. പേർഷ്യൻ ചക്രവർത്തി സൈറസ് രണ്ടാമൻ ബാബിലോൺ ആക്രമിച്ചു കീഴടക്കിയശേഷം ബി. സി 538-ൽ ബാബിലോൺ അടിമത്തത്തിൽ നിന്നു മോചിതരായ യഹൂദർ യൂദായിൽ തിരിച്ചെത്തിയശേഷമാണ് ഉത്പത്തിപ്പുസ്തകം രചിച്ചത് എന്നുള്ള ചില ബൈബിൾ ചരിത്രകാരന്മാരുടെ അഭിപ്രായം ടെൽ അവീവ് യൂണിവേഴ്സിറ്റി സംഘത്തിന്റെ കണ്ടെത്തലുമായി പൊരുത്തപ്പെടുന്നുണ്ട്. മനുഷ്യവംശത്തിന്റെ കാലപ്പഴക്കം ഇരുപതോ ഇരുപത്തിനാലോ ലക്ഷം വർഷങ്ങൾ എന്ന നിഗമനം വാദത്തിനുവേണ്ടി മാറ്റിവച്ചിട്ട്, മൊറോ ക്കോയിൽ കണ്ടെത്തിയ ഫോസിലിന്റെ മാത്രം അടിസ്ഥാന ത്തിൽ ആദിമാതാപിതാക്കൾ മൂന്നു ലക്ഷം വർഷങ്ങൾ മുമ്പാണു ജീവിച്ചിരുന്നത് എന്നു സങ്കല്പിച്ചാൽപ്പോലും ബി. സി. 538-നുശേഷം ഉത്പത്തിയുടെ കഥയെഴുതിയ വിദ്വാൻ മൂന്നു ലക്ഷം വർഷം മുമ്പുള്ള ആദത്തെ എങ്ങനെ കണ്ടെത്തി എന്ന ചോദ്യം വളരെയേറെ പ്രസക്തമല്ലേ? സ്വന്തം ഭാവന യല്ലാതെ എന്തെങ്കിലും ഗവേഷണഫലമോ ചരിത്രരേഖകളോ അദ്ദേഹത്തിന്റെ സഹായത്തിനുണ്ടായിരുന്നോ? ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഡയനേഷ്യസ് എക്സിഗുവുസ് (ഒരു ആശ്രമാധിപൻ abbot) അന്നത്തെ മാർപാപ്പായുടെ നിർദ്ദേശപ്രകാരം യേശുവിന്റെ ജനനം മുതൽ വർഷങ്ങൾ കണക്കാക്കുന്ന രീതി (Anno Domini-A.D) ആരംഭിച്ചിട്ടും, ചരിത്രപുരുഷനായ യേശുവിന്റെ ജനന-മരണത്തീയതികൾ, വർഷമെങ്കിലും, കൃത്യമായി നിർണയിക്കാൻ ഇതുവരെ ക്രിസ്തീയസഭകൾക്കു സാധിച്ചിട്ടില്ല. യേശുവിന്റെ ജനനം മാർച്ച് 28-ന്, ഏപ്രിൽ 19-ന്, അല്ല മെയ് 29-ന് എന്നൊക്കെ ഊഹാപോഹങ്ങളുണ്ടെങ്കിലും ഡിസംബർ 25-നല്ലേ നമ്മൾ ക്രിസ്മസ് ആഘോഷിക്കുന്നത്? രണ്ടായിരം വർഷം മുമ്പുള്ള കാര്യം വിട്ടുകളയാം, 1871 ജനുവരി 3-ാം തീയതി മരിച്ച ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ഭൗതികാവശിഷ്ടം കൂനമ്മാവിലാണോ മാന്നാനംകുന്നിലാണോ എന്നു കൃത്യമായി പറയാൻ കേരളത്തിൽ ആർക്കൊക്കെ സാധിക്കും? എന്നിട്ടാണ് 20-24 ലക്ഷം വർഷം മുമ്പു ജീവിച്ചിരുന്നു എന്നു സങ്കല്പി ക്കേണ്ട ആദം ചെയ്ത പാപത്തെപ്പറ്റി ഇത്ര കൃത്യമായി നമ്മുടെ വൈദികർ വായ്തോരാതെ പ്രസംഗിച്ചു നടക്കുന്നത്!

ആദിമാതാപിതാക്കൾ ചെയ്ത കഠോരപാപ ത്തെപ്പറ്റിയും ആ പാപത്തിന്റെ ഉത്പന്നമായ ഉത്ഭവപാപത്തെ ▸▸

പ്പറ്റിയും ഇടതടവില്ലാതെ സംസാരിക്കുന്ന വചനപ്രഘോഷണക്കാരും ബാബ്റിമസ്ജിത് സ്ഥിതിചെയ്തിരുന്ന സ്ഥലത്തുതന്നെയാണ് ശ്രീരാമൻ പിറന്നത് എന്നു ശഠിക്കുന്ന തീവ്രഹിന്ദുത്വവാദികളും തമ്മിലുള്ള സാമ്യം ഒട്ടും ചെറുതല്ല. ചതുർയുഗങ്ങളിൽ രണ്ടാമത്തേതും 12,96,000 വർഷങ്ങൾ ദൈർഘ്യമുള്ളതുമായ ത്രേതായുഗത്തിൽ എപ്പോഴോ സീതാരാമന്മാർ ജീവിച്ചിരുന്നതായിട്ടാണ് കവിസങ്കല്പം! മൂന്നാമത്തേതും 8,94,000 വർഷങ്ങളുള്ളതുമായ ദ്വാപരയുഗത്തിനുശേഷം 4,32,000 വർഷങ്ങളുള്ള കലിയുഗത്തിലാണത്രേ നമ്മൾ ജീവിക്കുന്നത്! കലിയുഗത്തിന്റെ പൂർവ്വാർധം കഴിഞ്ഞെങ്കിൽ നമ്മുടെ ആദിമാതാപിതാക്കളും രാമായണ കഥാപാത്രങ്ങളായ സീതാരാമന്മാരും ഏകദേശം 20 ലക്ഷം വർഷം മുമ്പായിരിക്കണം ജീവിച്ചിരുന്നത്! അഞ്ചാറു വർഷം മുമ്പ് രാമജന്മഭൂമി സംബന്ധിച്ച കേസ് സുപ്രീം കോടതിയിൽ നടക്കുമ്പോൾ ബാബ്റി മസ്ജിദ് സ്ഥിതിചെയ്തിരുന്ന സ്ഥലത്തിന്റെ കൃത്യം ഏതു ഭാഗത്തായിരുന്നു സീതയുടെ അടുക്കളയെന്ന് ഒരു ജഡ്ജി നിഷ്പ്രയാസം ചൂണ്ടിക്കാണിച്ചു. ആ വാർത്ത വായിച്ചപ്പോൾ ഇന്നു ലോകത്തിൽ ജീവിച്ചിരിക്കുന്ന എഴുനൂറോളം കോടി മനുഷ്യരിൽ ഏറ്റവും വലിയ മഠയൻ ആ ജഡ്ജിയാണെന്നു തോന്നിപ്പോയി. എന്നാൽ, ഉത്ഭവ പാപം കാതലായ ഒരു വിശ്വാസ സത്യമാണെന്നും നമ്മുടെ ആദിമാതാപിതാക്കന്മാർ സ്വതന്ത്രമായി ചെയ്ത ആദ്യപാപം മാനവ ചരിത്രത്തിനു മുഴുവൻ ക്ഷതമേല്പിച്ചുവെന്നും പ്രജനനത്തിലൂടെയും സംപ്രദാനത്തിലൂടെയും ഈ പാപം സമസ്ത മാനവരാശിയിലേക്കും സംക്രമിച്ചു കൊണ്ടിരിക്കുന്നു എന്നും ക.സ.മ. ഗ്രന്ഥത്തിൽ വായിച്ചപ്പോൾ, അതൊക്കെ എഴുതിവെച്ച മെത്രാന്മാരും കർദ്ദിനാൾമാരുമാണ് മുൻപറഞ്ഞ ജഡ്ജിയെ വെല്ലുന്ന മഠയശിരോമണികൾ എന്നു ബോധ്യമായി!

(തുടരും)

ഫോൺ: 944-657-8174

**KCRM പ്രോഗ്രാം റിപ്പോർട്ട് – തൊടുപുഴ**

# ചർച്ച് ആക്ട് പ്രവർത്തനത്തിന് 'ഒരാൾ ഒരാളെക്കൂടി കൊണ്ടുവരിക!'

നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന, 'ഒരാൾ ഒരാളെക്കൂടി കൊണ്ടുവരുക' എന്ന പ്രവർത്തനപരിപാടി വിലയിരുത്തുന്ന യോഗമായിരുന്നു ഏപ്രിൽ 29-ാം തീയതി നടന്നത്. ചർച്ച് ആക്ട് കോപ്പികളും പ്രസ്താവനയും വീടുകൾതോറും വിതരണംചെയ്യുക എന്ന പ്രവർത്തനം വിലയിരുത്താനും ഈ യോഗം ലക്ഷ്യംവച്ചിരുന്നു. ചർച്ച് ആക്ട് പ്രവർത്തനങ്ങളുടെ കേന്ദ്രതല പ്രവർത്തനങ്ങൾ സെക്രട്ടറി റിപ്പോർട്ടുചെയ്തു. തുടർന്ന് ചർച്ചകൾ ആരംഭിച്ചു.

ശ്രീ. ജോസഫ് കാലായിൽ വാഴക്കുളം മേഖലയിലെ പ്രവർത്തനങ്ങളെപ്പറ്റിയാണ് പറഞ്ഞത്. സഭാനവീകരണം എന്ന ആശയം ഉൾക്കൊള്ളാൻ ഇനിയും സാമാന്യജനത്തിനു കഴിഞ്ഞിട്ടില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ വിലയിരുത്തൽ. അതുകൊണ്ടുതന്നെ നമ്മുടെ പ്രസ്ഥാനം ഒരു പൊതുവായ ചലനം സൃഷ്ടിക്കാൻ വേണ്ട കരുത്തു നേടിയിട്ടുമില്ല. വിഭവശേഷിയിൽ മുന്തിനിൽക്കുന്ന ഔദ്യോഗിക സഭാസംവിധാനത്തോടാണ് നാം ഏറ്റുമുട്ടേണ്ടിവരുന്നതെന്നത് ഏറെ പ്രശ്നമാണ്. എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിക്കാൻ നല്ലപോലെ തയ്യാറെടുക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. തുടർന്നു സംസാരിച്ച ശ്രീ. സോണി കിഴക്കേക്കര പള്ളിയുമായി അടുത്തു പ്രവർത്തിച്ചതിൽനിന്നു കിട്ടിയ പുതിയ അറിവുകൾ പങ്കുവച്ചു. മെൽവിൻ കരിമണ്ണൂരും തന്റെ തിക്താനുഭവങ്ങൾ വിവരിച്ചു. എം.റ്റി. ക്ലീറ്റസ്, മാത്യു വിശ്വവിദ്യാമഠം, അഡ്വ. ജോസ് പാലിയത്ത്, അഗസ്റ്റിൻ കടനാട്, സെബാസ്റ്റ്യൻ മുണ്ടയ്ക്കാമറ്റം ഇവരെല്ലാം ഓരോ പ്രദേശത്തെയും സ്ഥിതിഗതികൾ വിലയിരുത്തി.

**പ്രൊഫ. പി.സി. ദേവസ്യാ**
(സെക്രട്ടറി, തൊടുപുഴ യൂണിറ്റ്)

## ശ്രീ.ജോസാന്റണി, സത്യജ്വാലയുടെ പുതിയ സർക്കുലേഷൻ മാനേജർ

സർക്കുലേഷൻ മാനേജരായി പ്രവർത്തിച്ചിരുന്ന ശ്രീ. കെ. ജോർജ് ജോസഫ് കുറേ നാളായി, 'ആൾ കേരളാ ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ' ചെയർമാനായിക്കൂടി പ്രവർത്തിക്കുകയാണ്. രണ്ടും ഒരുമിച്ചു കൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്നും സർക്കുലേഷൻ മാനേജറിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിവാക്കണമെന്നുമുള്ള അദ്ദേഹത്തിന്റെ അഭ്യർഥന മാനിച്ച്, മെയ് 8-നു ചേർന്ന കമ്മിറ്റിയോഗം 'സത്യജ്വാല'യുടെ സർക്കുലേഷൻ മാനേജരായി ശ്രീ. ജോസാന്റണിയെ നിയോഗിക്കുകയായിരുന്നു. ഈ ചുമതലയോടൊപ്പം ഒരു പ്രതിമാസ ഓണറേറിയം നിശ്ചയിച്ച് 'സത്യജ്വാല' എഡിറ്റിംഗിലും പ്രൂഫ് നോട്ടത്തിലും മറ്റുമുള്ള കുറെ അധികച്ചുമതലകൂടി അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു, കമ്മിറ്റി. ഇപ്പോൾ 'അല്മായശബ്ദം' ബ്ലോഗിന്റെ അഡ്മിനിസ്ട്രേറ്ററാണ്, ജോസാന്റണി. സർക്കുലേഷൻ മാനേജരെ ബന്ധപ്പെടാനുള്ള വിലാസവും മറ്റു വിവരങ്ങളും കവർ ഉൾപേജിൽ കൊടുത്തിട്ടുള്ളതു കാണുമല്ലോ.

**ഷാജു ജോസ് തറപ്പേൽ** (സെക്രട്ടറി)

# 'ചർച്ച് ആക്ട് ആർക്കുവേണ്ടി?'
## – ഒരു പ്രതികരണം

**ജോർജ് മൂലേച്ചാലിൽ**

*[പാലാ രൂപതയുടെ മുഖപത്രമായ ''ദീപനാള' ത്തിന്റെ 2018 ഏപ്രിൽ 18-ന് ഇറങ്ങിയ ലക്കത്തിൽ ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ, 'ചർച്ച് ആകട് ആർക്കുവേണ്ടി എന്ന ശീർഷകത്തിൽ ഒരു ലേഖനമെഴുതിയിരുന്നു. ചർച്ച് ആക്ട് ഭരണഘടനാവിരുദ്ധവും ന്യൂനപക്ഷവിരുദ്ധവുമാണെന്നും സഭാസ്വത്തുക്കൾ പൊതുസ്വത്ത് അല്ലെന്നും മറ്റുമുള്ള വാദങ്ങൾ ഉന്നയിച്ചെഴുതിയ പ്രസ്തുതലേഖനത്തോടുള്ള പ്രതികരണമായി എഴുതിയ ലേഖനമാണിത്. മെയ് 8-ന് ദീപനാളം എഡിറ്റർ ഫാ.കുര്യൻ തടത്തിലിനെ നേരിൽക്കണ്ട് ഇതു പ്രസിദ്ധീകരിക്കുന്നതിനായി നൽകിയിട്ടുണ്ട്.]*

**2018** ഏപ്രിൽ 18-ലെ 'ദീപനാള'ത്തിൽ, ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ എഴുതിയ 'ചർച്ച് ആക്ട് ആർക്കുവേണ്ടി?' എന്ന ലേഖനത്തിൽ വന്നിട്ടുള്ള ചില പിശകുകൾ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു:

1. "ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആൻഡ് ഇൻസ്റ്റിട്യൂഷൻസ് ട്രസ്റ്റ്ബിൽ ന്യൂനപക്ഷവിരുദ്ധവും ഭരണഘടനാലംഘനവുമായതിനാൽ മുൻ എൽ. ഡി. എഫ് സർക്കാർതന്നെ തുടർചർച്ചയ്ക്കെടുക്കാതെ മാറ്റിവച്ചു" എന്നദ്ദേഹം എഴുതിയിരിക്കുന്നത് വസ്തുതാവിരുദ്ധമാണ്. കാബിനറ്റ് സബ്കമ്മിറ്റിയുടെ പഠനങ്ങൾക്കുശേഷം ഈ കരടുബിൽ ഇപ്പോൾ പൊതുഭരണ(ന്യൂനപക്ഷക്ഷേമ)വകുപ്പിലാണുള്ളത്. വിവരാവകാശനിയമപ്രകാരം ഈ വകുപ്പിൽനിന്നു ലഭിച്ച മറുപടി, "ആയത് വിശദമായ ചർച്ചകളിലൂടെയും പഠനങ്ങളിലൂടെയും കൂടിയാലോചനകളിലൂടെയും അംഗീകരിക്കേണ്ട വിഷയമായതിനാൽ നിയമമാക്കിയിട്ടില്ല" എന്നാണ്; അല്ലാതെ, ന്യൂനപക്ഷവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായതിനാൽ മാറ്റിവച്ചിരിക്കുകയാണ് എന്നല്ല.

2. നിർദ്ദിഷ്ട ട്രസ്റ്റ്ബിൽ ഭരണഘടനാവിരുദ്ധമാണെന്നു വരുത്തുന്നതിനായി, ഭരണഘടനയുടെ 26-ാം വകുപ്പ് 'd' അനുച്ഛേദം, അതിലില്ലാത്ത ഒരു വാക്കു കൂട്ടിച്ചേർത്ത് തെറ്റായി അവതരിപ്പിക്കുന്നുമുണ്ട് ലേഖകൻ. പ്രസ്തുത അനുച്ഛേദത്തിന്റെ അസ്സൽ ഇങ്ങനെയാണ് "......... shall have right (d) to administer such property in accordance with Law" -അതായത്, 'മതസ്വത്തുക്കൾ നിയമാനുസൃതം ഭരിക്കുവാൻ അവകാശമുണ്ടായിരിക്കും', എന്ന്. എന്നാൽ, 'നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് അത്തരം സ്വത്തുക്കൾ കൈകാര്യം ചെയ്യാനുള്ള അവകാശം ഉണ്ടെ'ന്നാണ് ലേഖകന്റെ തർജ്ജമ. ഇതിലെ 'നിലവിലുള്ള'എന്ന ആശയം അദ്ദേഹം, വിശ്വാസിസമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ ബോധപൂർവ്വം കൂട്ടിച്ചേർത്തതാണെന്നു കരുതേണ്ടിയിരിക്കുന്നു. സഭയിൽ നിലവിലുള്ളതു കാനോൻനിയമമാണല്ലോ. 'നിയമം' എന്ന് ഇന്ത്യൻ ഭരണഘടനയിൽ പറയുമ്പോൾ ഉദ്ദേശിക്കുന്നത് ഇന്ത്യൻ പാർലമെന്റോ സംസ്ഥാനഅസംബ്ളികളോ പാസാക്കുന്ന നിയമങ്ങൾമാത്രമാണ് എന്നിരിക്കെയാണ്, അതു മറച്ചുപിടിക്കുന്നതിനും സഭയിൽ നിലവിലുള്ള കാനോൻനിയമത്തിന് ഭരണഘടനയുടെ അംഗീകാരമുണ്ടെന്നു തോന്നിപ്പിക്കുന്നതിനുംവേണ്ടി ലേഖകൻ ഈ വകുപ്പ് തെറ്റായി തർജ്ജമചെയ്ത് അവതരിപ്പിച്ചിരിക്കുന്നത്.

മുമ്പു രാജാക്കന്മാരുടെ ഉടമസ്ഥതയിലായിരുന്നതും ഇപ്പോൾ ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ളതുമായ മതസ്വത്തുക്കൾമാത്രമാണ് മതപരമായ പൊതുസ്വത്ത് എന്ന തെറ്റായ നിലപാടിൽനിന്നുകൊണ്ട് ലേഖകൻ 'ക്രൈസ്തവദേവാലയങ്ങൾ പൊതുസ്വത്തല്ല' എന്നു പ്രസ്താവിച്ചിരിക്കുന്നു! സർക്കാരിന്റേതല്ലാതെയും പൊതുസ്വത്തുക്കളുണ്ട്. ക്രൈസ്തവദേവാലയങ്ങളും അനുബന്ധസ്വത്തുക്കളും സ്ഥാപനങ്ങളും അവ ആർജിച്ച ക്രൈസ്തവസമൂഹത്തിന്റെ പൊതുസ്വത്ത് അല്ലാതാകുന്നതെങ്ങനെ? "വിശ്വാസം സ്വീകരിച്ച എല്ലാവരും ഒരു സമൂഹമായി. എല്ലാവസ്തുക്കളും അവർക്കു പൊതുവായിരുന്നു" എന്ന് അപ്പോ. പ്രവ. 2: 44-ൽ നാം വായിക്കുന്നുണ്ട്. വിശ്വാസികൾ സഭയ്ക്കായി നൽകിയതും ആർജ്ജിച്ചതുമായ സ്വത്തുക്കൾ അവരുടെ പൊതുസ്വത്തായിരുന്നുവെന്ന് ഇതു സാക്ഷിക്കുന്നു. അവരെ ഭരിച്ചിരുന്ന റോമാസാമ്രാജ്യത്തിന്റെ ഉടമസ്ഥതയിൽ വേറെ പൊതുസ്വത്തുക്കൾ ഉണ്ടായിരുന്നുവെന്നതുകൊണ്ട് അവരുടെ സഭാസ്വത്തുക്കൾ പൊതുസ്വത്തല്ലാതായില്ല എന്നോർക്കുക.

മറ്റൊരു മതന്യൂനപക്ഷമായ സിക്കുമതസ്ഥർ ആർജിച്ച ഗുരുദ്വാരകളും അനുബന്ധസ്വത്തുക്കളും ആ സമുദായത്തിന്റെ പൊതുസ്വത്താണ്. അവ ഭരിക്കുന്നതിന് രാജ്യത്തിന്റേതായ ഗുരുദ്വാരാനിയമമുണ്ടാക്കിയതിന്റെ പേരിൽ, ആരും ന്യൂനപക്ഷവിരുദ്ധതയോ ഭരണഘടനാവിരുദ്ധതയോ ആരോപിക്കുകയുണ്ടായില്ല. അവരുടെ മതസ്വത്ത് ആ നിയമപ്രകാരം അവർതന്നെയാണ് ഭരിക്കുന്നത്, ഗവണ്മെന്റല്ല. ചർച്ച് ആക്ട് അനുസരിച്ചും ഗവണ്മെന്റല്ല,

ഇടവകകളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ കമ്മിറ്റികളാണ് സഭാസ്വത്തുക്കൾ ഭരിക്കുക. കാരണം, ആദിമസഭയുടെയും ഭാരതസഭയുടെയും പൂർവപാരമ്പര്യമായ സഭായോഗഭരണസമ്പ്രദായത്തിന്റെ, അഥവാ പള്ളിയോഗഭരണസമ്പ്രദായത്തിന്റെ, ചുവടുപിടിച്ചാണ് ചർച്ച് ആക്ടിനു രൂപംനൽകിയിട്ടുള്ളത്.

ഒരോ മതസമൂഹത്തിനുവേണ്ടിയും നിയമമുണ്ടാക്കുമ്പോൾ, അതാതു സമുദായത്തിന്റെ പൂർവപാരമ്പര്യം നോക്കിയാണ് ജനാധിപത്യഗവണ്മെന്റുകൾ നിയമനിർമ്മാണം നടത്തുന്നത്. ലേഖകൻ പറഞ്ഞിട്ടുള്ളതുപോലെ, കേരളത്തിലെ ഒട്ടേറെ ഹൈന്ദവക്ഷേത്രങ്ങളും അവയുടെ സ്വത്തുക്കളും രാജാക്കന്മാരുടേതായിരുന്നു. അതുകൊണ്ട് അവയ്ക്കുവേണ്ടി നിയമനിർമ്മാണം നടത്തിയപ്പോൾ, ഗവണ്മെന്റിനു കൂടുതൽ അധികാരമുള്ള ബോർഡുകൾക്കാണു രൂപംകൊടുത്തത്. ദേവസ്വംബോർഡിനു വെളിയിലുള്ള ക്ഷേത്രങ്ങൾ ഭരിക്കപ്പെടുന്നത് ട്രസ്റ്റ് നിയമത്തിൻകീഴിലാണെന്ന് ലേഖകൻതന്നെ പറഞ്ഞിട്ടുണ്ടല്ലോ. കാരണം, അവ രാജാക്കന്മാരുടെ വകയായിരുന്നില്ല. കേരളത്തിലെ പള്ളിസ്വത്തുക്കളും രാജാക്കന്മാരുടേതായിരുന്നില്ല. അതുകൊണ്ട്, പള്ളി സ്വത്തുഭരണത്തിനും ട്രസ്റ്റ് നിയമമാണ് ശിപാർശ ചെയ്തിരിക്കുന്നത്. അതാണ് നിർദ്ദിഷ്ട ചർച്ച് ട്രസ്റ്റ് ബിൽ.

ചുരുക്കത്തിൽ, പൊതുസ്വത്ത് ഉൾപ്പെടുന്ന എല്ലാ മതസ്വത്തുക്കളും, ക്രൈസ്തവരുടേതൊഴികെ, ഇന്ത്യയിലിന്നു ഭരിക്കപ്പെടുന്നത് ഇവിടുത്തെ നിയമവ്യവസ്ഥയ്ക്കു കീഴിലാണ്. അതായത്, മതസ്വത്തുഭരണത്തിൽ ഇന്ത്യൻ ഭരണഘടനയുടെയോ നിയമവ്യവസ്ഥയുടേയോ പരിരക്ഷ ലഭിക്കാത്ത ഏകമതസമൂഹം ഇവിടുത്തെ ക്രൈസ്തവരുടേതാണ്. എറണാകുളം ഭൂമികുംഭകോണമുൾപ്പടെയുള്ള സമീപകാലസംഭവവികാസങ്ങളും അതുസംബന്ധിച്ചുള്ള കോടതിനടപടികളുടെ ഫലശൂന്യതയുമെല്ലാം, ക്രൈസ്തവരുടെ പൊതുസ്വത്തുക്കൾക്ക് നിയമപരിരക്ഷ കഷ്ടിയാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്നു. ഈ നിയമപരിരക്ഷ ഉറപ്പുവരുത്താൻ ക്രൈസ്തവരുടെ സ്വത്തുഭരണത്തിന് ഒരു ഇന്ത്യൻനിയമം അനിവാര്യമായിരിക്കുന്നു എന്നതാണിതു കാണിക്കുന്നത്. ചർച്ച് ആക്ടിന്റെ പ്രസക്തി ഇവിടെയാണ്.

4. ചർച്ച് ആക്ടിൽ ക്രിസ്ത്യാനിക്കു കൊടുത്തിട്ടുള്ള നിർവചനംമുതൽ, ചർച്ച് കമ്മീഷണറുടെ അധികാരം വരെയുള്ള നിരവധി കാര്യങ്ങളിൽ ഊതിപ്പെരുപ്പിച്ചതും അതിബാലിശവുമായ വാദഗതികളാണ്, സാധാരണ വിശ്വാ സികളിൽ ചർച്ച് ആക്ടിനെതിരെ ഭയവും എതിർപ്പും സൃഷ്ടിക്കുവാൻ, ഷെവലിയർ ഉയർത്തിയിരിക്കുന്നത്.

ഈ ട്രസ്റ്റ് ബിൽ വിഭാവനം ചെയ്തിരിക്കുന്നത് കത്തോലിക്കാസഭയ്ക്കുവേണ്ടി മാത്രമല്ല എന്നു മനസ്സിലാക്കണം. ചെറുപ്രായത്തിൽ മാമോദീസാ നൽകാത്ത ക്രൈസ്തവവിഭാഗങ്ങളുണ്ട്. അങ്ങനെയുള്ള സഭാസമൂഹത്തിലെ 18 വയസ്സ് തികഞ്ഞവരും അവരുടെ അംഗത്വരജിസ്റ്ററിൽ പേരു ചേർക്കപ്പെട്ടവരുമായവർക്കും സഭാഅസംബ്ലി അംഗത്വം ഉറപ്പുവരുത്തേണ്ടതുണ്ട്. അതുകൊണ്ടാണ് അംഗത്വത്തിന് മാമോദീസാ മാനദണ്ഡമാക്കാത്തത്. നിർദ്ദിഷ്ട ട്രസ്റ്റ് ബില്ലിന്റെ 6-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ ഓരോ ഇടവകയിലെയും 18 വയസ്സിനുമുകളിൽ പ്രായമുള്ള സ്ത്രീ-പുരുഷന്മാർക്കായിരിക്കും വോട്ടവകാശമുണ്ടാവുക എന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇവർ തീർച്ചയായും മാമോദീസാ മുങ്ങിയോ മുങ്ങാതെയോ ഇടവക രജിസ്റ്ററിൽ പേരുചേർത്തവർതന്നെയായിരിക്കും. ക്രിസ്തുവിൽ വിശ്വസിക്കുന്നുവെന്ന് ഏറ്റുപറഞ്ഞാലുടൻ ഒരാളെ ഇടവകാംഗമാക്കുന്ന ഒരു സഭയും ലോകത്തിലുള്ളതായി തോന്നുന്നില്ല. അതുകൊണ്ട് ലേഖകൻ ഭയപ്പെടുത്തുന്ന തരത്തിലുള്ള നുഴഞ്ഞുകയറ്റങ്ങളൊന്നും ഇവിടെ സാധ്യമല്ല. എങ്കിലും, കരടുബില്ലിലെ ഈ നിർവ്വചനം സംബന്ധിച്ചോ മറ്റേതെങ്കിലും ശിപാർശ സംബന്ധിച്ചോ തിരുത്തൽനിർദ്ദേശങ്ങൾ നൽകാൻ ലേഖകനും മെത്രാന്മാർക്കുമെല്ലാം അവസരവും അവകാശവുമുണ്ടല്ലോ? എന്തേ അതു ചെയ്യുന്നില്ല?

5. വിവിധ ട്രസ്റ്റ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും കണക്കുകൾ പരിശോധിക്കാനുമാണ്, അല്ലാതെ ഭരിക്കാനല്ല, ഒരു ചർച്ച് കമ്മീഷണറെ നിയോഗിക്കുന്നതെന്ന് കരടുബില്ലിന്റെ ടെക്സ്റ്റിൽനിന്ന് ആർക്കും മനസ്സിലാക്കാനാകും എന്നിരിക്കേ, ചർച്ച് ആക്ട് വന്നാൽ ചർച്ച് കമ്മീഷണറായിരിക്കും സഭകളുടെ ഭൗതികഭരണം നിർവ്വഹിക്കുന്നത് എന്ന മട്ടിൽ വ്യാജപ്രസ്താവന നടത്തിയിരിക്കുന്നു, ഷെവ. വി. സി. സെബാസ്റ്റ്യൻ!

–ചർച്ച് ആക്ട് എന്നാലെന്തെന്ന് യാഥാസ്ഥിതികരായ വിശ്വാസികൾക്കുപോലും ഇന്ന് ഒരു സാമാന്യ അറിവുണ്ട്. തങ്ങളുടെ പൊതുവായിരുന്ന പള്ളിസ്വത്തുക്കളും സ്ഥാപനങ്ങളും ഒരു വിദേശനിർമ്മിത പുരോഹിതനിയമമായ കാനോൻനിയമത്തിലൂടെ ഇന്ന് മെത്രാന്മാരുടെ സ്വകാര്യസ്വത്തായിക്കഴിഞ്ഞുവെന്നും അദ്ദേഹം നിയോഗിക്കുന്ന വികാരിയാണ് ഇടവകസ്വത്തുക്കളുടെ ഭരണാധികാരിയെന്നും പള്ളിയോഗത്തിനും പള്ളിക്കമ്മിറ്റിക്കും ഉപദേശാധികാരംമാത്രമേ ഉള്ളുവെന്നും തങ്ങളുടെ ആലോചനയോ സമ്മതമോകൂടാതെ ഇടവകസ്വത്തുക്കളും രൂപതാസ്വത്തുക്കളും സ്വന്തമെന്നപോലെ മെത്രാന്മാർ വിറ്റുകൊണ്ടിരിക്കുകയാണെന്നുമെല്ലാം അവർക്കിന്നു നന്നായിട്ടറിയാം. ആധ്യാത്മികശുശ്രൂഷകരുടെ അക്രൈസ്തവമായ ഈ അമിതാധികാരപ്രയോഗങ്ങൾക്കു കടിഞ്ഞാണിടേണ്ടത് സഭയുടെ നിലനിൽപ്പിനുതന്നെ ആവശ്യമാണെന്ന ബോധവും അവരിൽ വളരുകയാണ്. അതിനായി അവർ ചർച്ച് ആക്ടിലേക്കു മുഖംതിരിച്ചുകൊണ്ടിരിക്കുന്ന ഒരു ചരിത്രമുഹൂർത്തവുമാണിത്.

ഈ സാഹചര്യത്തിൽ, കണ്ണടച്ചിരുട്ടാക്കുന്ന തരത്തിലുള്ള ഇത്തരം ലേഖനങ്ങൾ 'ദീപനാള'ത്തിനുതന്നെ പേരുദോഷം വരുത്തിവയ്ക്കുകയേയുള്ളൂ എന്നു പറയട്ടെ. വായനക്കാർ ചർച്ച് ആക്ടിനെക്കുറിച്ചുള്ള സത്യം അറിയണമെന്ന് 'ദീപനാളം' ആഗ്രഹിക്കുന്നെങ്കിൽ, അധികം ദൈർഘ്യമൊന്നുമില്ലാത്ത അതിന്റെ ടെക്സ്റ്റ് ദീപനാളത്തിൽ പ്രസിദ്ധീകരിക്കുകയും അതു ചർച്ചചെയ്യാൻ വൈദികരുൾപ്പെടെയുള്ള വായനക്കാർക്ക് അവസരം നൽകുകയുമാണ് വേണ്ടത്.

ഫോൺ: 9497088904

# നിലവിളിക്കുന്ന നേർച്ചക്കാശുകൾ!

**ഫാ. നിബിൻ കുരിശിങ്കൽ**

**വ**ലിയൊരു തീർഥാടനകേന്ദ്രത്തിലെ പെരുന്നാളിന് കൊടികയറി. ജനലക്ഷങ്ങൾ തീർഥാടനത്തിനെത്തുകയും പല കോടികൾ നേർച്ചയായെത്തുകയും ചെയ്യുന്ന ഒരു വലിയ ദേവാലയം. ആ ദേവാലയത്തിന്റെ പരിസരത്തുള്ള ഒരു കൊച്ചു പള്ളിയുടെ വികാരിയച്ചൻ ഫലിതം നിറച്ചൊരു കാര്യം പറഞ്ഞതോർക്കുന്നു.

“തീർഥാടനകേന്ദ്രത്തിലേ പെരുന്നാളിന് കൊടിക്കയറിക്കഴിഞ്ഞാൽപ്പിന്നെ നമ്മുടെ കാര്യം പോക്കാണ്. ആളുകളൊക്കെ അങ്ങോട്ടേ പോകൂ. അത് സാരമില്ല. പൊക്കോട്ടേന്ന് വയ്ക്കാം. പക്ഷേ, പോകുന്ന വഴിക്ക് ആ നേർച്ചക്കാശ് അവനവന്റെ പള്ളിയിലിട്ടേച്ചു പൊയ്ക്കൂടെ? അടുത്ത മാസം പള്ളീടെ കറൻറ്റ് ബില്ലും വാട്ടർ ബില്ലും അടയ്ക്കാനുള്ള കാശ് പോലും ഇവിടുത്തെ നേർച്ചക്കുറ്റിയിൽ കാണത്തില്ല.”

ചെറുകിടക്കാരുടെ പെടലിയൊടിച്ച് വൻകിടക്കാർ കടന്നുവന്നതുപോലെ, സി ക്ലാസ്സ് കടക്കാരെ ചവിട്ടിത്താഴ്ത്തി ഷോപ്പിംഗ് മാളുകൾ പൊങ്ങിയതുപോലെ, കല്യാണ ബ്രോക്കർമാരെ വിഴുങ്ങിത്തീർത്ത് മാട്രിമോണിയൽ സൈറ്റുകൾ വീർത്തതുപോലെ ഒക്കെയാണ് ചില തീർഥാടനകേന്ദ്രങ്ങളും ദേവാലയസമുച്ചയങ്ങളും വളർന്നുയരുന്നത്. പക്ഷേ, വളർന്നുയരുന്നതിനനുസരിച്ച് പെരുകിക്കൂടുകയാണ് അവിടങ്ങളിലെ പ്രശ്നങ്ങളും.

കഴിഞ്ഞ കുറച്ചു നാളുകളായി കേരളത്തിലെ പള്ളികളും പട്ടക്കാരുമൊക്കെ പ്രശ്നങ്ങളുടെ പേമാരിയിൽ നനഞ്ഞ് നിൽക്കുകയാണ്. കൂലംകഷമായി ഒന്നു ചിന്തിച്ചാൽ ഈ പേമാരിയുടെ പ്രഭവസ്ഥാനം പണമുള്ളയിടങ്ങളാണെന്ന് വ്യക്തമാകും.

കറന്റുബില്ലടയ്ക്കാൻ ഇടവകജനത്തിന്റെ ചില്ലറത്തുട്ടുകളുടെ സ്വരം കാതോർത്തിരിക്കുന്ന ഒരു വികാരിയുടെ മേലും അഴിമതിയാരോപണം ഇതുവരെ ഉയർന്നതായി കേട്ടിട്ടില്ല. നൂറ്റമ്പതോ ഇരുന്നൂറോ വീടുകളുള്ള ഒരു ഇടവക ദേവാലയത്തിലെ ഇടയന്മാർക്കൊരിക്കലും പൊതുയോഗങ്ങളിലെ കണക്കുപുസ്തകത്തിന്റെ മേലെ വിയർപ്പുതുള്ളികൾ ഒഴുക്കേണ്ടിയും വന്നിട്ടില്ല. പണത്തിന്റെ കുത്തൊഴുക്കുണ്ടായിട്ടുള്ള ഇടങ്ങളിലൊക്കെ കലഹത്തിന്റെ കൊടുങ്കാറ്റ് വീശുകയും പ്രശ്നങ്ങളുടെ പേമാരി പെയ്യുകയും ചെയ്തിട്ടുണ്ട്. പേരും പ്രശസ്തിയുമില്ലാത്ത കൊച്ചുപള്ളികളിൽ കൈക്കാരൻസ്ഥാനത്തിനുവേണ്ടി ആരും കടിപിടികൂടാറില്ല; കയ്യാങ്കളിയുമില്ല.

വലിയ പോപ്പുലാരിറ്റിയില്ലാത്ത ഓർഡിനറി വിശുദ്ധരുടെ തിരുനാൾവാർത്ത ഒറ്റക്കോളം വാർത്തയായി പത്രത്തിന്റെ മൂലയിൽ പ്രത്യക്ഷപ്പെടുമ്പോൾ ‘എന്റെ പേരില്ലെ’ന്നും പറഞ്ഞ് ഒരു കൺവീനറും കരയുന്നതും കണ്ടിട്ടില്ല. അപ്പോൾപ്പിന്നെ സംഗതി വിശ്വാസസംബന്ധിയല്ല.

വിശ്വാസത്തിന്റെ പുകമറയിൽ അറിഞ്ഞും അറിയാതെയുമൊക്കെയായി അധികാരസുഖത്തിന്റെ കസേര അവനവന്റെ ആസനത്തിന്റെ ഭാഗമാക്കാൻ ആഗ്രഹിക്കുന്നവരുടെ അല്പത്തരത്തിന്റെ അന്ധവിശ്വാസ പ്രമാണമാണ് അവരുടെ ലിപിയില്ലാത്ത തിരക്കഥ.

തിരുവാഭരണമണിഞ്ഞിരിക്കുന്ന ദേവിയുടെയും ചില്ലുകൂട്ടിലിരിക്കുന്ന ദൈവങ്ങളുടെയും കാതിലേക്കും കൈയിലേക്കുമായി നമ്മൾ ഉരുക്കിക്കൊടുത്ത കാഞ്ചനമാലയും കാശുമാലയും നമ്മെ നോക്കി പരിഹസിക്കുന്ന ഒരു കാലം വരും. ആകാശമുലയുമാറ് മാലാഖമാരും പ്രവാചകന്മാരും ഒരുമിച്ച് ചോദിക്കുന്നത് ആരും കേൾക്കുന്നില്ലേ! ‘ദൈവങ്ങൾക്കണിയാൻ എന്തിനീ പൊൻനൂലുകളും വജ്രവളകളും? അതിന് കാവൽ നിൽക്കാൻ എന്തിനീ പുരോഹിതർ?

അവനവന്റെ ഇടവകാതിർത്തിയിൽ പ്രായംചെന്ന പെൺകിടാങ്ങൾ മിന്നുചാർത്താൻ പൊന്നില്ലാതെ പെടാപ്പാട് പെടുന്നത് കണ്ടിട്ടും, അത് കാണാതെ, പരി. മറിയത്തിന് മരതകമാല നേർച്ച നേരുന്നവരുടെനേരെ മറിയം മുഖംതിരിച്ചുകളയുമെന്നതു തീർച്ചയാണ്!

കാശ് ചൊരിയേണ്ടതും കുംഭമുടയ്ക്കേണ്ടതും കനകമെറിയേണ്ടതും ചില്ലുകൂട്ടിലെ ദൈവങ്ങൾക്ക് മുമ്പിലോ ദൈവം ചമയുന്ന കപടഗുരുക്കന്മാർക്കുമുന്നിലോ ആകരുത്. അല്ലെങ്കിൽത്തന്നെ ദൈവങ്ങൾക്കെന്തിനാ കനകോം കാശും?

കൈ നഷ്ടപ്പെട്ടുപോയ കൽപ്പണിക്കാരന്റെ കുടുംബത്തിലെ കഞ്ഞിക്കലത്തിലേക്ക് നേർച്ചക്കാശുകൾ വീഴട്ടെ! കുടികിടപ്പവകാശം ഇല്ലാത്തതിന്റെ പേരിൽ



# യേശുവിന്റെ പ്രവർത്തനപദ്ധതിയും പ്രമാണതത്ത്വങ്ങളും (തുടർച്ച)

**ഡോ. ജെ.സി. കുമരപ്പ**

*[ Practice and Precepts of Jesus' എന്ന ഗ്രന്ഥത്തിന്റെ 3-ാം അധ്യായം 1-ാം ഭാഗം, തർജമ: എഡിറ്റർ]*

## "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു"

യേശുവിന്റെ ആഗമനത്തിന്റെ ഉദ്ദേശ്യമെന്ത് എന്ന വിഷയമായിരുന്നു, കഴിഞ്ഞ അധ്യായത്തിൽ നാം പരിഗണിച്ചത്. തുടർന്നു നമുക്ക്, മോശെയുടെ നിയമങ്ങളെ പുനരാഖ്യാനിക്കുന്നതിന് യേശു സ്വരൂപിച്ച ചില പ്രമാണതത്ത്വങ്ങളെക്കുറിച്ചു പഠിക്കാം.

യേശുവിന്റെ മുഴുവൻ ഊന്നലും, ഓരോ പ്രവൃത്തിയുടെയുംപിന്നിൽ അതിനെ പ്രേരിപ്പിച്ചുനിലനിൽക്കുന്ന ആന്തരികചോദനയിലും ചിന്തയിലും ഉദ്ദേശ്യശുദ്ധിയിലുമായിരുന്നു; അല്ലാതെ, ആ പ്രവൃത്തിയിലായിരുന്നില്ല. അദ്ദേഹത്തിന്റെ മാനദണ്ഡമനുസരിച്ച്, നിയമപ്രകാരം പാപകരമായ ഒരു പ്രവൃത്തി ചെയ്യാതെതന്നെ, ഒരുവൻ പാപഗ്രസ്തനാകാം. അദ്ദേഹത്തിന്റെ ഉദ്യമം പാപപ്രവൃത്തികളിൽനിന്നു നമ്മെ ബാഹ്യമായി പിന്തിരിപ്പിക്കുക എന്നതായിരുന്നില്ല; മറിച്ച്, നമ്മുടെ ഹൃദയങ്ങളിലെ പാപസ്രോതസിനെ നിയന്ത്രിക്കാൻ നമ്മെ പ്രാപ്തരാക്കുകയെന്നതായിരുന്നു.



ധനികയുവാവിന് യേശു നൽകിയ മറുപടി (മത്താ. 19:18-19) സൂചിപ്പിക്കുന്നതനുസരിച്ച്, മോശെയുടെ നിയമങ്ങളിൽ മുഖ്യമെന്നു യേശു കരുതിയവ ഇവയാണ്: 1. നീ കൊല്ലരുത്, 2. വ്യഭിചരിക്കുരുത്, 3. മോഷ്ടിക്കരുത്, 4. കള്ളസാക്ഷി ആകരുത്, 5. നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കണം, 6. നിന്നേപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം.

യേശു ഈ കല്പനകളെ എടുത്ത് ആധ്യാത്മികതലത്തിലേക്ക് ഉയർത്തിക്കൊണ്ട്, മലയിലെ പ്രസംഗത്തിലൂടെ (മത്താ. 5:17-48), തന്റേതായ പാഠഭേദം നമുക്ക് പ്രദാനംചെയ്യുകയാണ്. മോശെയുടെ നിയമത്തിനു കടകവിരുദ്ധമായി യേശു മുന്നോട്ടുവച്ച തന്റെ അഞ്ചു നിയമങ്ങളെ കേന്ദ്രീകരിച്ചുള്ള മനനമാണ് ഈ അധ്യായത്തിൽ നാം നടത്തുക.

---

കൂരയൊഴിഞ്ഞുകൊടുക്കേണ്ടിവന്ന ഗതികെട്ടവരുടെ കുടിപ്പുരകളിലേക്ക് കനകോം കാശും കാറ് വിളിച്ച് ചെല്ലട്ടെ!

ഇതൊന്നുമില്ലെങ്കിൽ, ഇടവകക്കാരിൽ ചിലരുടെ മേശപ്പുറത്ത് ബാങ്കുകാരുടെ ചുവപ്പുമഷി പതിഞ്ഞ ജപ്തി നോട്ടീസിരിപ്പുണ്ട്. ഈ കടലാസുതുണ്ടുകൾ പലയിടത്തിരുന്ന് വാവിട്ടു കരയുന്നതു കേൾക്കാതെ തീർഥാടന കേന്ദ്രങ്ങളിൽ കതിന നിറയ്ക്കാനുള്ള കരിമരുന്നിന്റെ തുകയായും അങ്ങ് മൂലമറ്റത്തും രാമൽക്കൽമേട്ടിലും പതിക്കാനുള്ള തിരുന്നാൾ ഫ്ളക്സിന്റെ പ്രിന്റിങ് കോസ്റ്റായും നേർച്ചക്കാശുകൾ നശിപ്പിക്കരുത്.

കുമിഞ്ഞുകൂടുന്ന നേർച്ചക്കുറ്റികളും വെട്ടിത്തിളങ്ങുന്ന രൂപക്കൂടുകളുമാണ് കേരളസഭയെ തകർക്കാൻ പോകുന്നത്. ഓരോ തിരുനാളിനുശേഷവും കൂലിക്ക് ആളെയിരുത്തി നേർച്ചക്കാശെണ്ണേണ്ടി വരുന്ന രീതിയിൽ വരുമാനമുള്ള പള്ളികൾ അറിയണം, നേർച്ചക്കാശെണ്ണിക്കിട്ടുന്ന കൂലിക്കാശുകൊണ്ട് കഞ്ഞി കുടിക്കുന്നവർ ആ ഇടവകയിൽത്തന്നെയുണ്ടെന്ന്.

ദൈവങ്ങൾക്ക് കാശുകൊടുത്ത് കാര്യം സാധിക്കാമെന്നത് വിഡ്ഢിയുടെ വിശ്വാസമാണ്.

**"ഈ ചെറിയവരിൽ ഒരുവന് നീ ഒരു പാത്രം വെള്ളം കൊടുത്തപ്പോഴൊക്കെ, അതെനിക്കുതന്നെയാണ് നീ തന്നത്..."**

1. ***"എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു കോപിക്കുന്ന ഏതൊരുവനും ശിക്ഷാവിധിക്ക് അർഹനാണ്."***

ഇവിടെ യേശു കൊലപാതകത്തിന്റെ തലത്തിലേക്ക് കോപത്തെ പ്രതിഷ്ഠിക്കുകയാണ്. കൊലപാതകം ഫലമാണെങ്കിൽ, കോപം അതിനു കാരണമാണ്. അതുകൊണ്ട്, യേശു തിന്മയുടെ വേരിലെത്തുകയും അതിനെ സാമൂഹികവിരുദ്ധ പ്രവർത്തനത്തിന്റെ അതേ ഗണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഈ മാനദണ്ഡംവച്ചു പരിശോധിച്ചാൽ, കൊലപാതകി അല്ലാത്തവരായി; പോരാ അനേകം കൊലപാതകങ്ങൾ നടത്താത്തവരായി, നമ്മളിലാരുണ്ടാകും?

ഈ നിയമത്തിന്റെ കാഠിന്യം വളരെ കൂടിപ്പോയില്ലേ എന്നു ചിന്തിക്കുന്നവരുണ്ട്. അത്തരം വീണ്ടുവിചാരമുള്ള 5-ാം നൂറ്റാണ്ടിലെ ഒരു നിയമജ്ഞൻ, ഈ കല്പനയുടെ തുടക്കത്തിൽ, 'കാരണം കൂടാതെ' എന്ന വാക്ക് തിരുകിക്കയറ്റിക്കൊണ്ട്, അതിനെ നിരർഥകമാക്കുകയുണ്ടായി. ഒരു കാരണവും കൂടാതെ കോപിക്കുന്ന ഭ്രാന്തന്മാർ നമ്മളിലാരുണ്ട്? അങ്ങനെ നോക്കിയാൽ, പൊതുവേ, നമ്മളെല്ലാം ശരിയുടെ പക്ഷത്തല്ലേ? ജർമ്മനിയെ പ്രതിരോധിക്കാൻ ഇംഗ്ലണ്ട് യുദ്ധത്തിനിറങ്ങുന്നു, അതേ പ്രതിരോധത്തിനുവേണ്ടി ജർമ്മനിയും യുദ്ധപ്രഖ്യാപനം നടത്തുന്നു. വ്യക്തികൾക്കു കോപിക്കാനാകാതെവരുന്ന പക്ഷം, ഒരു രാജ്യത്തിനെങ്ങനെ മറ്റൊരു രാജ്യത്തിനെതിരെ യുദ്ധംചെയ്യാനും വൻതോതിൽ രക്തച്ചൊരിച്ചിലുണ്ടാക്കാനും അത്തരം സംഘടിതകൊലപാതകങ്ങൾക്കുമേൽ വിവിധ സഭകളിലെ ശ്രേഷ്ഠപുരോഹിതരുടെ അനുഗ്രഹാശിസ്സുകൾ നേടാനും കഴിയും? അതുകൊണ്ട്, രാഷ്ട്രത്തിന്റെ പിന്തുണനേടാൻ ഈ പ്രക്ഷിപ്ത സൂത്രവാക്യം ഏറ്റവും പ്രയോജനകരമാണെന്ന് സഭകളിലെ ബലപ്രയോഗവാദികൾ കണ്ടെത്തി. അങ്ങനെ ഈ ലോകത്തിന്റെ രാഷ്ട്രീയമനുഷ്യർ യേശുവിന്റെ വായ മുടിക്കെട്ടുവാൻ തീരുമാനിച്ചു. എന്തുകൊണ്ട്, ജനങ്ങളുടെമേൽ യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ കാരണങ്ങൾ നിരത്തിയുള്ള പ്രചാരണങ്ങളിലൂടെ നയിക്കപ്പെട്ട് ജനങ്ങൾ ക്രോധാവേശത്തിലെത്തുന്നില്ലെങ്കിൽ, ഈ ആധുനികകാലത്തും യുദ്ധം നടത്താനാവില്ല. യേശുവചസ്സിനോട് 'കാരണം കൂടാതെ' എന്ന രണ്ടു വാക്കുകൾ തിരുകിക്കയറ്റിക്കൊണ്ട് ന്യായമെന്നു തോന്നിക്കുന്ന കാരണങ്ങൾ നിരത്തി ആധുനികയുദ്ധമെന്ന വൻകൂട്ടക്കൊലകൾക്ക് യേശുവിന്റെ ആധികാരികാംഗീകാരം തേടുകയുമാവാം. ഏതാനും ലളിതപദങ്ങൾ തിരുകിക്കയറ്റി യേശുവിന്റെ മാനദണ്ഡത്തെ നിഷ്ഫലമാക്കുന്ന മനുഷ്യന്റെ ആശയം എത്ര 'ഉജ്ജ്വലം'! ഞാൻ മനസ്സിലാക്കിയിടത്തോളം സൗകര്യപ്രദമായ ഈ പ്രക്ഷിപ്ത സൂത്രവാക്യം ലൂഥറിന്റെയോ ടിഷൻഡോർഫി (Tischendorfi)ന്റെയോ തർജമകളിലും ഏറ്റവും മികച്ചതായി കരുതപ്പെടുന്ന മറ്റു ബൈബിൾപ്പതിപ്പുകളിലും കാണുന്നില്ല. ഡോ. ആർ. ജി. മൗൾടൺ (Dr. R. G. Moulton), ഡോ. ഗുഡ്സ്പീഡ് (Dr. Goodspeed) എന്നിവരുടേതുൾപ്പെടെ, പല ആധുനിക ബൈബിൾ തർജമകളും യേശുവിന്റെ പ്രക്ഷിപ്തശൈലീപ്രയോഗം ഉപേക്ഷിച്ചിട്ടുണ്ട്. എന്തായാലും, അത് ഗുരുവായ യേശുവിന്റെ ചൈതന്യത്തിന് തീർത്തും നിരക്കാത്ത ഒന്നാണ്.

യേശു നമ്മോടു പറയുന്നത്, നൈയാമിക മനോഭാവത്തെത്തന്നെ ഉപേക്ഷിക്കുവാനും, എല്ലാവിധ ശത്രുതയെയും വെറുപ്പിനെയും ചിന്തയുടെ അഗാധതലങ്ങളിൽ നിന്നുതന്നെ പറിച്ചെറിയാനുമാണ്. ഇതാണ്, 'നീ കൊല്ലരുത്' എന്ന മോശെ യുടെ നിയമത്തിൽ യേശു കൊണ്ടുവന്ന ഉദാത്തവൽക്കരണം. നമ്മുടെ ശത്രുക്കളെ സ്നേഹിക്കാനും നമ്മെ ശപിക്കുന്നവരെ അനുഗ്രഹിക്കാനും നമ്മെ വെറുക്കുന്നവർക്കുവേണ്ടി നല്ല കാര്യങ്ങൾ ചെയ്യാനുമുള്ള യേശുവിന്റെ അനുശാസനങ്ങൾ ഈ നിയമത്തിന്റെതന്നെ പ്രാവർത്തിക വശങ്ങളാണെന്നു നമുക്കു കാണാൻ കഴിയും.

(തുടരും)





## റവ. ഡോ. ജെ. ഔസേപ്പറമ്പിലിന്റെ 'ആലഞ്ചേരിയും യോഗയും'

### ബുക്ക്‌ലെറ്റായി പ്രസിദ്ധീകരിച്ചു!

ഭാരതത്തിന്റെ അഭിമാനമായ യോഗയ്ക്കെതിരെ രംഗത്തുവന്ന സീറോ-മലബാർ സിനഡിനെയും അവർ പ്രതിനിധാനംചെയ്യുന്ന അബദ്ധവിശ്വാസങ്ങളെയും നിശിതമായി വിമർശിക്കുന്ന 24 പേജുള്ള ഈ ലഘുഗ്രന്ഥം യോഗയെക്കുറിച്ചുള്ള ഒരു ആധികാരിക പഠനവുംകൂടിയാണ്.

**KCRM ഇത് പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നു.**

പുതിയ സർക്കുലേഷൻ മാനേജരുടെ പേരിൽ 20 രൂപാ അയച്ചുകൊടുക്കുന്നവർക്ക് ഈ ബുക്ക്‌ലെറ്റ് 'പ്രിന്റഡ് ബുക്കാ'യി തപാലിൽ അയച്ചുതരുന്നതാണ്. സർക്കുലേഷൻ മാനേജരെ ബന്ധപ്പെടാനുള്ള വിലാസം കവർ ഉൾപ്പേജിൽ കൊടുത്തിട്ടുള്ളത് കാണുമല്ലോ.

ചുമ്മാ!

# ടെസ്റ്റ് ട്യൂബ് അച്ചന്മാർ!

**റോഷൻ ഫ്രാൻസീസ്**

**നാ**ട്ടുകാരെ രസിപ്പിക്കേണ്ട ജോലിയിപ്പോൾ സീറോ-മലബാറുകാർ ഏറ്റെടുത്തെന്നു തോന്നുന്നു. ചങ്ങനാശ്ശേരിക്കാരൻ പീലിയാനിക്കലച്ചൻ പാവംപിടിച്ച കുട്ടനാട്ടുകാരുടെ നൂറ്റമ്പതു കോടി വെട്ടിച്ചെന്നു പറഞ്ഞെന്തൊരു ബഹളമാ! കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട വൈദികനെ പുണ്യവാനാക്കാൻ കാരണം കണ്ടെത്തിയവർക്കാണോ ഒരച്ചനെ രക്ഷപ്പെടുത്താൻ ബുദ്ധിമുട്ട്? അച്ചൻ അച്ചന്റെ വഴിക്കു പോകും! നൂറ്റമ്പതു കോടി ഒരു ളോഹയുടെ പോക്കറ്റിൽ കൊള്ളില്ലെന്ന് കുട്ടനാട്ടുകാരും ഓർക്കുക! മിക്ക പള്ളികളിലുള്ള അച്ചന്മാരും കൽദായ-ലത്തീൻ ഭേദമില്ലാതെ മനുഷ്യരെ പറ്റിക്കുന്നു - കുറേ അരമനകളിലും ഏൽപ്പിക്കുന്നു.

എങ്കിലും, കൽദായവാദികളെ സൂക്ഷിച്ചേ തീരൂ; അവർ കോടിയിൽ താഴെയുള്ള കേസൊന്നും ഇപ്പോൾ പിടിക്കില്ലെന്നു മാത്രമല്ല, ഒരു കാര്യവും അണുവിട വിട്ടുകൊടുക്കുകയുമില്ല. തോമ്മാശ്ളീഹാ ഇവിടെ വന്നതിനു തെളിവില്ലെന്ന് ലത്തീൻവാദി തേലക്കാട്ടച്ചൻ പറഞ്ഞാൽ തോമ്മാശ്ളീഹാ ഗുജറാത്തിലെ ബറൂച്ചിലും വന്നിരുന്നുവെന്ന് കൽദായവാദികൾ പറയും; അവിടെയും വന്നിട്ടില്ലെന്നു തേലക്കാട്ടച്ചൻ പറഞ്ഞാൽ, കൽക്കട്ടായിലും വന്നിട്ടുണ്ടെന്നവർ പറഞ്ഞെന്നിരിക്കും. നിലയ്ക്കൽ പൊങ്ങിയതുപോലെ കൽക്കട്ടായിലും കുരിശു പൊങ്ങിയെന്നുമിരിക്കും! അവരോടു തർക്കിക്കാതിരിക്കുകയാഭേദം! എന്നും താമസിച്ചു ജോലിക്കു വരുന്നതിന്റെ പേരിൽ വഴക്കു കേട്ടുകൊണ്ടിരുന്ന ഒരു തൊഴിലാളി, വൈദ്യരുടെ അടുത്തു പോയി നേരത്തെ എണീൽക്കാൻ ഗുളിക വാങ്ങിച്ചു കഴിച്ച കഥ ഓർമ്മവരുന്നു. ഗുളിക ഫലിച്ചു, നേരത്തെ അയാൾ എണീക്കുകയും റെഡിയാവുകയും ചെയ്തു. പക്ഷേ, ഓഫീസിലെത്തിയ അയാളോട് മുതലാളി ചോദിച്ചത്, ഇന്നലെയും മിനിയാന്നും എവിടെയായിരുന്നെന്നാണ്. കഴിച്ച കൽദായ ഗുളിക ഫലിച്ചുവെന്നാണ് കൽദായവാദികളുടെയെല്ലാം വിചാരം.

പീലിയാനിക്കേസ് അങ്ങോട്ടു മൂത്താൽ മൂന്നര കോടി ജനങ്ങളുള്ള കേരളത്തിലെ ഒരു പൗരന് 150 കോടിയുടെ വീതമായി അവകാശപ്പെട്ട 50 രൂപാ വീതം തിരിച്ചു കൊടുത്തു പ്രശ്നം തീർക്കും. പക്ഷേ, വീതം ചോദിച്ചാരെങ്കിലും വന്നാൽ, എന്താ നടക്കുന്നതെന്നും പറയാം. കൗണ്ടറിൽ ഒരാൾ വന്നുവെന്നു സങ്കൽപ്പിക്കുക. 'നിനക്കെത്ര കിട്ടാനുണ്ട്?' കൗണ്ടർ. 'അമ്പത് രൂപാ!' അപേക്ഷകൻ. 'ഞങ്ങളെത്ര തരാനുണ്ട്?' കൗണ്ടർ. 'അമ്പതു രൂപാ.' അപേക്ഷകൻ. 'അമ്പതു രൂപാ നിങ്ങൾക്ക് കിട്ടാനുമുണ്ട് അമ്പതു രൂപാ ഞങ്ങൾ തരാനുമുണ്ട് - തീർന്നില്ലേ?' കൗണ്ടർ. സുബോധമുള്ളവരാരും സീറോ-മലബാർ വൈദികരോടു തർക്കിക്കാൻ പോവില്ല. എങ്ങനെ ഒരു കുട്ടിയുടെ ആദ്യകുർബാന വിലക്കാം, എങ്ങനെ ഒരു കല്യാണക്കുറി തടയാം, എങ്ങനെ വിശ്വാസിയെ പിഴിയാം, എങ്ങനെ അവനെ കുഴിച്ചിടാതിരിക്കാം - ഇതിലൊക്കെയാണവർ ഗവേഷണം നടത്തുന്നത്. ജനം പള്ളിക്കകത്തേക്കു കയറിത്തുടങ്ങി. നിവൃത്തിയില്ലാഞ്ഞിട്ടായിരിക്കണമല്ലോ, കപ്യാരും അറിയാതെ കത്തിയെടുത്തുപോയത്. എപ്പോഴും വക്കീൽനോട്ടീസുംകൊണ്ടു നടക്കാൻ എല്ലാർക്കും പറ്റിയെന്നിരിക്കില്ലല്ലൊ!

ളോഹയിട്ടു പട്ടവും സ്വീകരിച്ചുകഴിഞ്ഞാൽ ഏതോ മാസ്മരികലോകത്താണു 'സീറോ' വൈദികർ. അതുറപ്പാ! തലശ്ശേരിയിൽനിന്നൊരു വൈദികനെപ്പറ്റി മീഡിയായിൽ ഒരു വാർത്ത വന്നിരുന്നു. പോസ്റ്റ് ഇപ്രകാരമാണ്: "ഈ അച്ചൻ എന്റെ കുഞ്ഞിന്റെ ആദ്യകുർബാനസ്വീകരണം മുടക്കിയിരിക്കുകയാണ്. എന്റെ പേര് ——. വീട്ടു പേര് ——: ഞങ്ങൾ കുറച്ച് വർഷങ്ങൾക്ക് മുൻപ് ——— ഇടവകയിൽ നിന്നു കണ്ണൂർ ജില്ലയിലെ ----------- ഇടവകയിൽ ചേർന്നവരാണ്. എന്നാൽ ഞങ്ങളെ ഇടവകയിൽ ചേർത്ത അച്ചൻ ഒരു വർഷത്തിനു ശേഷം മാറി പുതിയ അച്ചൻ വന്നപ്പോൾ ഞങ്ങളുടെ ഇടവകാതിർത്തി മാറി എന്നു പറഞ്ഞ് മറെറാരു പള്ളിയിൽ പോകാൻ പ്രേരിപ്പിച്ചു. എന്നാൽ ഞങ്ങൾക്കതിനു താൽപര്യമില്ലായിരുന്നു. കാരണം, എന്റെ വീടിന് ഏറ്റവും അടുത്തുള്ളതും സൗകര്യപ്രദമായതുമായ പള്ളി ഞാൻ ചേർന്ന പള്ളിതന്നെയായിരുന്നു. അതിനുശേഷം അച്ചൻ ഞങ്ങളുടെ വിശ്വാസസംബന്ധമായ ഒരു കാര്യവും ചെയ്തുതരുന്നില്ല. തൊട്ടടുത്ത ക്രിസ്ത്യൻ വീട്ടുകാരോടും അച്ചൻ ഇങ്ങനെയാണ് ചെയ്തത്. അവർ കുടുംബസമേതം മറ്റൊരു വിശ്വാസത്തിലേക്ക് പോയി. ഞങ്ങൾ രൂപതയിൽ പരാതി ബോധിപ്പിച്ചെങ്കിലും അവർ അത് ചെവിക്കൊണ്ടില്ല. അവസാനം ഞാൻ തളിപ്പറമ്പ് മുൻസിഫ് കോടതി മുമ്പാകെ പരാതി നൽകുകയും അതുപ്രകാരം ഞങ്ങളുടെ വിശ്വാസസംബന്ധമായ കാര്യങ്ങൾക്ക് ഒരു തടസ്സവും പാടില്ല, അതായത് ഞങ്ങളുടെ വിശ്വാസപരമായ ഏതുകാര്യവും നടത്തിത്തരണമെന്നുള്ള ഉത്തരവ് കോടതി നടപ്പാക്കിയിരിക്കെയാണ് അച്ചൻ എന്റെ കുട്ടിയുടെ ആദ്യകുർബ്ബാനസ്വീകരണം മുടക്കിയിരിക്കുന്നത്. മതപഠനത്തിന് കുട്ടി പോയിക്കൊണ്ടിരുന്നുവെങ്കിലും ആദ്യകുർബാനക്ലാസ്സിൽ ചെന്നിരുന്ന കുട്ടിയെ അച്ചൻ പുറത്താക്കുകയായിരുന്നു. അത് ആ കുട്ടിയിൽ വളരെ വേദനയുളവാക്കിയതിനാലാണ് ഞാൻ ഈ പോസ്റ്റിടുന്നത്.'

ടെസ്റ്റ് ട്യുബ് ശിശുക്കളെപ്പറ്റി കേട്ടിട്ടില്ലേ? ആ വർഗത്തിൽപ്പെട്ടവർക്ക് ചിലപ്പോൾ അനുകമ്പയെന്ന വികാരം കാണണമെന്നില്ല. അവർക്കു കൃത്യമായ മാതാപിതാക്കന്മാരില്ലാത്തതുകൊണ്ട് നാണവും ഉണ്ടായിരിക്കണമെന്നില്ല. നമ്മുടെ സെമിനാരികൾ ടെസ്റ്റ് ട്യൂബ് അച്ചന്മാരെയായിരിക്കാം ഇപ്പോൾ പെറ്റുകൂട്ടുന്നത്!

●

അത് "ഈശോയ്ക്ക് ഇഷ്ടപ്പെട്ടിരിക്കുമോ" എന്ന സൗമ്യമായ ചോദ്യം ചോദിച്ചും, ഭരണങ്ങാനം ഇടവകസംരക്ഷണസമിതി നടത്തിവരുന്ന പ്രവർത്തനങ്ങൾ കേരളത്തിലെ എല്ലാ സഭകളിലെയും വിശ്വാസികൾ അറിയുകയും അനുകരിക്കുകയും ചെയ്യേണ്ടതാണ്. മിക്ക ഇടവകകളിലെയും സ്ഥാവരസ്വത്തുകൾ ഓരോരോ കാലത്ത് ഇടവകയിൽ നിയോഗിക്കപ്പെട്ടിരുന്ന കൈക്കാരന്മാരുടെ പേരിൽ എഴുതിയിട്ടുള്ളതാണെന്നും, കാലാകാലങ്ങളിൽ കൈക്കാരന്മാരെ തെരഞ്ഞെടുക്കുന്നതു നിയമസാധുതയില്ലാത്ത വിധത്തിലാണെന്നും ഒക്കെ ഈ പ്രവർത്തനങ്ങൾക്കിടയ്ക്ക് തങ്ങൾക്കു കണ്ടെത്താൻ കഴിഞ്ഞെന്ന് സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. പ്രിൻസ് വ്യക്തമാക്കി. അതിനാൽ നിലവിലുള്ള നിയമങ്ങളുപയോഗിച്ചുതന്നെ ചർച്ച് ആക്ട് കൊണ്ടുദ്ദേശിക്കുന്ന പല കാര്യങ്ങളും ഇടവകാംഗങ്ങൾക്ക് നേടിയെടുക്കാനാവും. അപ്പോൾ ചർച്ച് ആക്ട് സഭാധികാരികളുടെകൂടി ആവശ്യമായി മാറും.



കെ. ജോർജ് ജോസഫ്

തുടർന്ന് ശ്രീ. റോയി പിണക്കാട്ട് ഓരോ ഇടവകയിലും വസ്തുതകളുടെ അടിസ്ഥാനത്തിൽ നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കാൻ ഒരാളെങ്കിലും തയ്യാറുണ്ടെങ്കിൽ പ്രവർത്തനം വിജയിക്കുകതന്നെ ചെയ്യും എന്നു വ്യക്തമാക്കി. പാലാ രൂപതയിലെ കൂരിയാ അംഗങ്ങൾ പലവട്ടം ഒത്തുചേർന്ന് ശ്രീ. പ്രിൻസിനെ മണിക്കൂറുകളോളം ശ്രവിക്കാൻ തയ്യാറായെന്നും മെത്രാന്മാരും വികാരിയും ഒക്കെ ഇന്നും സൗഹൃദത്തോടെതന്നെ ഇടപെടുന്നുണ്ടെന്നും അനുരഞ്ജനമനോഭാവം പുലർത്തുന്നവരോട് നീതി നിഷേധിക്കാൻ ആത്യന്തികമായി ആർക്കും സാധിക്കില്ലെന്നും ശ്രീ. റോയി വിശദീകരിച്ചു.



പ്രൊഫ. പി.സി ദേവസ്യാ

ചർച്ചകളിൽ ഇടപെട്ട് പ്രൊഫ. പി.സി ദേവസ്യാ. ഡോ. എം.കെ. മാത്യു, പ്രൊഫ. ഫിലോമിനാ ജോസഫ്, ജോർജ് മൂലേച്ചാലിൽ, കെ. ജോർജ് ജോസഫ്, ആന്റോ മാങ്കൂട്ടം, ജയിംസ് സെബാസ്റ്റ്യൻ ചൊവ്വാറ്റുകുന്നേൽ, ജോഷി പോൾ മുതലായവർ സംസാരിച്ചു. തുടർന്ന് തിരുവനന്തപുരത്തു നടത്താനിരിക്കുന്ന സെക്രട്ടറിയേറ്റ് മാർച്ചും ധർണയും പരമാവധി ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തണമെന്നു യോഗം തീരുമാനിച്ചു.

ഉച്ചകഴിഞ്ഞ് 2 മണിക്ക് ശ്രീ. സി.വി. സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ സമാരംഭിച്ച ചർച്ചായോഗത്തിൽ ശ്രീ. ജോർജ് മൂലേച്ചാലിലിന്റെ സ്വാഗതപ്രസംഗവും അധ്യക്ഷന്റെ ഉപക്രമവും ശ്രീ. കെ. ജോർജ് ജോസഫ് അവതരിപ്പിച്ച AKCAAC -യുടെ പ്രവർത്തനപദ്ധതികളുടെ റിപ്പോർട്ടും ആയിരുന്നു, ആദ്യം. വൈകുന്നേരം 6 മണിയോടെ ശ്രീ. മാത്യു തറക്കുന്നേലിന്റെ കൃതജ്ഞതാപ്രസംഗത്തോടെ ചർച്ചാസമ്മേളനം അവസാനിച്ചു.

(റിപ്പോർട്ട് തയ്യാറാക്കിയത്: **ജോസാന്റണി**)



ഡോ. എം.കെ. മാത്യു



Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-05-2018

May 2018
**Sathyajwala**
Price Rs. 20.00

Registered: KL/KTM/133/2017-19
Licence No. KL/CR/KTM/WPP-08/2017-19
Licensed to Post Without Prepayment.

**KCRM പ്രോഗ്രാംറിപ്പോർട്ട്-പാലാ**

# KCRM-ന്റെ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു മുഹൂർത്തം!



*പ്രിൻസ് പോൾ മാടപ്പള്ളി*



*റവ. ഫാ. യൂഹാനോൻ റമ്പാൻ*



*റോയി ജേക്കബ് പിണക്കാട്ട്*

രണ്ടു കാരണങ്ങളാൽ സഭാനവീകരണത്തിനും ചർച്ച് ആക്ടിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പുതിയ ചില ഉൾക്കാഴ്ചകളും പ്രതീക്ഷകളും ഉയർത്തിയ ഒരു സുവർണമുഹൂർത്തമായിരുന്നു, 2018 ഏപ്രിൽ 28-ന് പാലായിൽ നടന്ന KCRM -ന്റെ ചർച്ചാസമ്മേളനം.

യാക്കോബായസഭാംഗങ്ങൾക്ക് നീതിലഭിക്കാൻ ചർച്ച് ആക്ടല്ലാതെ മറ്റൊരു മാർഗമില്ലെന്നു തിരിച്ചറിഞ്ഞ വൈദികനാണ് റവ. ഫാ. യൂഹാനോൻ റമ്പാൻ. ആ സഭയിൽ 'മലങ്കര ആക്ഷൻ കൗൺസിൽ ഫോർ ചർച്ച് ആക്ട് ഇംപ്ലിമെന്റേഷൻ' (MACCABI - മക്കാബി) എന്നൊരു പ്രസ്ഥാനത്തിനു രൂപംനല്കി, അതിന്റെ ഡയറക്ടറായി പ്രവർത്തിക്കുന്ന അദ്ദേഹം AKCAAC-യുമായി സഹകരിച്ചു പ്രവർത്തിക്കാമെന്ന് പ്രഖ്യാപിക്കാൻ യോഗത്തിൽ എത്തിയതായിരുന്നു, ഒന്നാമത്തെ കാരണം.

സുപ്രീംകോടതിയിൽനിന്നുണ്ടായിട്ടുള്ള ഒരു വിധിയുടെ ഫലമായി, ഇടവകാംഗങ്ങളിൽ ഭൂരിപക്ഷവും യാക്കോബായക്കാരാണെങ്കിലും പള്ളികളും പള്ളിസ്വത്തുകളും ഓർത്തഡോക്സ് സഭയ്ക്ക് വിട്ടുകൊടുക്കേണ്ട സാഹചര്യത്തെയാണ് യാക്കോബായസഭ ഇന്ന് നേരിടുന്നത്. തനിക്കു ബോധ്യം വന്നിട്ടുള്ള കാര്യം സഭാംഗങ്ങൾക്കു ബോധ്യപ്പെടുത്തിക്കൊടുക്കാൻ കഴിഞ്ഞാൽ ചർച്ച് ആക്ട് നടപ്പിലാക്കാൻ ആവശ്യപ്പെട്ട് തന്റെ സഭയിൽനിന്ന് ധാരാളം സാധാരണക്കാർ രംഗത്തുവരുമെന്ന കാര്യം ഉറപ്പാണെന്ന് അദ്ദേഹം പറഞ്ഞു. ബൈബിളധിഷ്ഠിതമായി സഭാസ്വത്തുക്കൾ ഭരിക്കാൻ അവസരംനല്കുന്ന ചർച്ച് ആക്ട് നടപ്പിലാക്കേണ്ടത് എല്ലാ സഭകളുടെയും ആവശ്യമാണ്, യൂഹാനോൻ റമ്പാൻ വ്യക്തമാക്കി.

രണ്ടാമത്തെ കാരണം, ഇടവകകളിൽ രണ്ടോ മൂന്നോ പേരെങ്കിലും പ്രവർത്തിക്കാനുണ്ടെങ്കിൽ അവർക്ക് ഏറ്റെടുക്കാവുന്ന നിയമാധിഷ്ഠിതവും ക്രൈസ്തവവുമായ ഒരു പ്രവർത്തനമാതൃക ഭരണങ്ങാനം ഇടവക സംരക്ഷണ സമിതി പ്രവർത്തകരായ ശ്രീ. പ്രിൻസ് പോൾ മാടപ്പള്ളിയും ശ്രീ. റോയി ജേക്കബ് പിണക്കാട്ടും അവതരിപ്പിച്ചതാണ്. വിരലിലെണ്ണാൻപോന്ന പ്രവർത്തകരേയുള്ളുവെങ്കിലും ശ്രദ്ധയോടും നിശ്ചയദാർഢ്യത്തോടുംകൂടി ഭരണങ്ങാനം ഇടവകയിലും പാലാ രൂപതയിലും തങ്ങൾ നടത്തിയ ഇടപെടലുകളെല്ലാംതന്നെ വിജയംകണ്ടു എന്ന് ' പാലാ രൂപതയിലെ സാമ്പത്തികക്രമക്കേടുകൾ' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് ശ്രീ പ്രിൻസ് പോൾ പറഞ്ഞു. വിവരാവകാശ നിയമപ്രകാരം ലഭിച്ച 4500-ലേറെ ഔദ്യോഗികരേഖകളുടെ അടിസ്ഥാനത്തിലായിരുന്നു കഴിഞ്ഞ ആറു വർഷത്തെ പ്രവർത്തനങ്ങൾ. 45-ലേറെ പരാതികൾ കൊടുത്തതിൽ 14 എണ്ണത്തിലും അനുകൂല തീർപ്പാക്കലുണ്ടായി. 30 പരാതികൾ വിജയപാതയുടെ അവസാനഘട്ടത്തിലാണെന്നും അദ്ദേഹം പറഞ്ഞു. വിജയിച്ചതിൽ, പാലാ ജൂബിലിത്തിരുനാളിനോടനുബന്ധിച്ച് കിലോമീറ്റർ കണക്കിന് നീളമുള്ള അലങ്കാരപ്പന്തലിന് മെയിൻ റോഡു കുഴിച്ച് വർഷംതോറും തൂണുകൾ നാട്ടുന്ന രീതി അവസാനിപ്പിച്ചതും, പാലാ ബൈബിൾ കൺവൻഷനുകളോടനുബന്ധിച്ച് ഉണ്ടായിരുന്ന അതിഘോരമായ ശബ്ദമലിനീകരണത്തിന് അറുതിവരുത്തിയതും, പള്ളിയുടെ വൈദ്യുതിവെട്ടിപ്പും ഭക്തസാധനങ്ങളുടെ വില്പനയിലെ വൻ നികുതിവെട്ടിപ്പും അവസാനിപ്പിച്ചതും ഉൾപ്പെടുന്നു. കേരളത്തിലെ വിവിധ പള്ളികളിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സിമിത്തേരികൾക്കെതിരായ നിയമപോരാട്ടം നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ പാലാ രൂപതയുടെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്ന ആശയത്തിനും ഫണ്ടുപിരിവിനും എതിരായും ഭരണങ്ങാനം ഇടവകസംരക്ഷണ സമിതി പ്രവർത്തിച്ചുവരുന്നു.

സഭാധികാരികൾ ചെയ്ത നിയമവിരുദ്ധമായ കാര്യങ്ങൾ, വിവരാവകാശമുപയോഗിച്ച് സമ്പാദിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, രൂപതാ കൂരിയായുടെ മുമ്പിൽ ചൂണ്ടിക്കാണിച്ചും

*(ശേഷം 43-ാം പേജിൽ....)*

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.